
# അൽഹഖ്

ഇഹ്സാൻ 1392 | റജബ് – ശഅ്ബാൻ 1434 | തുലാം – വൃശ്ചികം 1188

**VOL :21**
ISSUE: 11

**ALHAQ**
NOV 2013



ശ്രേഷ്ഠസമുദായത്തിന്റെ
അടയാളങ്ങൾ

◆

സേവനം ചെയ്യാനുള്ള
അവസരം മുതലെടുക്കുവിൻ!

◆

ദൈവാനുഗ്രഹം
കരസ്ഥമാക്കാനുള്ള മാർഗം

◆

ദീനീസേവനത്തിനായി
സമർപ്പിതരാകുക

◆

ഖുദ്ദാമുൽ അഹ്മദിയ്യ
നിങ്ങളുടെ സ്വന്തം മക്കൾ

◆

പാരിതോഷികങ്ങൾ
അല്ലാഹുവിന്

◆

അഹ്മദിയ്യത്തിന്റെ
സേവകരോട്

## അഹ്മദി യുവാക്കളേ, എഴുന്നേൽക്കുക !

അല്ലയോ അഹ്മദി യുവാക്കളെ എഴുന്നേൽക്കുക! വിനയത്തോടും എളിമയോടും ഗാംഭീര്യത്തോടും അന്തസ്സോടും കൂടി നിങ്ങൾ തല ഉയർത്തി മുന്നേറുക. അല്ലാഹുവിന്റെ സ്നേഹകരങ്ങൾ നിങ്ങളുടെ കരങ്ങളെ പുണരുവാനായി പ്രതീക്ഷിച്ചിരിക്കുകയാണ്. ലോകത്തിലെ സമൂഹങ്ങൾ അവരുടെ നേതാവും അദ്ധ്യാപകരും ആക്കുന്നതിനായി നിങ്ങളുടെ പ്രതീക്ഷയിലാണ്. നിങ്ങൾ രാത്രിയുടെ പുരോഹിതന്മാരാവുക. പകൽ മനുഷ്യകുലത്തെ സേവിക്കുന്ന മൈതാനങ്ങളിലെ സിംഹങ്ങളാകുക. അല്ലാഹു നിങ്ങളോടൊപ്പമുണ്ടായിരിക്കട്ടെ. അല്ലാഹു നിങ്ങളോടൊപ്പമുണ്ടായിരിക്കട്ടെ.

*(മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ 2004, വാർഷിക ഇജ്തിമയാക്കായി അയച്ച സന്ദേശം)*



**ഖുദ്ദാമുൽ അഹ്മദിയ്യാ സ്പെഷ്യൽ**


# ചരിത്രം

ഇഷ്


# അൽഫദ്ൽ .... നൂറ്റാണ്ടിന്റെ നിറവിൽ

**ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) 1913 ൽ ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) വിന്റെ അനുമതിയോടു കൂടി ആരംഭിച്ച പത്രമാണ് അൽഫദ്ൽ. ജമാഅത്തിലെ അംഗങ്ങളുടെ ഹൃദയങ്ങളെ ഉത്തേജിപ്പിക്കാനും അലസത ഇല്ലാതാക്കാനും ആത്മവിശ്വാസത്തെ ജാഗ്രത്താക്കാനും വേണ്ടിയാണ് അൽഫദ്ൽ പത്രം ആരംഭിച്ചതെന്ന് ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) വിശദീകരിച്ചിട്ടുണ്ട്.**

*(അൻവാറുൽ ഉലൂം ഭാഗം:8)*




ഹദ്റത്
മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)



ഹദ്റത്
മിർസാ താഹിർ അഹ്മദ് (റഹ്)

ഹദറത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ഒരു ദർശനത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ച പേരാണ് അൽഫദ്ൽ. ആദ്യകോപ്പി **1913 ജൂൺ 18** ബുധനാഴ്ചയാണ് ഇറങ്ങിയത്. ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് തന്നെയായിരുന്നു ആദ്യത്തെ എഡിറ്റർ. അദ്ദേഹം ഖലീഫയായതിനെത്തുടർന്ന് കുറച്ചു കാലം ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബായിരുന്നു പത്രാധിപർ. ഇപ്പോൾ റബ്‌വയിൽ നിന്നിറങ്ങുന്ന ഈ ദിനപത്രം ഈടുറ്റ പംക്തികളാൽ സമ്പന്നമാണ്.

***ഹദറത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) 1994*** മുതൽ അൽഫദ്ൽ ഇന്റർനാഷണൽ എന്ന പേരിൽ ലണ്ടനിൽ നിന്ന് ആഴ്ചപ്പതിപ്പും ആരംഭിച്ചിരിക്കുന്നു.



**മൗലാനാ അബ്ദുസമി ഖാൻ സാഹിബ്**
എഡിറ്റർ, അൽഫദ്ൽ റബ്‌വ



روزنامہ
الفضل
The ALFAZL Daily
web: http://www.alfazl.org
email: editor@alfazl.org
FR-10
آب بقا
ارشادات عالیہ حضرت بانی سلسلہ احمدیہ
حضور انور کا خطبہ جمعہ
ضرورت سول انجینئر
ضرورت انسپکٹر ان مال

### ഖാദിം അത്ഫാൽ സഹോദരങ്ങൾക്ക്

# ഹുസൂർ തിരുമനസ്സിന്റെ സന്ദേശം





*ഭാരത്തിലെ പ്രിയ ഖാദിം അത്ഫാലുകളേ!*

***ലണ്ടൻ** 20.8.13*

*അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു*

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന് ഈ വർഷവും വാർഷിക ഇജ്തിമ സംഘടിപ്പിക്കുവാനുള്ള അവസരം ലഭിച്ചിരിക്കുന്നു എന്നതിൽ അല്ലാഹുവിനെ സ്തുതിക്കുന്നു. ഈ അവസരത്തിൽ സന്ദേശം അയക്കുന്നതിനായി എന്നോട് അപേക്ഷിച്ചിരുന്നു. ഞാൻ നിങ്ങളെ ദുആയിലേക്ക് ശ്രദ്ധ ക്ഷണിക്കുവാനാണ് ഈ വേളയിൽ ആഗ്രഹിക്കുന്നത്.

ദുആ ആരാധനയുടെ കാതലും, സഫലതകളുടെ ചവിട്ടുപടിയും, എല്ലാ പ്രയാസങ്ങളിൽ നിന്നുമുള്ള രക്ഷയുടെ താക്കോലുമാകുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തിൽ ദൃഢജ്ഞാനവും വിശ്വാസവും നമുക്കുണ്ട്. എന്നാൽ മറ്റുള്ളവർ അതിൽ നിന്നും അജ്ഞരാണ്. ഇതാണ് മറ്റുള്ളവരിൽ നിന്നും നമുക്കുള്ള വ്യതിരിക്തത. ഹദ്റത് മസീഹ് മൗഊദ് (അ)ൽ വിശ്വസിച്ചതിന്റെ അനുഗ്രഹമായിട്ടാണ് ഈ സമ്പത്ത് നമുക്ക് ലഭിച്ചത് എന്നതിനാൽ നാം ഭാഗ്യവാന്മാരാണ്. അതിനാൽ ആരംഭപ്രായത്തിൽ തന്നെ ദുആയുടെ ശീലം വളർത്തിയെടുക്കുക. നമ്മുടെ വലുതും ചെറുതുമായ എല്ലാ ആവശ്യങ്ങളും അല്ലാഹുവിന്റെ മുന്നിൽ സമർപിക്കുക. ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു:-

"നിസ്സാരവും ഉന്നതവുമായ എല്ലാ ആവശ്യങ്ങളും അല്ലാഹുവിനോട് ചോദിക്കുക. യഥാർഥ ദാതാവ് അവൻ തന്നെയാകുന്നു. യഥാർഥ സത്കർമി ധാരാളം ദുആ ചെയ്യുന്നയാളാകുന്നു. കാരണം, ഏതെങ്കിലും ലുബ്ധന്റെ വാതിക്കൽ ചെന്ന് നിത്യവും യാചിക്കുകയാണെങ്കിൽ അവസാനം ഒരു ദിവസം അയാൾക്കും ലജ്ജ തോന്നുക തന്നെ ചെയ്യുന്നതാണ്. അപ്പോൾ നിസ്തുല്യകാരുണ്യവാനായ അല്ലാഹുവിനോട് യാചിക്കുന്നവർക്ക് എന്ത് കൊണ്ട് ലഭിക്കില്ല? ചുരുക്കത്തിൽ, യാചിക്കുന്നവന് എന്നെങ്കിലും തീർച്ചയായും ലഭിക്കുന്നതാണ്."

*(തഫ്സീർ ഹദ്റത് മസീഹ് മൗഊദ് (അ), വാല്യം 4, പേജ് 69)*

വീണ്ടും ഹുസൂർ (അ) പറയുന്നു:-

**"ദൈവത്തിന്റെ തേജസ് കാണണമെന്നുള്ളവർ ദുആ ചെയ്യട്ടെ."**

*(തഫ്സീർ ഹദ്റത് മസീഹ് മൗഊദ് (അ), വാല്യം 4, പേജ് 69)*

അതിനാൽ ഇജ്തിമായുടെ ദിനങ്ങളിലും തുടർന്നും ധാരാളമായി ദുആ ചെയ്യുക. ഇസ്‌ലാമിന്റെ വിജയത്തിനായി ദുആ ചെയ്യുക. ലോകത്ത് സമാധാന സംസ്ഥാപനത്തിനായി ദുആ ചെയ്യുക. ലോകം മുഴുവനുമുള്ള അഹ്മദികൾക്കായി ദുആ ചെയ്യുക. തന്റെ മതപരവും ഭൗതികവുമായ വിജയത്തിനും സാഫല്യത്തിനും ആത്മീയ പരിഷ്കരണത്തിനും പുരോഗതിക്കും വേണ്ടിയും ദുആ ചെയ്യുക. ദുആ തന്നെയാണ് നമ്മുടെ ആയുധം എന്നതാണ് യാഥാർഥ്യം. അതു മുഖേനയാണ് ജമാഅത്തെന്ന നിലയിൽ നാം പുരോഗതി പ്രാപിക്കുക. അതിലൂടെ തന്നെയാണ് നമ്മുടെ വ്യക്തിപരമായ കാര്യങ്ങൾ സത്പരിണാമത്തിലേക്ക് എത്തുന്നത്. അല്ലാഹു നിങ്ങൾക്കതിനുള്ള അവസരം നൽകുമാറാകട്ടെ. നിങ്ങളുടെ ഇജ്തിമ എല്ലാ നിലയിലും അനുഗൃഹീതമാകട്ടെ. എല്ലാ സംഘാടകർക്കും പ്രവർത്തകർക്കും ഏറ്റവും ഉത്തമമായ പ്രതിഫലം നൽകുമാറാകട്ടെ. ***ആമീൻ***

വസ്സലാം
വിനീതൻ

ഖലീഫത്തുൽ മസീഹ് അൽഖാമിസ്



## ഖാദിം അത്ഫാൽ സഹോദരങ്ങൾക്ക്
# സദർ സാഹിബിന്റെ സന്ദേശം

*പ്രിയ ഖാദിം അത്ഫാലുകളേ!*
*അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ്*

*മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കേരളത്തിന്റെ മാസിക അൽഹഖിന്റെ പ്ലാറ്റിനം ജൂബിലി പതിപ്പായ നവംബർ 2013 ലക്കത്തിലേക്ക് സന്ദേശം നൽകുന്നതിനായി വിനീതനോട് അപേക്ഷിച്ചിരുന്നു. അല്ലാഹു ഈ ലക്കത്തെ എല്ലാ നിലയിലും അനുഗൃഹീതമാക്കട്ടെ. ഈ അനുഗൃഹീത വേളയിൽ വിനീതന്റെ സന്ദേശം ഇതാകുന്നു:*

പ്രിയ ഖാദിം സഹോദരൻമാരേ! യഥാർഥ ഖിലാഫത്തിന്റെ അനുഗ്രഹം നൽകി അനുഗ്രഹിച്ചിരിക്കുന്നു എന്നത് അല്ലാഹു നമ്മുടെ മേൽ ചെയ്തിട്ടുള്ള അപാരമായ കാരുണ്യമാണ്. തത്ഫലമായി നാം ഇന്ന് ആത്മീയ ഖലീഫയുടെ നേതൃത്വത്തിൽ ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും ആത്മീയ യാത്രാസംഘത്തിൽ പങ്കാളികളാണ്. ഈ വർഷം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ സംസ്ഥാപനത്തിൽ 75 വർഷം പൂർത്തിയായ അവസരത്തിൽ ഹുസൂർ തിരുമനസ്സിന്റെ അനുമതിയോടു കൂടി പ്ലാറ്റിനം ജൂബിലി പരിപാടികൾ നടത്തുന്നതിനുള്ള സൗഭാഗ്യം കരസ്ഥമാക്കിയിരിക്കുന്നു എന്നതും നമ്മുടെ മേലുള്ള ഖിലാഫത്തിന്റെ അനുഗ്രഹം തന്നെയാകുന്നു. നിങ്ങൾക്കേവർക്കും തന്നെ പ്ലാറ്റിനം ജൂബിലിയുടെ വിവിധങ്ങളായ ആത്മീയ, വിജ്ഞാന, ശാരീരിക പരിപാടികളിൽ ഭാഗഭാക്കാകാനുള്ള അവസരവും ലഭിച്ചിരിക്കുന്നു. ഈ അവസരത്തിൽ എല്ലാ ഖാദിം അത്ഫാലുകളോടുമുള്ള വിനീതന്റെ അപേക്ഷ, നമ്മുടെ ഈ എല്ലാ സവിശേഷ കാര്യക്രമങ്ങളും കേവലം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായിട്ടാണ് നടത്തപ്പെടുന്നത് എന്നാണ്. പ്ലാറ്റിനം ജൂബിലി പരിപാടികളിൽ പങ്കെടുക്കുന്നതിനായി ഏതൊരു ആവേശത്തോടും ഉത്സാഹത്തോടും കൂടിയാണോ നാം സമയവും ധനവും സമർപ്പിക്കാൻ സന്നദ്ധരായത്, ആ വികാരങ്ങളെ തണുക്കാൻ അനുവദിക്കരുത്. പ്രത്യുത, ഇനി ഒരു പുതിയ ആവേശത്തോടും താൽപര്യത്തോടും കൂടി മജ്‌ലിസിന്റെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടു പോകുന്നതിനായി പരിശ്രമിക്കേണ്ടതാണ്.


ജമാഅത്തിലെ യുവാക്കളിലും കുട്ടികളിലും യഥാർഥ ഖിലാഫത്തിനോടുള്ള ആത്മാർഥ സ്നേഹത്തിന്റെയും കൂറിന്റെയും ബന്ധം ഉണ്ടാക്കിയെടുക്കുക എന്നത് തന്നെയാണ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്ഥാപന ലക്ഷ്യം. ഓരോ യുവാവും തന്റെ ദീനീപരവും ധാർമികവുമായ സമുദ്ധാരണത്തിലേക്ക് ശ്രദ്ധിക്കുന്നതു വരെ ഇത് സാധ്യവുമല്ല. കാരണം, സമൂഹത്തിന്റെ സമുദ്ധാരണം യുവാക്കളുടെ സമുദ്ധാരണത്തിലൂടെയല്ലാതെ സാധ്യമല്ല. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഗമനം മുന്നോട്ട് തന്നെ അഭിവൃദ്ധിപ്പെടുന്നതിനായി ഇന്ത്യയിലുള്ള മുഴുവൻ ഖാദിമുകൾക്കും അത്ഫാലുകൾക്കും അല്ലാഹു ആത്മീയ പുരോഗതി നൽകി അനുഗ്രഹിക്കട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു.

വസ്സലാം
വിനീതൻ
6/11/13
സദർ ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത്

തഫ്സീർ

ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)





كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ (3 : 111)

# ശ്രേഷ്ഠസമുദായത്തിന്റെ അടയാളങ്ങൾ

ഇബ്റാഹീമിന്റെ പ്രവചനവും വാഗ്ദാനവും അനുസരിച്ച് മുഹമ്മദീസമൂഹം മനുഷ്യകുലത്തിന്റെ ഗുണത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതാണ് യഥാർഥത്തിൽ ഈ ആയത്തിലൂടെ പ്രഖ്യാപിക്കുന്നത്. അവർ മുഴുവൻ മനുഷ്യകുലത്തിനു വേണ്ടിയുള്ള സമുദായമാക്കപ്പെട്ടിരിക്കുന്നു. മുഴുവൻ മനുഷ്യകുലത്തിന്റെയും നന്മയ്ക്കായിട്ടാണ് അവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇത് ഏറ്റവും ഉത്തമസമുദായമാകുന്നു എന്നതാണ് അതിന് തെളിവായി പരാമർശിച്ചത്. അതിൽ നിന്നും ഈ സമുദായം മുഴുവൻ ലോകത്തിന്റെയും നന്മയ്ക്കായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന് സ്ഥാപിതമാകുന്നു.

പ്രസ്തുത തെളിവ് എപ്രകാരമാണെന്ന് നമുക്ക് നോക്കാം. ലോകത്തുള്ള സകല മതനിയമസംഹിതകളെയും വിശകലനം ചെയ്താൽ അവയെല്ലാം തന്നെ ഏതൊരു സമുദായത്തിനു വേണ്ടിയിട്ടാണോ ഇറക്കപ്പെട്ടത് അവരുടെ കഴിവുകൾക്കും പ്രാപ്തിക്കും അനുഗുണമായിട്ടായിരിക്കും ഇറക്കപ്പെട്ടത് എന്ന് കാണുന്നതാണ്. ഹദ്റത് നൂഹ്(അ)ന്റെ സമുദായത്തിനായി ഇറക്കപ്പെട്ട മതനിയമസംഹിതയിൽ നിന്നും നമുക്ക് ഹദ്റത് നൂഹ്(അ) ന്റെ സമുദായത്തിന്റെ ആത്മീയ കഴിവുകളെയും യോഗ്യതകളെയും സംബന്ധിച്ചുള്ള അറിവ് ലഭിക്കുന്നു. ഹദ്റത് മൂസാ(അ) ന് ഇറങ്ങിയ ശരീഅത്തിൽ നിന്നും ഹദ്റത് മൂസാ (അ)ന്റെ സമുദായമായ ബനൂഇസ്റാഈലിന്റെ ആത്മീയ കഴിവുകളെയും യോഗ്യതകളെയും സംബന്ധിച്ചുള്ള അറിവുകൾ ലഭിക്കുന്നതാണ്. മറ്റുള്ള എല്ലാ പ്രവാചകന്മാരുടെ സമുദായങ്ങളുടെ അവസ്ഥയും ഇതു തന്നെയാകുന്നു. ചുരുക്കത്തിൽ അല്ലാഹുവിൽ നിന്ന് ഒരു സമുദായത്തിനായി മതനിയമസംഹിത ഇറങ്ങുമ്പോൾ അത് ആ സമുദായത്തിന്റെ ആത്മീയ കഴിവുകളെയും യോഗ്യതകളെയും പരിഗണിച്ച് കൊണ്ടുള്ളതായിരിക്കും. കാരണം അല്ലാഹു ഏതെങ്കിലും വ്യക്തിക്കോ അല്ലെങ്കിൽ സമുദായത്തിനോ അവർക്ക് വഹിക്കാൻ കഴിയാത്ത ഭാരം നൽകുന്നതല്ല. വിശുദ്ധഖുർആനാകുന്ന മതനിയമസംഹിത മുൻ കഴിഞ്ഞവയെക്കാൾ പരിപൂർണവും സമഗ്രവും തികവുറ്റതുമാണെന്നതാണ് വളരെ സ്പഷ്ടമായ രണ്ടാമത്തെ യാഥാർഥ്യം. നിങ്ങൾ മുൻ ശരീഅത്തുകളിലെ കല്പനകളിലേക്ക് നോക്കുകയാണെങ്കിൽ വിശുദ്ധഖുർആനിൽ 600,700 ലധികം കല്പനകൾ ഈ സമുദായത്തിനായി കൂടുതലുണ്ടെന്ന് ബോധ്യമാകുന്നതാണ്. എന്നാൽ ഇതിന് വിപരീതമായി ഹദ്റത് മൂസാ (അ) ന് ഏതാനും കല്പനകൾ മാത്രമാണ് നൽകപ്പെട്ടത്. കൂടാതെ മുൻ വേദഗ്രന്ഥങ്ങളിൽ കാണപ്പെടാത്ത നൂറ് കണക്കിന് കല്പനകൾ വേറെയും കാണുന്നതാണ്. അതിൽ നിന്നും മുൻ ശരീഅത്തുകളുടെ കല്പനകൾ പരിമിതമായിരുന്നു എന്നും മനസ്സിലാകുന്നതാണ്. കാരണം പ്രസ്തുത സമുദായങ്ങളുടെ കഴിവുകളും പരിമിതമായിരുന്നു. വിശുദ്ധഖുർആൻ ഇറങ്ങിയ നാളിൽ മനുഷ്യ സമുദായം പരിപൂർണ ആത്മീയ കഴിവുകൾ കരസ്ഥമാക്കിയിരുന്നു എന്ന് വിശുദ്ധഖുർആൻ പരിപൂർണവും തികവുറ്റതും ആണെന്നത് സ്ഥാപിക്കുന്നത്. അല്ലായിരുന്നുവെങ്കിൽ അവരിലേക്ക് വിശുദ്ധഖുർആൻ ഇറങ്ങില്ലായിരുന്നു.

ചുരുക്കത്തിൽ വിശുദ്ധഖുർആന്റെ ശ്രേഷ്ഠത ഈ സമുദായത്തിന്റെ കഴിവുകളുടെ ശ്രേഷ്ഠതയ്ക്ക് സാക്ഷിയാണ്. വിശുദ്ധഖുർആന്റെ അഭിസംബോധകർ മുൻ സമുദായങ്ങളേക്കാൾ കഴിവുകളിൽ ഉന്നതരാണ് എന്നതാണ് വിശുദ്ധ ഖുർആന്റെ ശ്രേഷ്ഠതകളിൽ നിന്നും, അതിന്റെ വിപുലതയിൽ നിന്നും, അതിന്റെ പ്രൗഢിയിൽ നിന്നും നമുക്ക് ഗ്രഹിക്കാൻ സാധിക്കുന്നത്. അല്ലായിരുന്നുവെങ്കിൽ വിശുദ്ധ ഖുർആൻ കരസ്ഥമാക്കുന്നതിന് അർഹരാകുമായിരുന്നില്ല. അതായത്, വിശുദ്ധഖുർആന്റെ അഭിസംബോധകർ തങ്ങളുടെ കഴിവുകളിലും പ്രാപ്തിയിലും മുൻ സമുദായങ്ങളേക്കാൾ ശ്രേഷ്ഠരും, ഉന്നതരും ആകുന്നു. പിന്നീട് ഈ കഴിവുകളും പ്രാപ്തികളും ഖുർആനിക അധ്യാപനങ്ങളുടെ ശിക്ഷണത്തിൻ കീഴിൽ വരുമ്പോൾ പരിശുദ്ധാത്മാവ് മുഖേനയും, നബി(സ) യുടെ പരിശുദ്ധ കഴിവുകളുടെ പരിണത ഫലമായിക്കൊണ്ടും, നബി(സ) യെ പിൻപറ്റുന്നതിന്റെ അനുഗ്രഹഫലമായിക്കൊണ്ടും മുൻ പ്രവാചകന്മാരുടെ ആത്മീയ സന്താനങ്ങളെക്കാൾ എല്ലാ നിലയിലും പരിപൂർണവും തികവു റ്റതുമായ ആത്മീയ വ്യക്തിത്വങ്ങൾ ഉടലെടുത്തു.

ഈ ഉത്തമസമുദായം ഉടലെടുക്കാത്തതുവരെ, ഒരു മുൻസമുദായത്തിനും അതിനെതിരിൽ നിലനില്പില്ലാത്തതുവരെ ഈ സമുദായത്തിന് മുന്നോട്ട് ഗമിക്കാൻ സാധിക്കുന്നതല്ല. ഇനി ഈ സമുദായത്തെ മുൻകടക്കുന്ന മറ്റൊരു സമുദായം ഭാവിയിൽ ഉണ്ടാകുന്നതുമല്ല. അതായത്, ഈ സമുദായം തന്റെ ഔന്നിത്യവും ശ്രേഷ്ഠതകളും കരസ്ഥമാക്കുമ്പോഴാണ് ജനങ്ങളുടെ നന്മയ്ക്കായി എന്ന വാഗ്ദാനം പൂർത്തിയാകുന്നത്. കാരണം, അപര്യാപ്തമായ ശരീഅത്തിന്റെ ഫലമായി അപര്യാപ്തമായ ശിക്ഷണത്താൽ അത് മുഴുവൻ ലോകത്തിനും ഗുണകാരിയാകുമെന്ന് പ്രതീക്ഷിക്കാൻ സാധ്യമല്ല.

ചുരുക്കത്തിൽ, നന്മ കരസ്ഥമാക്കുന്നതിൽ ഒരു സമുദായത്തിനും തന്നെ ഇന്ന് വരെ മുസ്ലിം സമുദായത്തിനോട് മൽസരിക്കാൻ സാധിച്ചിട്ടില്ല. മാത്രമല്ല, അന്ത്യനാൾ വരെ മുസ്ലിം സമുദായത്തോട് കിട പിടിക്കാൻ സാധിക്കുന്ന ഒരു സമുദായവും ഉടലെടുക്കുന്നതല്ല. **കുൻതും ഖയ്റ ഉമ്മത്തിൻ ഉഖ്രിജത് ലിന്നാസ്** എന്ന് പറഞ്ഞതിൽ അതേ ഇബ്റാഹീമി വാഗ്ദാനമനുസരിച്ചാണ് അല്ലാഹു നിങ്ങളെ മുഴുവൻ മനുഷ്യകുലത്തിനുമായി സൃഷ്ടിച്ചിട്ടുള്ളത്. മുഴുവൻ ലോകവും നിങ്ങളിൽ നിന്ന് ഉപകാരങ്ങൾ കരസ്ഥമാക്കുന്നതാണ്. നിങ്ങളിൽ നിന്ന് അനുഗ്രഹങ്ങൾ നേടുന്നതാണ്. അതിന്റ തെളിവ് നിങ്ങൾ ഉത്തമസമുദായമാണെന്നതാണ്. രണ്ട് നിലയിലും – അതായത് കഴിവുകളുടെ അടിസ്ഥാനത്തിലും നബി (സ)യുടെ ഉത്തമസ്വഭാവത്തേയും ധാർമിക ഗുണത്തേയും സ്വായത്തമാക്കിക്കൊണ്ടുള്ള ശിക്ഷണത്തിന്റെ അടിസ്ഥാനത്തിലും – നിങ്ങൾക്കു മാത്രമേ മുഴുവൻ ലോകത്തിനും ഉപകാരപ്രദമാകുന്ന സമുദായമാകാൻ സാധിക്കുകയുള്ളൂ.

ചുരുക്കത്തിൽ, നിങ്ങൾ ഉത്തമസമുദായമാണ് എന്നതും നിങ്ങളുടെ കഴിവുകൾ പൂർണത പ്രാപിച്ചിരിക്കുന്നു എന്നതും പിന്നീട് ആ കഴിവുകളുടെ ശിക്ഷണം പരിപൂർണതയിലെത്തിയിരിക്കുന്നു എന്നതും തെളിയിക്കുന്നത് കഅബയെ സംബന്ധിച്ച് **വുളിഅ ലിന്നാസി** അതായത്, മുഴുവൻ ലോകത്തിന്റെ പ്രയോജനത്തിനും പുരോഗതിക്കും വേണ്ടിയാണ് സ്ഥാപിക്കുന്നത് എന്ന വാഗ്ദാനം പൂർത്തിയായിക്കഴിഞ്ഞു എന്നാണ്.

മുഴുവൻ മാനവസമുദായത്തെയും സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും സ്ഥാനത്ത് പ്രതിഷ്ഠിക്കുകയും യാതൊരു വ്യതിരിക്തതയും വെച്ചു പുലർത്താതിരിക്കുകയും ചെയ്യുമ്പോൾ മാത്രമേ മുഴുവൻ മനുഷ്യകുലത്തിന് ഉപകാരിയായിത്തീരാൻ മനുഷ്യന് സാധിക്കുകയുള്ളൂ എന്നതും ഓർക്കേണ്ടതാണ്. അതിനാൽ, മനുഷ്യന്റെ മഹിമയെയും ആദരവിനേയും സ്ഥാപിക്കുന്ന എല്ലാ കാര്യങ്ങളും തന്നെ മുസ്ലിം സമുദായത്തിന്റെ മതനിയമസംഹിതയിൽ ഖുർആനിലോ നബി (സ)യുടെ ഉത്തമമാതൃകയിലോ അല്ലെങ്കിൽ ഹദീസുകളിലോ കാണപ്പെടുന്നതാണ്. ഇസ്ലാം മനുഷ്യന്റെ പരസ്പരമുള്ള എല്ലാ വ്യതിരിക്തതയെയും ഭിന്നതയെയും നിർമാർജനം ചെയ്തിരിക്കുന്നു. അങ്ങനെ മനുഷ്യന്റെ ആദരവും ബഹുമാനവും നിലനിർത്തിയിരിക്കുന്നു.

(ഖുത്വുബ ജുമുഅ: 21.04.67)

സമ്പാ: ഇബ്നു അശ്റഫ്




# ഖുറൈശികളുടെ കിംവദന്തി

മുഹാജിരീങ്ങൾ അബിസീനിയയിലെത്തി അധിക കാലം കഴിയുന്നതിന് മുമ്പേ ഖുറൈശികളെല്ലാം ഇസ്ലാം മതം സ്വീകരിച്ചുവെന്നും മക്കയിൽ പൂർണ്ണമായും സമാധാന അന്തരീക്ഷമാണുള്ളത് എന്നുമുള്ള കിംവദന്തി പരന്നു. തത്ഫലമായി പല മുഹാജിറുകളും മുന്നും പിന്നും നോക്കാതെ നേരെ മക്കയിലേക്ക് തിരിച്ചുപോയി. ആ വാർത്ത തെറ്റായിരുന്നുവെന്ന് പിന്നീട് മക്കയുടെ സമീപത്തെത്തിയപ്പോഴാണ് അവർക്ക് മനസ്സിലായത്. ഒരു പാട് പ്രയാസങ്ങൾ അവർക്ക് നേരിടേണ്ടി വന്നു. ഒടുവിൽ അവരിൽ ചിലർ വഴിയേ തിരിച്ചു പോവുകയും മറ്റു ചിലർ സ്വാധീനമുള്ള വ്യക്തികളുടെ സംരക്ഷണത്തിൽ മക്കയിലേക്ക് തിരിച്ചു വരുകയും ചെയ്തു. നുബുവ്വത്തിന്റെ അഞ്ചാം വർഷം ശവ്വാൽ മാസത്തിലാണ് ഈ സംഭവം നടന്നത്. അതായത്, ഹിജ്റത്തിനും അവരുടെ മടക്കത്തിനുമിടയിൽ രണ്ടര മൂന്നുമാസത്തെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ. കാരണം, മുമ്പുവിവരിച്ചതു പോലെ, റജബ് മാസത്തിലായിരുന്നു മുസ്ലീംകൾ അബിസീനിയിലേക്ക് ഹിജ്റ പോയത്. ശവ്വാൽ മാസത്തിൽ അവർ മടങ്ങിയെന്നാണ് പറയപ്പെടുന്നത്.

വ്യാജവും അടിസ്ഥാനരഹിതവുമായ കിംവദന്തിയായിരുന്നു അത്. അബിസീനിയയിലെ മുഹാജിറുകളെ തിരിച്ചു കൊണ്ടുവരാനും അവരെ ദ്രോഹിക്കുന്നതിനും വേണ്ടിയായിരുന്നു അത് പ്രചരിപ്പിച്ചത്. മറിച്ച്, ഒന്നുകൂടി സൂക്ഷ്മായി വീക്ഷിച്ചാൽ ഈ കിംവദന്തിയും മുഹാജിറുകളുടെ തിരിച്ചുപോക്കു സംഭവങ്ങളുമെല്ലാം തന്നെ അടിസ്ഥാനരഹിതങ്ങളായാണ് കാണാൻ സാധിക്കുന്നത്. ഇനി അതിനെ ശരിയായി എടുത്താൽ തന്നെയും ചില ഹദീസുകളിൽ പരാമർശിച്ച സംഭവങ്ങൾ ഇതിനു പിന്നിൽ ഒളിഞ്ഞു കിടക്കുന്നുണ്ടാവാം. ബുഖാരിയിൽ വിവരിക്കുന്നത് പോലെ, ഒരിക്കൽ നബി(സ) കഅ്ബയുടെ അങ്കണത്തിൽ സൂറ: നജമിലെ വചനങ്ങൾ പാരായണം ചെയ്യുകയായിരുന്നു. ആ സമയത്ത് അവിശ്വാസികളുടെ നേതാക്കളും ചില മുസ്ലിംകളും അവിടെ ഉണ്ടായിരുന്നു. തിരുമേനി സൂറത്ത് ഓതി തീർത്ത ശേഷം സുജൂദ് ചെയ്യുകയും തിരുമേനിയോടൊപ്പം മുസ്ലിംകളും അവിശ്വാസികളും സുജൂദിൽ പങ്കു ചേരുകയും ചെയ്തു. അവിശ്വാസികൾ സുജൂദ് ചെയ്യാനുള്ള കാരണം ഹദീസുകളിൽ വിവരിച്ചിട്ടില്ല. നബി(സ) യുടെ ശബ്ദത്തിന്റെ പ്രഭാവം കാരണത്താൽ ഖുറൈശികളും മുസ്ലിംകളോടൊപ്പം സുജൂദ് ചെയ്തിരിക്കാം. തിരുമേനി ഓതിയ ആയത്തുകൾ പ്രത്യേകിച്ചും അല്ലാഹുവിന്റെ ഏകത്വത്തെയും അവന്റെ ശക്തി മഹാത്മ്യത്തെയും ഹൃദയഹാരിയായി ചിത്രീകരിക്കുന്നതും അവന്റെ ഔദാര്യങ്ങളെ ഓർമ്മപ്പെടുത്തി ക്കൊണ്ട് ഉജ്ജ്വലവും സംഭ്രമജനകവുമായ ഭാഷയിൽ മുന്നറിയിപ്പ് നൽകുന്നതുമായിരുന്നു. അതായത്, അവർ തങ്ങളുടെ കുചെയ്തികളിൽ നിന്ന് പിന്തിരിയുന്നില്ലെങ്കിൽ അവരുടെ അവസ്ഥ അവർക്കു മുമ്പ് ദൈവദൂതന്മാരെ കളവാക്കിയവരുടേതിൽ നിന്നും ഭിന്നമായിരിക്കില്ല. അവസാനം ആ വചനങ്ങളിൽ അല്ലാഹുവിലേക്ക് ഖുറൈശികളെ ക്ഷണിക്കുകയും അവനു മുമ്പാകെ സുജൂദു ചെയ്യാൻ കൽപിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ആ വചനങ്ങൾ കേട്ട ശേഷം ഖുറൈശികൾ സുജൂദ് ചെയ്തെങ്കിൽ അതിൽ അദ്ഭുതപ്പെടാനൊന്നും തന്നെയില്ല. കാരണം,ചില സന്ദർഭങ്ങളിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള അവസ്ഥകളാൽ മനുഷ്യഹൃദയം പ്രഭാവിതരായെന്നും വരാം. ആ സന്ദർഭങ്ങളിൽ അവരറിയാതെ തങ്ങളുടെ മതവിശ്വാസങ്ങൾക്കെതിരായി നീങ്ങുന്നു. അവിചാരിതമായി കെടുതിയിൽപ്പെടുന്ന നിരീശ്വരവാദി പോലും ചിലപ്പോൾ ദൈവമേ! എന്ന് വിളിച്ചുപോകുന്നതായി നാം കണ്ടിട്ടുണ്ട്. ഖുറൈശികളാണെങ്കിൽ നിരീശ്വരവാദികളായിരുന്നില്ല.അവർ ഈശ്വരന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവരായിരുന്നു. ആയതിനാൽ ഉജ്ജ്വലവും സംഭ്രമജനകവുമായ വചനങ്ങൾ കേട്ട മാത്രയിൽ മുസ്ലീംകൾ സുജൂദിൽ വീണപ്പോൾ അതിന്റെ സ്വാധീന ശക്തിയാൽ ഖുറൈശികളും സുജൂദ് ചെയ്യുകയാണുണ്ടായത്. ഇത്തരത്തിലുള്ള സ്വാധീനം അധികം നില നിൽക്കാറില്ലെന്നതാണ് വാസ്തവം. പിന്നീട് മനുഷ്യൻ സ്വയം തന്നെ പഴയ അവസ്ഥയിലേക്ക് തിരിച്ചു വരും.ഇവിടെയും സംഭവിച്ചത് മറ്റൊന്നല്ല. ഖുറൈശികൾ സുജൂദിൽ നിന്നെഴുന്നേറ്റ് പഴയ പോലെ ബിംബാരാധനയിൽ മുഴുകുകയാണുണ്ടായത്.




ഹദ്റത്ത് ഖലീഫത്തുൽ സാനി (റ)



# അസ്സ്വബിയ്യു സ്വബിയ്യുൻ വലൗ കാന നബിയ്യൻ

മനുഷ്യന്റെ ആരോഗ്യം ബുദ്ധിയിൽ വളരെ സ്വാധീനം ചെലുത്തുന്നുണ്ട്. ദീനിന്റെ ഭാഗമല്ലാത്ത, മനുഷ്യന്റെ ആരോഗ്യവുമായി ബന്ധപ്പെട്ട ആയിരക്കണക്കിന് കാര്യങ്ങൾ ലോകത്തുണ്ട്. ബുദ്ധി മാത്രം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ മനുഷ്യന് കട്ടിലിൽ കിടന്ന് കൊണ്ട് തന്നെ നിർവഹിക്കാൻ സാധിക്കും എന്നുള്ളത് സംശയരഹിതമാണ്. എന്നാൽ ചില ആരോഗ്യപ്രശനങ്ങൾ ബുദ്ധിയെയും ബാധിക്കുന്നു. എല്ലാവരുടെയും ബുദ്ധി, രോഗാവസ്ഥയിലും പ്രവർത്തിക്കാറില്ല......

വാസ്തവത്തിൽ യഥാർഥ ആരോഗ്യം ശാരീരികാവയവങ്ങളുടെ രോഗങ്ങളെക്കാൾ അതിന്റെ ആന്തരിക ശക്തികളുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. മനുഷ്യശരീരത്തിന്റെ ശക്തികൾ രണ്ട് തരത്തിലാണുള്ളത്. ഒന്ന്, ശാരീരികാവയവങ്ങളുടെ പ്രത്യക്ഷ രോഗങ്ങൾ. മറ്റൊന്ന്, ശരീരത്തിന്റെ സഹനശക്തി അഥവാ യഥാർഥ ആരോഗ്യം.

ചിലപ്പോഴൊക്കെ ഈ സഹനശക്തി പ്രകൃതിദത്തമായി വളരെ സുദൃഢമാകുന്നു. തത്ഫലമായി പ്രത്യക്ഷ രോഗമുള്ളപ്പോഴും മനുഷ്യൻ തളരില്ല. അത്തരം അവസരങ്ങളിൽ മനുഷ്യബുദ്ധി ഏതവസ്ഥയിലും പ്രവർത്തിക്കുന്നു.

എന്നാൽ ചില അവസരങ്ങളിൽ സഹന ശക്തി ദുർബലമാകുകയും പ്രത്യക്ഷരോഗം ബാധിക്കുകയും ചെയ്യുന്നു. അത്തരം ആളുകൾ രോഗിയാകുന്നതോടൊപ്പം തന്നെ അവരുടെ ബുദ്ധിക്ഷമതയും നശിക്കാൻ തുടങ്ങുന്നു.

പൊതുതത്ത്വമനുസരിച്ച് ഇടത്തരം സഹനശക്തിയുള്ളവരുടെ ശാരീരിക അനാരോഗ്യം ശരീരത്തോടൊപ്പം തന്നെ ബുദ്ധിയേയും തീർച്ചയായും ബാധിക്കുന്നു. കുറഞ്ഞപക്ഷം അലസതയും, ഉദാസീനതയും, ധൈര്യക്കുറവും നിശ്ചയമായും ഉടലെടുക്കുന്നു.

ഏതെങ്കിലും സമുദായത്തിൽ അലസതയും ഉദാസീനതയും ധൈര്യക്കുരവും ഉടലെടുത്താൻ അതിന്റെ പരിണതഫലം വളരെ ഭയാനകമായിരിക്കും. സഹനശക്തി എത്തരത്തിലുള്ളതാണെങ്കിലും രോഗാവസ്ഥയിൽ മനുഷ്യന് ചില കാര്യങ്ങൾ ചെയ്യാൻ സാധിക്കില്ല എന്നത് സ്പഷ്ടമാണ്. ഉദാഹരണമായി, കാഴ്ചശക്തി കുറവാണെങ്കിൽ ബുദ്ധിശക്തി എത്ര അപാരമാണെങ്കിലും മനുഷ്യൻ യുദ്ധം ചെയ്യാൻ യോഗ്യനായിരിക്കില്ല. സൈന്യത്തിൽ ചേരുന്നതിന് അയോഗ്യനായിരിക്കും. കാരണം, സൈനികന് അനിവാര്യമായിരിക്കേണ്ട കഴിവുകൾ കരസ്ഥമാക്കാൻ അയാൾക്ക് സാധിക്കില്ല. കുട്ടിക്കാലത്ത് തന്നെ നിർബന്ധമായും ശ്രദ്ധിക്കേണ്ട കാര്യങ്ങളാണിവ.

മനുഷ്യശരീരത്തിൽ ചുറുചുറുക്കും പ്രസരിപ്പും സംജാതമായിത്തീരുന്നതിനും ശാരീരികാവയവങ്ങൾ ശരിയായിരിക്കുന്നതിനും ആത്മധൈര്യം വളരുന്നതിനും വേണ്ടിയാണ് വ്യായാമത്തിന്റെ ശീലം ഉണ്ടാക്കിയെടുക്കുന്നത്. വ്യായാമത്തിന്റെ ഫലമായുണ്ടാകുന്ന വിയർപ്പിലൂടെ ധാരാളം വിഷാംശങ്ങൾ അകലുന്നു. അതിനാൽ വ്യായാമത്തെ അവഗണിച്ചുകൊണ്ട് കുട്ടിയെ പൂർണമായും ബുദ്ധിപരമായ കാര്യങ്ങളിൽ മാത്രം വ്യാപൃതനാക്കുന്നത് ബുദ്ധിക്ഷയത്തിന് കാരണമാകുന്നു. മനുഷ്യന്റെ ശാരീരിക സഹനശക്തി വർദ്ധിക്കുന്നതിന് വേണ്ടിയാണ് കുട്ടികളുടെ പ്രകൃതത്തിൽ തന്നെ കളികളും വ്യായാമങ്ങളും വെച്ചിട്ടുള്ളത്. അക്കാരണം കൊണ്ടു തന്നെയാണ് നബി തിരുമേനി(സ) **അസ്സ്വബിയ്യു സ്വബിയ്യുൻ വലൗ കാന നബിയ്യൻ** എന്ന് പറഞ്ഞത്. അതായത് ഭാവിയിൽ നബിയാകാനുള്ളവനാണെങ്കിലും കുട്ടി കുട്ടി തന്നെയായിരിക്കും. ഏതാനും വർഷങ്ങൾക്കു ശേഷം അവൻ നബി ആയേക്കാം, എന്നാലും ബാല്യകാലത്തുള്ള അവന്റെ ആഗ്രഹങ്ങൾ നിശ്ചയമായും ബാല്യകാലത്തിനനുസൃതമായതായിരിക്കും. അവൻ കളിക്കുകയും ചെയ്യും, ചാടുകയും ചെയ്യും. ഒരു ബാലൻ സാധാരണ ഏതെല്ലാം അവസ്ഥയിലൂടെ കടന്നു പോകുന്നുണ്ടോ ആ അവസ്ഥയിലൂടെയെല്ലാം അവനും കടന്നു പോകുന്നതാണ്. ഒരു ബാലൻ വളർന്നു കഴിയുമ്പോൾ നബിയാകാനുള്ളതാണെങ്കിലും ബാല്യകാലത്തിനായി അനിവാര്യമായിട്ടുള്ള കാര്യങ്ങിലൂടെ അവനും കടന്നു പോകേണ്ടത് അനിവാര്യമാകുന്നു. അങ്ങനെയുള്ള അവന്റെ ഈ അവസ്ഥ ഭാവി ജീവിതത്തിൽ ആക്ഷേപാർഹമായിത്തീരുന്നില്ല.

ചുരുക്കത്തിൽ, ബാല്യകാലത്ത് വ്യായാമങ്ങളിലൂടെയുള്ള ശിക്ഷണം കുട്ടികൾക്ക് അനിവാര്യമാകുന്നു. കുട്ടികളെ പൂർണമായും ബുദ്ധിപരമായ കാര്യങ്ങളിൽ മാത്രം വ്യാപൃതനാക്കുന്നത് അപകടകരമായിരിക്കും. ബാല്യാവസ്ഥയിലുള്ള ശരിയായ ശിക്ഷണം അവരെ കളികളും മറ്റും പഠിപ്പിക്കുക എന്നതാണ്.

ചെറിയ കുട്ടിയായിരിക്കുമ്പോൾ കഥകളിലൂടെ അവന്റെ ശിക്ഷണം അനിവാര്യമാണ്. വലിയവർക്ക് ഉപദേശം മാത്രമാണെങ്കിലും മതിയായതാണ്. എന്നാൽ ബാല്യകാലത്ത് താൽപര്യം നിലനിർത്തുന്നതിനായി കഥകൾ അനിവാര്യമാണ്. നുണക്കഥകൾ തന്നെ വേണം എന്നില്ല....

ചുരുക്കത്തിൽ ബാല്യകാലത്തുള്ള ശിക്ഷണത്തിന്റെ ഏറ്റവും ഉത്തമ മാർഗം കഥകളാകുന്നു...... പിന്നീട് അവൻ അല്പം വളർന്ന് കഴിയുമ്പോൾ അവന്റെ ശിക്ഷണത്തിനും വിദ്യാഭ്യാസത്തിനുമുള്ള ഏറ്റവും ഉത്തമ മാർഗം കളികളാകുന്നു. ഗ്രന്ഥങ്ങളിലൂടെ വൈജ്ഞാനികമായി നൽകപ്പെടുന്ന കാര്യങ്ങൾ തന്നെയാണ് കളികളിലൂടെ പ്രാവർത്തികരൂപത്തിൽ നൽകപ്പെടുന്നത്.....

അതിനാൽ ഖുദ്ദാമുൽ അഹ്മദിയ്യായോടുള്ള എന്റെ ഉപദേശം ഇതാകുന്നു. കുട്ടികളുടെ കളിതമാശകളുടെ കാലഘട്ടത്തെ ഏറ്റവും നല്ല നിലയിൽ ഗുണപ്രദമാക്കി മാറ്റാൻ ശ്രമിക്കുക. കേവലം ശാരീരിക കഴിവുകളെ പരിപോഷിക്കുന്നത് മാത്രമാകാതെ ബുദ്ധിശക്തിയെയും പരിപോഷിപ്പിക്കുന്ന തരത്തിലുള്ള കളികളായിരിക്കണം. ഭാവിജീവിതത്തിലും കുട്ടികൾക്ക് അതിൽ നിന്ന് പ്രയോജനം ലഭിക്കണം.

ചുരുക്കത്തിൽ, മൂന്ന് കാര്യങ്ങളാണ് അതിൽ ശ്രദ്ധിക്കേണ്ടത്. ഒന്ന്, ശരീരത്തിന് ഫലപ്രദമായിരിക്കണം. രണ്ട്, ബുദ്ധിക്ക് ഗുണകരമായിരിക്കണം. മൂന്ന്, ഭാവിയിലും അവർക്ക് പ്രയോജനപ്രദമായിരിക്കണം. പ്രസ്തുത മൂന്ന് സവിശേഷതകളും ഉള്ള കളികൾ കളി മാത്രമായിരിക്കില്ല പ്രത്യുത, ഉന്നത നിലവാരത്തിലുള്ള വിദ്യ അഭ്യസിക്കലുമായിരിക്കും. അത് വിദ്യാർഥികൾക്ക് ഗ്രന്ഥങ്ങൾ പോലെത്തന്നെ അനിവാര്യമായ കാര്യവുമാണ്. ബുദ്ധിപരമായ ശിക്ഷണത്തിനു തകുന്ന കളികൾ എന്നതു കൊണ്ടുള്ള എന്റെ വിവക്ഷ അതോടൊപ്പം കുട്ടികളുടെ താല്പര്യവും നിലനിൽക്കണം എന്നതാണ്. അതൊരു ഫിലോസഫി മാത്രമാകുകയും കുട്ടികളെ നിർബന്ധിച്ച് കളിപ്പിക്കുകയും ആകരുത്. (പ്രഭാഷണം: വാർഷിക ഇജ്തിമ 6.2.41)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

അൽഹഖ്
വാർത്താപത്രിക
2013 നവംബർ
പുസ്തകം 21 ലക്കം 11

# പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഖുദ്ദാമുൽ അഹ്മദിയ്യ

യുവാക്കളെ സമുദ്ധരിക്കാതെ സമൂഹത്തെ സമുദ്ധരിക്കാൻ സാധ്യമല്ല എന്ന അടിസ്ഥാനതത്ത്വത്തെ പ്രാവർത്തികമാക്കുന്ന തിനായി അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് (റ) അഹ്മദി യുവാക്കൾക്കായി 1938 ൽ ആരംഭിച്ച സംഘടനയാണ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ. പ്രസ്തുത സംഘടന ഇപ്പോൾ അതിന്റെ വിജയകരമായ 75 വർഷങ്ങൾ പൂർത്തിയാക്കി പ്ലാറ്റിനം ജൂബിലി ആഘോഷിക്കുകയാണ്.

കഴിഞ്ഞ 75 സംവത്സരങ്ങളിലെ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനങ്ങൾ ദീർഘദർശിയായ ആ മഹാനുഭാവന്റെ ഉദ്ദേശ്യ ങ്ങളെയും പ്രതീക്ഷകളെയും സാർഥമാക്കുന്നതാണെന്നതിന് സാക്ഷിയാണ്. ശിക്ഷണം, വിദ്യാഭ്യാസം, പ്രചാരണം, സേവനം എന്നീ മേഖലകളിൽ ഈ യുവജനസംഘടന അതിന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു കഴിഞ്ഞു.

എന്നാൽ ഈ അവസരം ആഘോഷങ്ങളിലും സന്തോഷങ്ങളിലും തള്ളിനീക്കുന്നതിന് പകരമായി ഓരോരുത്തരും സ്വയം ആത്മപരി ശോധന നടത്തുകയാണ് വേണ്ടത്. ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) ന്റെ പ്രതീക്ഷകളെയും ആഗ്രഹങ്ങളെയും ഉദ്ദേശ്യങ്ങ ളെയും നാം എത്രമാത്രം പൂർത്തിയാക്കി എന്നുള്ളതുക്കൊണ്ട് അതി ന്റെ സർവ മേഖലകളിലും ജമാഅത്തിന്റെ സേവകൻ എന്ന നില യിൽ തന്റെ ഭാഗധേയം ഉണ്ടാകുന്നുണ്ടോ എന്ന് പരിശോധിക്കുക. ഒരിക്കൽ ഹുസൂർ (റ) തന്റെ ഖുത്വുബയിൽ യുവാക്കളെ അഭി സംബോധന ചെയ്തു കൊണ്ട് പറഞ്ഞു, നിങ്ങളുടെ പിന്നിൽ ജമാഅത്തിന്റെ മുഖമാണെന്നത് ഓരോരുത്തരും കരുതേണ്ടതാ ണ്. തന്റെ പക്കൽ നിന്നുണ്ടാകുന്ന നിസാര പിഴവ് പോലും ജമാ അത്തിന് ദോഷകരമായി ഭവിക്കും എന്ന ചിന്തയാണ് നിങ്ങൾക്കു ണ്ടാകേണ്ടത്.

മറ്റൊരവസരത്തിൽ പറഞ്ഞു, ജമാഅത്തിന്റെ നന്മയ്ക്കും ഗുണ ത്തിനും വേണ്ടി സർവത്യാഗങ്ങൾക്കും സന്നദ്ധരായിരിക്കേണ്ട താണ്. ജീവനോ സ്വത്തോ സമയമോ അന്തസ്സോ എന്ത് തന്നെ ബലിയർപ്പിക്കേണ്ടി വന്നാലും അല്പം പോലും അമാന്തിക്കരു ത്. ഈയൊരവസ്ഥ ഒരു സമൂഹത്തിലെ യുവാക്കളിൽ സംജാത മായിക്കഴിഞ്ഞാൽ ആ സമൂഹം ഒരിക്കലും അധ:പതിക്കുന്നത ല്ല, പരാജയപ്പെടുന്നതല്ല.

അതിനാൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഓരോ പരി പാടിയിലും നാം ആവർത്തിക്കുന്ന പ്രതിജ്ഞാ വാചകം നമ്മുടെ ജീവിതത്തിന്റെ പ്രവർത്തന രൂപരേഖയാക്കി മാറ്റേണ്ടതുണ്ട്. അല്ലാഹു നമുക്കേവർക്കും അഹ്മദിയ്യത്തിന്റെ യഥാർഥ സേവ കനായി നമ്മിൽ അർപിതമായിട്ടുള്ളതും നമ്മിൽ നിന്ന് പ്രതീ ക്ഷിക്കുന്നതുമായ കടമകൾ പൂർത്തിയാക്കുന്നതിനുള്ള തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

- ടി.എം.അബ്ദുൽ മുജീബ്

യുഗനാദം

ഹദ്റത് അഹ്മദ്(അ)



# സേവനം ചെയ്യാനുള്ള അവസരം മുതലെടുക്കുവിൻ!

ക്ലേശങ്ങൾ നമ്മുടെ സ്ഥാനങ്ങൾ ഉയർത്തുവാൻ വേണ്ടിയുള്ളതാണ്. അല്ലാഹു എന്റെ മകനെ അറുക്കാനാണല്ലോ ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് വിലപിക്കുകയല്ല ഹ: ഇബ്രാഹിം (അ) ചെയ്തത്. മറിച്ച്,സേവനം ചെയ്യാനുള്ള അവസരം ലഭിച്ചതിൽ അല്ലാഹുവിന് നന്ദി പറയുകയാ ണുണ്ടായത്. അദ്ദേഹത്തിന്റെ കുട്ടിയും അതിന്റെ മാതാവും സന്തോ ഷം പ്രകടിപ്പിച്ചു. പള്ളിയുടെ ഗോപുരം പൊളിഞ്ഞു വീണപ്പോൾ രാജാവ് സുജൂദിൽ വീണ ഒരു കഥയുണ്ട്. മഹാന്മാരായ മുൻരാജാക്ക ന്മാർ പള്ളി നിർമ്മിച്ചു കൊണ്ട് ചെയ്ത സേവനത്തിൽ പങ്കാളിയാകാൻ എനിക്ക് സാധിച്ചല്ലോ എന്ന് അദ്ദേഹം ദൈവത്തോട് നന്ദി പറയുകയു ണ്ടായി.

## 124000 പ്രവാചകന്മാരുടെ സാക്ഷ്യപത്രം

സമയം എന്തായാലും പോയിക്കൊണ്ടേയിരിക്കും. ബിരിയാണി കഴി ക്കുന്നവനും അവസാനം മരിക്കുന്നതാണ്. എന്നാൽ ദുരിതങ്ങളിൽ ക്ഷമ കൈക്കൊള്ളുന്നവനായിരിക്കും അവസാനം പ്രതിഫലം ലഭിക്കുക. ക്ഷമ കൈക്കൊള്ളുന്നവർക്ക് തീർച്ചയായും പ്രതിഫലം ലഭിക്കുമെന്നതിന് 124000 പ്രവാചകന്മാരും സാക്ഷികളാണ്.

## അവസാനം സഹനം കൈക്കൊണ്ടേ പറ്റൂ

അല്ലാഹുവിനു വേണ്ടി ക്ഷമ അവലംബിക്കാത്തവന് ക്ഷമിക്കാതെ നിവൃ ത്തിയില്ല. പിന്നീടവന് പ്രതിഫലമോ പുണ്യമോ ലഭിക്കില്ലെന്ന് മാത്രം. ബന്ധുക്കളാരെങ്കിലും മരിച്ചാൽ സ്ത്രീകൾ നിലവിളിക്കുന്നു. വിവരമി ല്ലാത്ത ചില മനുഷ്യർ തങ്ങളുടെ ശരീരങ്ങളിൽ ചാരം തേയ്ക്കുന്നു. കുറച്ചു കാലം കഴിയുമ്പോഴേക്കും അവർ ക്ഷമിക്കുകയും എല്ലാം മറന്നു കളയുകയും ചെയ്യുന്നു. ഒരു സ്ത്രീയുടെ സംഭവമുണ്ട്. അവരുടെ കുട്ടി മരിച്ചപ്പോൾ കുട്ടിയുടെ ഖബറിനടുത്ത് നിന്നുകൊണ്ട് നിലവിളിക്കാൻ തുടങ്ങി. നബി തിരുമേനി(സ) അതുവഴി കടന്നു പോയപ്പോൾ അവി ടുന്ന് ആ സ്ത്രീയോട് അല്ലാഹുവിനെ ഭയപ്പെടാനും ക്ഷമ അവലംബി ക്കാനും ഉപദേശിച്ചു. നിർഭാഗ്യവതിയായ ആ സ്ത്രീ മറുപടി പറഞ്ഞത് ഇപ്രകാരമാണ്: നിങ്ങൾ നിങ്ങളുടെ വഴിക്ക് പോയിക്കൊള്ളുക എനിക്കു ണ്ടായതു പോലുള്ള ദുരിതം നിങ്ങൾക്ക് ഉണ്ടായിട്ടില്ലല്ലോ. നബി തിരു മേനി (സ)യുടെ പതിനൊന്ന് മക്കളും വഫാത്തായപ്പോഴും അവിടുന്ന് ക്ഷമ അവലംബിക്കുകയാണ് ചെയ്തതെന്ന കാര്യം ആ സ്ത്രീയ്ക്കറി യില്ലായിരുന്നു. പിന്നീട് തനിക്കുപദേശം നൽകിയത് നബി(സ)യായി രുന്നുവെന്ന് ആ സ്ത്രീക്ക് സ്വയം ബോധ്യമായപ്പോൾ അവർ തിരുമേനി യുടെ വീട്ടിൽ വന്നുകൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞാൻ ക്ഷമ കൈക്കൊള്ളുന്നു. അപ്പോൾ തിരുമേനി പറഞ്ഞു: ക്ഷമ ദുരിത ങ്ങളുടെ തുടക്കത്തിലാണ് അവലംബിക്കേണ്ടത്. ചുരുക്കത്തിൽ, കാലം കഴിയുന്തോറും ക്ഷമിക്കാതെ നിർവ്വാഹമുണ്ടാകില്ല. അല്ലാഹുവിന് വേണ്ടി തുടക്കത്തിലേ ചെയ്യുമ്പോൾ മാത്രമേ അത് ക്ഷമയായിത്തീരു കയുള്ളൂ.അത് അവലംബിക്കുന്നവർക്ക് അളവറ്റ പ്രതിഫലം നൽകുമെ ന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ക്ഷമിക്കുന്നവർക്ക് മാത്രമുള്ള അളവറ്റ രീതിയിലുള്ള പ്രതിഫലമാണത്.

(മൽഫൂസാത്ത് വാള്യം.10. പേ.88,89)

ദഅ്‌വത്തെ ഇലല്ലാഹ്



# അഭിലാഷം പൂർത്തീകരിക്കപ്പെടുന്നു

മുജീബ്

ഹദ്റത് മൗലാനാ നൂറുദ്ദീൻ സാഹിബ് (റ) ഒരിക്കൽ ഹദ്റത് മസീഹ് മൗഊദ് (അ) നോട് ചോദിച്ചു: അല്ലാഹുവിന്റെ സ്നേഹത്തിൽ പുരോഗതി ഉണ്ടാകുന്നതിനായി താങ്കളുടെ ശിഷ്യത്വത്തിൽ എന്ത് പ്രയത്നമാണ് ചെയ്യേണ്ടത്?
ഹുസൂർ (അ) പറഞ്ഞു: താങ്കൾ ക്രിസ്ത്യാനികൾക്കെതിരിൽ ഗ്രന്ഥം രചിക്കുക. അക്കാലത്ത് മൗലാനാ നൂറുദ്ദീൻ സാഹിബിന് ക്രിസ്തുമത വിശ്വാസങ്ങളെയും അവർ ഇസ്‌ലാമിനെതിരിൽ ഉന്നയിക്കുന്ന ആക്ഷേപങ്ങളെയും കുറിച്ചുള്ള അറിവുകൾ വളരെ പരിമിതമായിരുന്നു. എന്നിരുന്നിട്ടും അദ്ദേഹത്തിന് അങ്ങനെയൊരു ഗ്രന്ഥമെഴുതാനുള്ള ശക്തിയായ അഭിലാഷം ഉടലെടുത്തു.
അദ്ദേഹം തിരിച്ച് സ്വദേശത്ത് എത്തിയപ്പോൾ അവിടുത്തെ പള്ളിയിലെ ഇമാം ക്രിസ്ത്യാനിയായി എന്ന അറിവ് ലഭിച്ചു. അദ്ദേഹം ആ ഇമാമിനോട് തന്നെ അവരുടെ കക്ഷിയുടെ നേതാവിനടുത്ത് എത്തിക്കുവാൻ പറഞ്ഞു. അങ്ങനെ അദ്ദേഹത്തെ ഒരു ബ്രിട്ടീഷുകാരനായ പാതിരിയുടെ അടുക്കൽ എത്തിച്ചു. അയാളോട് ക്രിസ്തുമതത്തെ സംബന്ധിച്ച് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ തേജസിൽ പ്രഭാവിതനായ പാതിരിക്ക് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. എഴുതി അയക്കാം എന്ന് വാഗ്ദാനം ചെയ്തു. അദ്ദേഹം ആ ഇമാമിനോട് പറഞ്ഞു: ആക്ഷേപങ്ങൾ എത്തുന്നത് വരെ നിങ്ങൾ മാമോദീസ കൂടരുത്.
കുറച്ച് കാലത്തിന് ശേഷം ആക്ഷേപം എത്തി. അദ്ദേഹം ആ ഇമാമിനോട് ചോദിച്ചു: ഇതിന് മറുപടി പറയുന്നതിനായി എത്ര കാലം വേണ്ടി വരും? ഇമാം പറഞ്ഞു: ഒരു വർഷം. എന്നാൽ അദ്ദേഹത്തിന് അത്രയും ഒഴിവും ഉണ്ടായിരുന്നില്ല. മാത്രമല്ല, ക്രിസ്തുമതത്തെ സംബന്ധിച്ച് അറിവും ഉണ്ടായിരുന്നില്ല. എല്ലാം ഒഴിവാക്കി അതിൽ മാത്രം മുഴുകുന്നതിനുള്ള സാമ്പത്തിക നിലയിലുമായിരുന്നില്ല.
അന്നാളുകളിൽ ഭൂകമ്പം കാരണത്താൽ പൂഞ്ചിലെ രാജാവിന്റെ മകന്റെ മനോനില തെറ്റി. ആ രാജാവ് കശ്മീർ രാജാവിന്റെ അനുമതിയോടു കൂടി തന്റെ മകനെ ചികിൽസയ്ക്കായി മൗലാനാ നൂറുദ്ദീൻ സാഹിബ് (റ) ന്റെ പക്കൽ അയച്ചു. അദ്ദേഹം രോഗിയെയും കൂട്ടി പട്ടണത്തിന് വെളിയിലായി താമസമാരംഭിച്ചു. ചികിൽസയോടൊപ്പം തന്നെ അദ്ദേഹത്തിന് മുഴുവൻ ദിവസവും ആക്ഷേപത്തിന് മറുപടി എഴുതുന്നതിനായി ബൈബിളും ഖുർആനും പഠിക്കാനുള്ള സാവകാശവും ലഭിച്ചു. അങ്ങനെ അദ്ദേഹം 'ഫസ്ലുൽ ഖിതാബ്' എന്ന പേരിൽ നാല് വാള്യങ്ങൾ എഴുതി. ആ ഒരു വർഷ കാലയളവിൽ രോഗിയും പരിപൂർണമായി സുഖം പ്രാപിച്ചു.
രാജാവ് സന്തോഷസൂചകമായി അദ്ദേഹത്തിന് കൈ നിറയെ പണവും നൽകി. അതുപയോഗിച്ച് അദ്ദേഹം ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആ ഗ്രന്ഥം അദ്ദേഹം പ്രസ്തുത ഇമാമിനും അയാളുടെ സമാന ചിന്താഗതിക്കാർക്കും അയച്ചുകൊടുത്തപ്പോൾ അവർ പറഞ്ഞു: ഇപ്പോൾ ഞങ്ങൾ സത്യഹൃദയത്തോടെ മുസ്‌ലിം ആയിരിക്കുന്നു.

(അൽഫള്ൽ: 10.01.97)

---

**വളരെ പ്രധാനപ്പെട്ട ഈ ഉപദേശം നിങ്ങൾ ഓർമ്മിച്ചു കൊൾവിൻ. ക്ലേശം ബാധിച്ച വ്യക്തി അതിലും വലിയ ക്ലേശങ്ങൾ വന്നു ഭവിക്കുന്നതിൽ നിന്ന് ഭയപ്പെട്ടു കൊള്ളുക. കാരണം ഈ ലോകം ദുരിതങ്ങളുടെ ഭവനമാണ്. ഇതിൽ അശ്രദ്ധരായിരിക്കുന്നത് നല്ലതല്ല. പല ദുരിതങ്ങളും ജാഗ്രതപ്പെടുത്താൻ വേണ്ടിയാണ് വരുന്നത്. തുടക്കത്തിൽ അതിന്റെ രൂപം മനുഷ്യന് ഒരു ദുരിതമായി തോന്നാത്ത വിധം വളരെ നിസ്സാരമായിരിക്കും. പിന്നീടത് പരിഭ്രാന്തനാക്കുന്ന ദുരിതമായി ഭവിക്കുന്നു. നോക്കൂ! ആർക്കെങ്കിലും മെല്ലെ തിരുമ്മി കൊടുക്കുമ്പോൾ അവന്റെ ശരീരത്തിന് സുഖം തോന്നുന്നു. എന്നാൽ അതേ കൈകൾ കൊണ്ട് അമർത്തി തിരുമ്മിയാൽ അവന് വേദനയാണുണ്ടാവുക. ഒരു തരത്തിലുള്ള ദുരിതം വളരെ കാഠിന്യമേറിയതാണ്. അത് മനുഷ്യന്റെ ജീവനും കൊണ്ടേ പോവൂ. ഈ രണ്ട് തരത്തിലുള്ള ദുരിതങ്ങളെപ്പറ്റിയും വിശുദ്ധഖുർആൻ പരാമർശിക്കുന്നുണ്ട്.**

**ഹദ്റത് അഹ്മദ് (അ)**

എന്റെ സഹാബാക്കൾ നക്ഷത്രങ്ങൾ പോലെയാണ്. നിങ്ങൾ അവരിൽ ആരെ പിന്തുടർന്നാലും സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. *(ഹദീസ് മിശ്ക്കാത്ത്)*

# ഹദ്റത് അബൂഅയ്യൂബ് അൻസ്വാരി (റ)

**വംശാവലി:** പേര് ഖാലിദ് ഇബ്നു സൈദ്. മാതാവ് ഹിന്ദ് ബിൻത് സഈദ്. അബൂഅയ്യൂബ് എന്ന പേരിലായിരുന്നു അദ്ദേഹം കൂടുതൽ അറിയപ്പെട്ടിരുന്നത്. ഖദ്റജ് ഗോത്രത്തിലെ ബനൂ നജ്ജാർ കുടുംബത്തിലെ നേതാവായിരുന്നു അദ്ദേഹം. നബിതിരുമേനി(സ) യുടെ മാതാവിന്റെ കുടുംബമാണ് ബനൂനജ്ജാർ.

## ബയ്അത്ത്

ഹദ്റത് അബൂഅയ്യൂബ് അൻസാരി (റ) ന് രണ്ടാം ഉഖ്ബയുടെ അവസരത്തിൽ ഹാജറായി കൊണ്ട് നബി(സ) യുടെ കയ്യിൽ ബയ്അത്ത് ചെയ്യുന്നതിനുള്ള സൗഭാഗ്യം ലഭിച്ചു. തിരിച്ച് മദീനയിലെത്തിയ അദ്ദേഹം ഇസ്ലാമിന്റെ പ്രചാരകനായി മാറി.

## നബി (സ) മദീനയിൽ

നബി(സ) മക്കക്കാരുടെ ഉപദ്രവം സഹിക്കാനാവാതെ മദീനയിലേക്ക് ഹിജ്റത്ത് ചെയ്യുന്നു എന്ന് അറിഞ്ഞതു മുതൽ അദ്ദേഹം തന്റെ അനുചരന്മാരുമൊത്ത് നിത്യവും മദീനയുടെ അതിർത്തിയിൽ എത്തി രാത്രി വൈകും വരെ നബി(സ) യെ അക്ഷമനായി പ്രതീക്ഷിച്ച് നിൽക്കുമായിരുന്നു. അവസാനം അവരുടെയെല്ലാം പ്രതീക്ഷയെ പൂവണിയിച്ചു കൊണ്ട് സമാധാനത്തിന്റെ രാജകുമാരൻ മദീനയിൽ എത്തിച്ചേർന്നു. അത് അവർക്കെല്ലാവർക്കും നിസ്സീമമായ സന്തോഷമാണ് പ്രദാനം ചെയ്തത്.

## ആതിഥ്യത്തിനുള്ള സൗഭാഗ്യം

യസ്റബിൽ നിന്നും മദീനത്തുർറസൂലായി മാറിയ ആ ദേശത്തുള്ള ഓരോരുത്തരും തങ്ങളുടെ പ്രിയ റസൂലിന് ആതിഥ്യം നൽകാനായി ആഗ്രഹം പ്രകടിപ്പിക്കാൻ തുടങ്ങി. അവരുടെ ഉൾക്കടമായ അഭിലാഷം കണ്ടപ്പോൾ ആരെയും നിരാശപ്പെടുത്താൻ നബി(സ) ആഗ്രഹിച്ചില്ല. നബി(സ) പറഞ്ഞു: '' എന്റെ ഈ ഒട്ടകത്തെ സ്വതന്ത്രനായി വിട്ടേക്കുക. അത് എവിടെയാണോ ഇരിക്കുന്നത് അതായിരിക്കും എന്റെ വാസസ്ഥലം.'' അങ്ങനെ ആ ഒട്ടകം അബൂഅയ്യൂബ്(റ) യുടെ വീടിനടുത്ത് പോയി ഇരിക്കുകയുണ്ടായി. അതിന് ഏറ്റവും അടുത്ത് ആരുടെ വീടാണെന്ന് നബി(സ) ആരാഞ്ഞപ്പോൾ തന്റെ വീടാണെന്ന് അദ്ദേഹം പറഞ്ഞു. എന്നിട്ടും അവിടെയുള്ളവരുടെ ആഗ്രഹം കണ്ടപ്പോൾ നബി(സ) നറുക്കിട്ടെന്നും അപ്പോഴും അബൂഅയ്യൂബ്(റ) ന്റെ പേരാണ് വന്നതെന്നും ഹദീസിൽ നിന്നും മനസ്സിലാകുന്നു.

## റസൂലിനോടുള്ള അനുരക്തി

അദ്ദേഹം തന്റെ വീടിന്റെ മുകളിലെ നിലയിലായിരുന്നു താമസിച്ചിരുന്നത്. താഴത്തെ നില നബി (സ) യ്ക്കായി നൽകി. ഒരിക്കൽ രാത്രി അവിചാരിതമായി വെള്ളത്തിന്റെ വലിയൊരു കലം പൊട്ടി വെള്ളം ഒഴുകിപ്പോയി. അദ്ദേഹത്തിന് വെള്ളം താഴത്തെ നിലയിലേക്ക് വിഴുമോ എന്നുള്ള ഭയമുണ്ടായി. അദ്ദേഹവും ഭാര്യയും കൂടി അവരുടെ പുതപ്പെല്ലാം എടുത്ത് അത് കൊണ്ട് വെള്ളം മുഴുവനും ഒപ്പിയെടുക്കുകയുണ്ടായി. രാവിലെ അദ്ദേഹം നബി (സ)യോട് എല്ലാ കാര്യങ്ങളും വിവരിക്കുകയും നബി (സ)യോട് മുകളിലത്തെ നിലയിൽ താമസിക്കുന്നതിനായി അപേക്ഷിക്കുകയും ചെയ്തു. നബി(സ) അത് സ്വീകരിക്കുകയും ചെയ്തു.

## ആതിഥ്യമര്യാദ

ആറോ ഏഴോ മാസമാണ് നബി(സ) അവിടെ തങ്ങിയത്. ആ കാലങ്ങളിൽ അദ്ദേഹം ആതിഥ്യമര്യാദ പൂർണമായും നിറവേറ്റുകയുണ്ടായി. എന്നും നബി(സ) യുടെ ഭക്ഷണം കൃത്യമായി തയ്യാറാക്കി എത്തിച്ചിരുന്നു. മടങ്ങി വരുന്ന ഭക്ഷണത്തിൽ നബി(സ) യുടെ വിരലിന്റെ അടയാളം നോക്കി അവിടന്ന് അദ്ദേഹം ഭക്ഷിക്കുമായിരുന്നു. ഒരിക്കൽ ഭക്ഷണം മുഴുവനായും മടങ്ങി വന്നു. അദ്ദേഹം താഴെ വന്ന് കാരണം അന്വേഷിച്ചപ്പോൾ നബി(സ) പറഞ്ഞു, ഇന്നത്തെ ഭക്ഷണത്തിൽ വെളുത്തുള്ളിയും സവാളയും ഉണ്ടായിരുന്നു. എനിക്കത് ഇഷ്ടമല്ല. അദ്ദേഹം പറഞ്ഞു, താങ്കൾക്കിഷ്ടമല്ലാത് ഇനി മേലിൽ എനിക്കും ഇഷ്ടമല്ല.


## നബി (സ)യുടെ ദുആ

ഒരിക്കൽ അദ്ദേഹം നബി(സ) യുടെ പരിശുദ്ധമുടിയിൽ നിന്ന് എന്തോ പുറത്തെടുത്തപ്പോൾ നബി (സ) ഇങ്ങനെ ദുആ ചെയ്തു, ഓ അയ്യൂബ്! നിനക്ക് ഒരിക്കലും ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കട്ടെ.

## യുദ്ധത്തിൽ പങ്കാളിത്തം

അബൂഅയ്യൂബ് അൻസ്വാരി(റ) എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. ഖൈബർ യുദ്ധത്തിൽ യഹൂദ നേതാവായ ഹയ്യിബ്നു അഖ്തബ് വധിക്കപ്പെടുകയും അയാളുടെ പുത്രി സഫിയ്യ നബി(സ) യുടെ പത്നിയാകുകയും ചെയ്തിരുന്നു. അവരുടെ വിവാഹത്തിന്റെ അടുത്ത ദിവസം നബി(സ) സുബ്ഹി നമസ്കാരത്തിനായി പുറത്തിറങ്ങിയപ്പോൾ അബൂഅയ്യൂബ്(റ) ഊരിപ്പിടിച്ച വാളുമായി നിൽക്കുന്നതാണ് കണ്ടത്. കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, എന്റെ ജീവനെക്കാൾ പ്രിയപ്പെട്ടവനേ! സഫിയ്യയുടെ കുടുംബക്കാർ നമ്മുടെ കയ്യാൽ കൊല്ലപ്പെട്ടിരുന്നു. അതിനാൽ

⇨




# ദൈവാനുഗ്രഹം കരസ്ഥമാക്കാനുള്ള മാർഗം

ഡോക്ടർ സയ്യദ് അബ്ദുസത്താർ സാഹിബ് എഴുതുന്നു: ''തുടക്കത്തിൽ ഞാൻ ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ കയ്യിൽ ബയ്അത്ത് ചെയ്തപ്പോൾ ആ മഹാത്മാവ് എന്നോട് ഇപ്രകാരം പറയുകയുണ്ടായി: എന്റെ ഹൃദയപരിശുദ്ധിയുടെയും സാമീപ്യത്തിന്റെയും പ്രകാശത്തിന്റെ പ്രതിഫലനം മുഖേന ലഭിക്കുന്ന ആത്മീയ പുരോഗതിക്കായി താങ്കൾ വീണ്ടും വീണ്ടും എന്നെ സന്ദർശിച്ചു കൊണ്ടിരിക്കേണ്ടതാണ്.'' ഞാൻ പറഞ്ഞു: ''എനിക്ക് ജോലിയിൽ നിന്ന് അടിക്കടി അവധി ലഭിക്കുകയില്ല.'' അദ്ദേഹം പറഞ്ഞു: ''അങ്ങനെയെങ്കിൽ താങ്കൾ തപാൽ മുഖേന വീണ്ടും വീണ്ടും ഓർമപ്പെടുത്തി കൊണ്ടിരിക്കുക. അപ്പോൾ ദുആയിലൂടെ ശ്രദ്ധയുണ്ടാകുന്നതാണ്. കാരണം സദ്‌വൃത്തരുടെ സഹവാസത്തിലൂടെയും എഴുത്തുകളിലൂടെ ദുആയ്ക്കായി ഓർമപ്പെടുത്തുകയും ചെയ്യുന്നതിലൂടെയാണ് ദൈവാനുഗ്രഹത്തിന്റെ പ്രതിഫലനം ഹൃദയത്തിൽ സംജാതമാകുന്നത്.''

## സഹാനുഭാവമനസ്സ്

മിയാൻ ഇമാമുദ്ദീൻ സാഹിബ് സേഖ്വാനി (റ) പറയുന്നു, ആരംഭഘട്ടത്തിൽ ഗുർദാസ്പൂർ ജില്ലയിലെ ഡെപ്യൂട്ടി സുപ്രണ്ടൻഡ് ആയ മൗലവി ഗുലാം അലി സാഹിബ് മീർസാ നിസാമുദ്ദീൻ സാഹിബിന്റെ വീട്ടിൽ അതിഥിയായി എത്തി. നായാട്ട് കാണുന്നതിൽ അതീവ തല്പരനായിരുന്നു അദ്ദേഹം. ഏതാനും നായാട്ടുകാരും അവരുടെ വേട്ടക്കാർക്കുമൊപ്പം അദ്ദേഹം മീർസാ നിസാമുദ്ദീൻ സാഹിബിന്റെ വീട്ടിൽ നിന്നും പുറപ്പെട്ടു.

മൗലവി ഗുലാം അലി സാഹിബ് ഇക്കാര്യം ഹദ്റത് മസീഹ് മൗഊദ് (അ) നോട് സൂചിപ്പിച്ചിരുന്നത് കൊണ്ടോ, മൗലവി ഗുലാം അലി സാഹിബിന്റെ സന്തോഷത്തിന് വേണ്ടിയിട്ടോ ആയിരിക്കണം ഹദ്റത് സാഹിബും (ഹദ്റത് മസീഹ് മൗഊദ് (അ)) അവരോടൊപ്പം പുറപ്പെട്ടു.

ഹദ്റത് സാഹിബ് മുന്നിലും ഞങ്ങൾ പിന്നിലുമായി നടക്കാൻ തുടങ്ങി. അന്നേരം ഹദ്റത് സാഹിബ് ധരിച്ചിരുന്ന ഷൂസ് അല്പം ലൂസ് ആയിരുന്ന കാരണത്താൽ നടക്കുമ്പോൾ ഠപ്, ഠപ് എന്നുള്ള ശബ്ദം കേൾക്കാമായിരുന്നു. എന്നാൽ തന്നെയും ഹദ്റത് സാഹിബ് അത് ഇഷ്ടപ്പെട്ടിരുന്നു എന്ന് തോന്നുന്നു. നടന്ന് നടന്ന് ഞങ്ങൾ പർവതപ്രദേശത്തേക്ക് പ്രവേശിക്കുന്ന കവാടത്തിനടുത്തെത്തി. അവിടെ ഒരു വീട്ടിൽ നിന്നും നായാട്ടുകാർ ഒരു പൂച്ചയെ പുറത്ത് ചാടിച്ചു. പൂച്ച വീട്ടിൽ നിന്ന് പുറത്ത് ചാടിയതും എല്ലാ വേട്ടനായ്ക്കളും കൂടിച്ചേർന്ന് അതിനെ വിരട്ടി ഓടിക്കുകയും കടിച്ചു കീറുകയുമുണ്ടായി. ഈ കാഴ്ച കണ്ട് ഹദ്റത് സാഹിബ് ആരോടും മിണ്ടാതെ മൗനിയായികൊണ്ട് വീട്ടിലേക്ക് മടങ്ങി. ഈ വേദനാജനകമായ കാഴ്ച അദ്ദേഹത്തിന് സഹിക്കാൻ കഴിയാത്തത് കാരണമാണ് മടങ്ങിയതെന്ന് തോന്നുന്നു.

(സീറത്തുൽ മഹ്ദി, വാള്യം1)

സമ്പാ: ടി. അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ

താങ്കളുടെ സുരക്ഷയെ സംബന്ധിച്ച് എന്റെ മനസിൽ പല സംശയങ്ങളും ജനിച്ചു. അത് കൊണ്ടാണ് ഞാൻ ഊരിപ്പിടിച്ച വാളുമായി രാത്രി മുഴുവനും ഇവിടെ കാവൽ നിന്നത്.

### കൂടുതൽ സേവനങ്ങൾ

ഖലീഫമാരുടെ കാലഘട്ടങ്ങളിലും അദ്ദേഹത്തിന് ജിഹാദിൽ പങ്കെടുക്കുന്നതിനുള്ള അവസരം ലഭിച്ചിട്ടുണ്ട്. ഹദ്റത് അലി (റ) കൂഫയെ തലസ്ഥാനമാക്കിയപ്പോൾ അബൂഅയ്യൂബ്(റ)നെ മദീനയിലെ അമീറായി നിയമിച്ചു.

### ഖസ്തൻതുനിയ്യ യുദ്ധത്തിൽ

ഹദ്റത് അമീർ മുആവിയ (റ) ന്റെ കാലഘട്ടത്തിൽ അദ്ദേഹം റോമാക്കാരുമായുള്ള യുദ്ധത്തിൽ പങ്കെടുത്തിരുന്നു. നബി (സ) ഖസ്തൻതുനിയ്യായുടെ വിജയത്തെ കുറിച്ച് പ്രവചിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം ആ പ്രവചന പുലർച്ച സ്വന്തം കണ്ണ് കൊണ്ട് കാണാൻ ആഗ്രഹിച്ചിരുന്നു. അതിനാൽ വാർദ്ധക്യത്തെ വകവെക്കാതെ അദ്ദേഹം ആ യുദ്ധത്തിൽ പങ്കെടുക്കുകയുണ്ടായി. ആ യാത്രയിൽ അദ്ദേഹം രോഗബാധിതനായി. അന്നേരം യസീദായിരുന്നു സൈന്യാധിപൻ. അദ്ദേഹം പരിചരണത്തിനായി എത്തി. എന്നിട്ട് ചോദിച്ചു, എന്തെങ്കിലും ആഗ്രഹം ഉണ്ടോ? അദ്ദേഹം പറഞ്ഞു, എല്ലാ മുസ്‌ലിംകൾക്കും എന്റെ സലാം അറിയിക്കുക. എന്റെ ഈ സന്ദേശവും എത്തിക്കുക, ഞാൻ മരിച്ചാൽ എന്റെ ജനാസ എടുത്ത് ശത്രുക്കളുടെ ഭൂപ്രദേശത്ത് കൂടി കഴിയുന്നത്ര ദൂരം കൊണ്ടു പോയി അവിടെ ഖബറടക്കണം.


### വസിയ്യത്ത് പൂർത്തിയാക്കപ്പെടുന്നു

അദ്ദേഹം വഫാത്തായപ്പോൾ അദ്ദേഹത്തിന്റെ ജനാസയുമായി രാത്രിയിൽ ശത്രുക്കളുടെ ഭൂപ്രദേശമായ ഖസ്തൻതുനിയ്യായിലൂടെ മുന്നോട്ട് പോകുകയും വസിയ്യത്ത് അനുസരിച്ച് ഖബറടക്കുകയും ചെയ്തു. എന്നിട്ട് ശത്രുക്കൾക്ക് മുന്നറിയിപ്പ് നൽകി കൊണ്ട് പറഞ്ഞു, റസൂലുല്ലാഹ്(സ) യുടെ സഹാബിയുടെ ഖബറാണ്. അതിനെ അപമാനിക്കരുത്. അദ്ദേഹത്തിന്റെ ഖബർ ഇന്നും തുർക്കിയിൽ സിയാറത്തിനുള്ള കേന്ദ്രമായി നിലകൊള്ളുന്നു.

- ഇബ്നു അശ്റഫ്

പുണ്യാത്മാക്കൾ

# ഹദ്റത് മിയാൻ അഹ്മദ് ദീൻ സാഹിബ് സർഗർ (റ)



**സ്വദേശം:** ഹദ്റത് മിയാൻ അഹ്മദ് ദീൻ സാഹിബ് (റ) ശേഖോപൂര ജില്ലയിലെ പിണ്ഡിചേരി നിവാസിയായിരുന്നു. ഹദ്റത് സയ്യദ് റോശൻ അലി ശാഹ് സാഹിബ് (റ) ബയ്അത്ത് ചെയ്തതിന് ശേഷം ആ ഗ്രാമത്തിലെ എല്ലാ കടകളിലും ചെന്ന് ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ നോട്ടീസുകളും വിജ്ഞാപനങ്ങളും കേൾപ്പിക്കുമായിരുന്നു.

### ഒരു ഉടമ്പടി

അദ്ദേഹത്തിന്റെ പിതാവ് മിയാൻ മുഹമ്മദ് ആരിഫ് സർഗർ സാഹിബും സയ്യദ് റോശൻ അലി ശാഹ് സാഹിബും അടുത്ത സുഹൃത്തുക്കളായിരുന്നു. അവർ രണ്ടു പേരും ഇമാം മഹ്ദിയുടെ ആഗമനത്തെ സംബന്ധിച്ചുള്ള പ്രതീക്ഷയിലായിരുന്നു. ഇമാം മഹ്ദി ആഗതനായാൽ ഉടൻ ബയ്അത്ത് ചെയ്യുന്നതാണെന്ന് രണ്ടു പേരും ശപഥം ചെയ്തിരുന്നു. ഇനി തങ്ങളിൽ ഒരാളുടെ മരണ ശേഷമാണ് ഇമാം മഹ്ദി വെളിപ്പെടുന്നതെങ്കിൽ മറ്റേ വ്യക്തി ബയ്അത്ത് ചെയ്യുകയും മരണപ്പെട്ട വ്യക്തിയുടെ മക്കൾക്ക് വിവരം അറിയിക്കുകയും ചെയ്യുന്നതാണ് എന്ന നിബന്ധനയോടു കൂടി ഉൾപ്പെടുത്തിയിരുന്നു. മുഹമ്മദ് ആരിഫ് സാഹിബ് ഉടൻ തന്നെ വഫാത്തായി. എന്നാൽ സയ്യദ് സാഹിബിന് മസീഹ് മൗഊദ് (അ) ൽ ബയ്അത്ത് ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചു.

### വാഗ്ദാനം പൂർത്തിയാക്കുന്നു

ബയ്അത്തിനു ശേഷം സയ്യദ് സാഹിബ് മിയാൻ അഹ്മദ് ദീൻ സാഹിബിന്റെ സഹോദരന്റെ സ്വർണക്കടയിൽ വന്ന് മസീഹ് മൗഊദ് (അ) ന്റെ വിജ്ഞാപനങ്ങളും മറ്റും വായിച്ച് കേൾപ്പിക്കുമായിരുന്നു. ഒരിക്കൽ മിയാൻ അഹ്മദ് ദീൻ സാഹിബ് അദ്ദേഹത്തോട് ദേഷ്യപ്പെട്ടു. അപ്പോൾ സയ്യദ് സാഹിബ് കരയാൻ തുടങ്ങി. അപ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ പറഞ്ഞു, ഇദ്ദേഹം സയ്യദ് കുടുംബമാണ്. അദ്ദേഹത്തിനുള്ളിൽ സഹതാപവും സത്യവുമുണ്ട്. നമ്മോട് സ്നേഹവുമുണ്ട്. അതു കൊണ്ടാണ് കരയുന്നത്. നീ ഖാദിയാനിൽ പോയി എല്ലാം സ്വയം കണ്ട് മനസ്സിലാക്കി വരിക.

### ഖാദിയാനിലേക്ക്

അങ്ങനെ അദ്ദേഹം ഖാദിയാനിൽ എത്തുകയും എല്ലാം സത്യമാണെന്ന് ബോധ്യമാകുകയും ബയ്അത്ത് ചെയ്യുകയും ചെയ്തു. 1903 ലാണ് അദ്ദേഹം ബയ്അത്ത് ചെയ്തത്.

### കുടുംബം അഹ്മദിയ്യത്തിലേക്ക്

തുർന്ന് അദ്ദേഹത്തിന്റെ സഹോദരനും മറ്റ് കുടുംബാംഗങ്ങളും ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചു.

### ഖാദിയാനിൽ സ്ഥിരവാസം

മിയാൻ അഹ്മദ് ദീൻ സാഹിബ് (റ) ഖാദിയാനിലേക്ക് ഹിജ്റത് ചെയ്തു. അതേ വർഷം തന്നെ ഖാദിയാനിൽ തന്റെ കച്ചവടവും ആരംഭിച്ചു. അദ്ദേഹം ഖാദിയാനിൽ വെച്ച് ഹദ്റത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) ൽ നിന്ന് ഖുർആൻ തർജുമ പഠിച്ചു. അദ്ദേഹം മറ്റ് സുഹൃത്തുക്കളോടൊപ്പം ഖാദിയാന്റെ സമീപ പ്രദേശങ്ങളിൽ തബ്ലീഗിനായി പോകുമായിരുന്നു. യാത്രയിൽ വണ്ടി വരാൻ വൈകുകയാണെങ്കിൽ പ്ലാറ്റ്ഫോമിലുള്ളവരെ തബ്ലീഗ് ചെയ്യാൻ തുടങ്ങുമായിരുന്നു.

### സ്വർണപ്പണി ഉപേക്ഷിക്കണ്ട

ഒരിക്കൽ പ്രഭാത സവാരി സമയത്ത് മസീഹ് മൗഊദ് (അ) ന് ഒരു സ്വപ്നം കേൾപ്പിച്ചു. അതിൽ സ്വർണപണിക്കാരന്റെ പരാമർശവുമുണ്ടായിരുന്നു. മസീഹ് മൗഊദ് (അ) വ്യാഖ്യാനമായി പറഞ്ഞു, സ്വർണപണിക്കാർ ചതിയന്മാരാകുന്നു. അത് കേട്ടപ്പോൾ അദ്ദേഹം വളരെ ഭയപ്പെട്ടു. തിരിച്ച് വീട്ടിലെത്തിയപ്പോൾ അദ്ദേഹം മസീഹ് മൗഊദ് (അ) നോട് ചോദിച്ചു, ഹുസൂർ ഞാൻ ഈ തൊഴിൽ ഉപേക്ഷിക്കട്ടെ. കാരണം സ്വർണപണിക്കാർ ചതിയന്മാരാണെന്ന് താങ്കൾ പറഞ്ഞുവല്ലോ. ആ മഹാത്മാവ് പറഞ്ഞു: വേണ്ട. ചിലപ്പോൾ നാമും ആഭരണങ്ങൾക്കായി പറയാറുണ്ട്. ഇത് പ്രതിഫലമുള്ള പണിയാകുന്നു.

### അനുഗ്രഹം നൽകുന്നു

ഒരിക്കൽ ഹുസൂർ(അ) യാത്രയിൽ നിന്ന് മടങ്ങി വന്ന സമയത്ത് അദ്ദേഹം പറഞ്ഞു: ഹുസൂർ എനിക്ക് താങ്കളുടെ ഏതെങ്കിലും വസ്ത്രം ബർക്കത്തിനായി നൽകിയാലും. ഉടൻ തന്നെ മസീഹ് മൗഊദ് (അ) വീടിനുള്ളിലേക്ക് പോകുകയും തന്റെ കോട്ട് അഴിച്ച് അദ്ദേഹത്തിന് നൽകുകയും ചെയ്തു.

### സേവന സന്നദ്ധൻ

ഒരിക്കൽ അദ്ദേഹം ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ ഭവനത്തിനരികിലൂടെ കടന്നു പോകുമ്പോൾ മസീഹ് മൗഊദ് (അ) കറം ദാദാ സാഹിബിനെ വിളിക്കുന്നതായി കേട്ടു. ഹുസൂറിന്റെ ശബ്ദം കേട്ട് അദ്ദേഹം മുകളിലേക്ക് നോക്കി കൊണ്ട് പറഞ്ഞു: ഹുസൂർ അദ്ദേഹം ഇവിടെ ഇല്ല. എന്താണ് നിർദേശമെന്ന് എന്നോട് പറഞ്ഞാലും. ഹുസൂർ (അ) പറഞ്ഞു, ഈ ഒരു രൂപ വാങ്ങി അതിന് സ്റ്റാമ്പോ കവറോ വാങ്ങി കൊണ്ടു വരിക. അദ്ദേഹം അമൃത്സറിൽ പോകുമ്പോഴെല്ലാം ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ കുടുംബത്തോട് അനുവാദം ചോദിക്കുകയും എന്തെങ്കിലും കൊണ്ടു വരേണ്ടതുണ്ടോ എന്നും ആരായുമായിരുന്നു.

⇉

## സഹയാത്രികൻ

ഹദ്റത് മസീഹ് മൗഊദ് (അ) ഖാദിയാനിൽ നിന്ന് ബട്ടാലയിലേക്കുള്ള യാത്രയിൽ തന്നോടൊപ്പം സഹാബാക്കളുടെ ഒരു സംഘത്തേയും കൂട്ടുമായിരുന്നു. അതിൽ മിയാൻ അഹ്മദ് ദീൻ സാഹിബ് (റ) ഉം ഉൾപ്പെട്ടിരുന്നു.

## സ്വഭാവഗുണങ്ങൾ

സത്കർമത്തിനുള്ള ഒരു അവസരവും കൈ വിട്ടിരുന്നില്ല. ദാന ധർമങ്ങളിലും ചന്ദയുടെ എല്ലാ ആഹ്വാനങ്ങളിലും അദ്ദേഹം മുൻപന്തിയിലുണ്ടാകുമായിരുന്നു. ചന്ദ സ്വരുക്കൂട്ടുന്ന കാര്യത്തിൽ അദ്ദേഹത്തിന് പ്രത്യേക വൈദഗ്ധ്യം തന്നെ ഉണ്ടായിരുന്നു. ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) അദ്ദേഹത്തെ ചന്ദ കശ്മീർ ഫണ്ടിനായി നിയോഗിക്കുകയുണ്ടായി. ഒരിക്കൽ ഖലീഫ സാനി (റ) ഒരു ഖുത്വുബയിൽ പറഞ്ഞു, മിയാൻ അഹ്മദി ദീൻ സാഹിബിന് ചന്ദ വാങ്ങാൻ അറിയാം. ചന്ദ കിട്ടില്ലെന്ന് പറയുന്ന ഗ്രാമങ്ങളിൽ നിന്ന് പോലും അദ്ദേഹം ചന്ദ വാങ്ങുമായിരുന്നു. അദ്ദേഹത്തിന് വിശുദ്ധഖുർആൻ പാരായണത്തോട് പ്രത്യേക താത്പര്യം ഉണ്ടായിരുന്നു. അധിക സമയങ്ങളിലും ഖുർആൻ പാരായണത്തിൽ മുഴുകിയിരിക്കുന്നതായി കാണുമായിരുന്നു.

## വഫാത്ത്

മിയാൻ അഹ്മദ് ദീൻ സാഹിബ് (റ) ആരംഭകാല മൂസികളിൽ പെട്ട വ്യക്തിയാകുന്നു. അദ്ദേഹത്തിന്റെ വസിയ്യത്ത് നമ്പർ 21 ആകുന്നു. തന്റെ മരണം റബ്വയിൽ വെച്ചായിരിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. 1954 ഫെബ്രുവരി 14 ന് അദ്ദേഹം ചിന്യൂട്ടിൽ നിന്നും റബ്വയിൽ എത്തുകയുണ്ടായി. അന്നേ ദിവസം തന്നെ അദ്ദേഹം വഫാത്തായി. വഫാത്തിന് ശേഷം തന്നെ ഹദ്റത് അമ്മാജാൻ(റ) യുടെ പാദങ്ങൾക്കരികിൽ അടക്കപ്പെടണം എന്നതും അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു. അങ്ങനെ ബഹിശ്തി മഖ്ബറ റബ്വയിൽ അമ്മാജാനെ അടക്കം ചെയ്തിരിക്കുന്നതിന്റെ അടുത്തുള്ള ആദ്യ വരിയിൽ തന്നെ അദ്ദേഹം അടക്കം ചെയ്യപ്പെട്ടു.

## തബർറുക്കാത്ത്

ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഒരു കോട്ട് അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നു. എന്നാൽ, അത് കീറാൻ തുടങ്ങിയപ്പോൾ പല തുണ്ടങ്ങളാക്കി പലർക്കായി വീതിച്ചു നൽകി. കൂടാതെ, ഹദ്റത് മസീഹ് മൗഊദ് (അ) തലയിൽ മൈലാഞ്ചി തേച്ചതിനു ശേഷം കെട്ടിയിരുന്ന തോർത്തും, തലമുടിയും, വഫാത്ത് സമയത്ത് മസീഹ് മൗഊദ് (അ) ന്റെ ശരീരത്ത് നിന്നും അഴിച്ച കുർത്തയുടെ കൈയ്യും അദ്ദേഹത്തിന്റെ പക്കൽ തബർറുക്കായി ഉണ്ടായിരുന്നു.

(ഖാലിദ്, ഏപ്രിൽ 2012)

**(സമ്പാ: അബൂ അബ്ദുൽ ബാരി)**

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: ഇബ്നു അശ്റഫ്

## പ്രിയ സ്നേഹിതന് സാന്ത്വനം നൽകുന്നു

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മുശ്ഫിഖീ അസീസീ മുഹിബ്ബീ നവാബ് സാഹിബ് സർദാർ മുഹമ്മദ് അലി ഖാൻ സാഹിബ് സല്ലമഹുല്ലാഹു തആലാ

السلام علیکم ورحمة الله وبرکاته

താങ്കളുടെ കത്ത് ഇന്നത്തെ തപാലിൽ ലഭിച്ചു. അല്ലാഹു താങ്കൾക്ക് ആരോഗ്യം നൽകി എന്നതിൽ അൽഹംദുലില്ലാഹ് വൽ മിന്നത്ത്. പ്രതാപവാനായ അല്ലാഹു താങ്കൾക്ക് സന്തോഷം നൽകുമാറാകട്ടെ. ആയുസിലും ആശ്വാസത്തിലും ഹൃദയാഭിലാഷത്തിലും അനുഗ്രഹവും സഫലതയും നൽകട്ടെ. മിർസാ ഖുദാ ബഖ്ശ് സാഹിബിന്റെ കത്തനുസരിച്ച് താങ്കളുടെ ഉദ്ദേശ്യത്തിൽ വളരെ പ്രശ്നങ്ങൾ ഉള്ളതായി മനസ്സിലാക്കുന്നു. എന്നാൽ, ഒരു ദുആയുടെ സമയത്ത് എനിക്ക് ദർശന രൂപത്തിൽ മനസിലായത്, താങ്കൾ എന്റെ പക്കൽ സന്നിഹിതനാണ്. ആദരവും ബഹുമതിയും ലഭിക്കുമ്പോൾ മനുഷ്യന്റെ കഴുത്ത് സന്തോഷത്താൽ ഉയരുന്നതു പോലെ പെട്ടെന്ന് താങ്കളുടെ കഴുത്ത് ഉയരുന്നു. ഈ സുവാർത്ത എപ്പോൾ എത്തരത്തിലുള്ള അഭിവൃദ്ധിയുമായി ബന്ധപ്പെട്ടതാണെന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. അതിന്റെ പുലർച്ചയുടെ കാലഘട്ടം എപ്പോഴാണെന്ന് എനിക്കറിയില്ല. എന്നാൽ എന്നെങ്കിലും ഒരു സമയത്ത് ഏതെങ്കിലും തരത്തിലുള്ള അംഗീകാരവും വിജയവും ആദരവും അല്ലാഹുവിൽ നിന്ന് താങ്കൾക്ക് വിധിക്കപ്പെട്ടിട്ടുണ്ട് എന്നെനിക്ക് പറയാൻ സാധിക്കുന്നതാണ്. ആ കാലഘട്ടം സമീപസ്ഥമായാലും വിദൂരസ്ഥമായാലും താങ്കൾക്ക് വന്നു ഭവിച്ച ഖിന്നതയിൽ എനിക്ക് ആദ്യം ദു:ഖം തോന്നിയെങ്കിലും ഇന്ന് ഞാൻ സന്തോഷവാനാണ്. കാരണം താങ്കളുടെ അന്ത്യപരിണിത ഫലത്തിന്റെ മേന്മയെ സംബന്ധിച്ച് എനിക്ക് ദർശനത്തിലൂടെ അറിവ് ലഭിച്ചിരിക്കുന്നു. വല്ലഹു അഅ്ലമു ബിസ്സവാബ്.

ഞാനൊരു ആകാശീയതീരുമാനത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്നു എന്ന് ആദ്യ കത്തിൽ എഴുതിയിരുന്നു. അതിന്റെ പ്രത്യക്ഷ സംവിധാനത്തെ നേരെയാക്കുന്നതിനായി 1891 ഡിസംബർ 27 ന് ഒരു ജൽസ നടത്താൻ തീരുമാനിച്ചിരിക്കുന്നു. വിവിധ സ്ഥലങ്ങളിൽ നിന്ന് ഭൂരിഭാഗം ആത്മാർഥരും ഒത്തു ചേരുന്നതാണ്. എന്നാൽ പ്രിയ സ്നേഹിതനായ താങ്കൾക്ക് ക്ഷീണവും ബലഹീനതയും കാരണത്താൽ ഇത്തരത്തിലുള്ള അനുഗ്രഹീത ജൽസയിൽ പങ്കെടുക്കാൻ സാധിക്കില്ല എന്നതിൽ എനിക്ക് ദു:ഖമുണ്ട്. ഈ അവസ്ഥയിൽ താങ്കൾക്ക് ബുദ്ധിമുട്ടില്ലായെങ്കിൽ മിർസാ ഖുദാ ബഖ്ശ് സാഹിബിനെ അയക്കുന്നത് ഉചിതമായിരിക്കും. മറ്റെല്ലാം സുഖം തന്നെ.

22.12.1891

വസ്സലാം
വിനീതൻ
ഗുലാം അഹ്മദ്, ഖാദിയാൻ

# ദീനീസേവനത്തിനായി സമർപിതരാകുക

ദീനീസേവനത്തിനായി മുന്നോട്ട് വരണമെന്ന് ഞാൻ യുവാക്കളോട് ആവശ്യപ്പെടുകയാണ്. പ്രവർത്തിക്കുന്നതാണെന്ന ഉറച്ച വിശ്വാസത്തോടെ മുന്നോട്ട് വരിക. ഹദ്റത് ഖാലിദ്(റ) ഇബ്നു വലീദ് യുവാവായിരുന്നപ്പോൾ ഹദ്റത് ഉമർ (റ) അദ്ദേഹത്തിന്റെ സ്ഥാനത്ത് ഹദ്റത് അബൂഉബൈദ (റ) ഇബ്നു ജർറാഹ് നെ സൈനിക മേധാവിയായി നിയമിക്കുകയുണ്ടായി. ഹദ്റത് ഖാലിദ്(റ) ഉന്നത സ്ഥാനത്തെ മാനിച്ചു കൊണ്ട് ഹദ്റത് അബൂഉബൈദ(റ) അദ്ദേഹത്തിൽ നിന്നും ആ സമയത്ത് സൈനികമേധാവിത്വം സ്വീകരിക്കുന്നത് അനുചിതമായി കണക്കാക്കി. ഹദ്റത് ഖാലിദ്(റ) ഇബ്നു വലീദിന് തന്റെ സ്ഥാനാവരോഹണത്തെ സംബന്ധിച്ച് അറിവ് ലഭിച്ചപ്പോൾ അദ്ദേഹം ഉടൻ ഹദ്റത് അബൂഉബൈദ (റ) ന്റെ പക്കൽ ചെന്നു കൊണ്ട് എന്റെ സ്ഥാനാരോഹണത്തെ സംബന്ധിച്ച വിവരം ലഭിച്ചിട്ടും എന്ത് കൊണ്ട് താങ്കൾ അത് നടപ്പാക്കുന്നില്ല എന്നാരാഞ്ഞു. ഹദ്റത് അബൂഉബൈദ(റ) മറുപടിയായി പറഞ്ഞു, ഖാലിദേ! താങ്കൾ ഇസ്ലാമിന് വേണ്ടി അതിമഹത്തരങ്ങളായ സേവനങ്ങൾ അനുഷ്ഠിച്ചിട്ടുണ്ട്. അതിനാൽ മേലിലും അത് തുടർന്ന് കൊണ്ടേ പോകുക. ഹദ്റത് ഖാലിദ് (റ) പറഞ്ഞു, അത് ശരിയായിരിക്കാം. എന്നാൽ കാലത്തിന്റെ ഖലീഫയുടെ കല്പന അനുസരിക്കേണ്ടതും അനിവാര്യമാകുന്നു. ആയതിനാൽ, താങ്കൾ എന്നെ സ്ഥാനഭ്രഷ്ടനാക്കുകയും സൈനിക മേധാവിത്വം ഏറ്റെടുക്കുകയും ചെയ്യുക. താങ്കൾ എനിക്ക് ഒരു ശിപായിയുടെ ജോലി തന്നാലും ഞാനത് പ്രസന്നതയോടെ നിറവേറ്റുന്നതാണ്. എന്ത് തന്നെയായാലും കാലത്തിന്റെ ഖലീഫയുടെ കല്പന നിറവേറ്റേണ്ടതാണ്. ഹദ്റത് അബൂഉബൈദ (റ) പറഞ്ഞു: കാലത്തിന്റെ ഖലീഫയുടെ തീരുമാനം വന്നു കഴിഞ്ഞ നിലയ്ക്ക് എനിക്ക് സൈനീക മേധാവിത്വം ഏറ്റെടുത്തേ മതിയാവൂ. എങ്കിൽ തന്നെയും താങ്കൾ ജോലി തുടർന്നു കൊണ്ടേ പോകുക. ഹദ്റത് ഖാലിദ് (റ) പറഞ്ഞു: താങ്കൾ നിർദേശങ്ങൾ നൽകിക്കൊണ്ടേയിരിക്കുക. ഞാൻ ജോലി തുടർന്നു കൊണ്ടേ പോകുന്നതാണ്. ചില സന്ദർഭങ്ങളിൽ ഓരോ മുസ്ലിമിന് എതിരിലും നൂറ് കണക്കിന് ക്രൈസ്തവർ ഉണ്ടാകുമായിരുന്നു. അപ്പോഴെല്ലാം അവർക്കെതിരിൽ പോരാടാൻ തയ്യാറാണ് എന്നുള്ള തായിരുന്നു ഹദ്റത് ഖാലിദ് (റ) ന്റെ തീരുമാനം.

ഇസ്ലാമും അഹ്മദിയ്യത്തും മുഴുലോകത്തിനും മേൽ വിജയം കൈവരിക്കുന്നതാണെന്ന ദൈവിക വാഗ്ദാനത്തിൽ ഉറച്ച് വിശ്വസിക്കുക. ഈ വിജയം നിങ്ങളുടെ കരങ്ങളാൽ സാധ്യമാകുകയാണെങ്കിൽ റസൂൽ തിരുമേനി (സ) യുടെ ശഫാഅത്ത് നിങ്ങൾക്കായി സമർപിക്കപ്പെടുന്നതാണ്. കാരണം, ഇസ്ലാമിനെ അതിന്റെ ദൗർബല്യത്തിൽ നിന്നും പരാജയത്തിൽ നിന്നും ശക്തിയിലേക്കും വിജയത്തിലേക്കും പരിവർത്തിക്കുന്നവരായിരിക്കും നിങ്ങൾ. അല്ലാഹു പറയും, വിശുദ്ധഖുർആൻ അവതരിപ്പിച്ചത് ഞാനാണ്. എന്നാൽ അതിനെ ഭൂമിയിൽ സ്ഥാപിച്ചത് നിങ്ങളാണ്. തത്ഫലമായി വിശുദ്ധഖുർആന്റെ അനുഗ്രഹങ്ങൾ നിങ്ങളിൽ അധികമായി വർഷിക്കുന്നതാണ്. നിങ്ങൾ അതിൽ നിന്ന് ധാരാളമായി പ്രയോജനം കരസ്ഥമാക്കുന്നവരായിരിക്കും. നിങ്ങളുടെ സന്താനങ്ങൾ പോലും പുരോഗതി കൈവരിക്കുന്നതാണ്.

**ഖാദിംകളോട്**

**ഹദ്റത് മുസ്ലിഹ് മൗഊദ് (റ)**



മശ്അലെ രാഹ് വാല്യം 1

സമ്പാ: ടി.അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ

# അഹ്മദിയ്യത്തിന്റെ യഥാർഥ സേവകരാകുക

**ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്):**

അല്ലാഹു നിങ്ങളെ ശരിയായ അർഥത്തിൽ ഖുദ്ദാമെ അഹ്മദിയ്യത്ത് (അഹ്മദിയ്യത്തിന്റെ സേവകർ) ആക്കുമാറാകട്ടെ. വെറും മുദ്രാവാക്യങ്ങളും ഗാനാലാപനങ്ങളും ശപഥങ്ങളും മാത്രമാകരുത്, മറിച്ച് ഒരു അഹ്മദി ഖാദിമിൽ എന്താണോ കാണേണ്ടത് യഥാർഥത്തിൽ അത് കാണുമാറാകണം. ഭാവിയിൽ കുട്ടികളും ചെറുപ്രായത്തിലുള്ള ഖുദ്ദാമും ഇത് നോക്കി നടത്തേണ്ടവരാണ്. അന്ന് ജമാഅത്ത് വ്യാപിക്കുകയും ചെയ്യുന്നതാണ്. (ഇൻശാഅല്ലാഹ്) പക്ഷേ ഈ മാറ്റങ്ങൾ ഉണ്ടാക്കിയില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പ്രദേശങ്ങളിൽ നഷ്ടബോധമുള്ളവരായി മാറും. കാരണം ഞാൻ പറഞ്ഞതുപോലെ ജമാഅത്ത് വ്യാപിക്കുന്നതോടൊപ്പം ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഉത്തരവാദിത്വങ്ങളും വർദ്ധിക്കുന്നതാണ്.

(ഖാലിദ് മാസിക 2004 നവംബർ)

അൻസാർ കോളം

# ഖുദ്ദാമുൽ അഹ്മദിയ്യ നിങ്ങളുടെ സ്വന്തം മക്കൾ

40 വയസ്സിന് താഴെ പ്രായമുള്ള എല്ലാവരും ഖുദ്ദാമുൽ അഹ്മദിയ്യായിൽ അംഗമാകുന്നു. 40 വയസ്സിന് താഴെയോ അല്ലെങ്കിൽ മുകളിലോ ഉള്ളവർ പ്രാദേശിക അഞ്ചുമന്റെയും അംഗമാകുന്നു. അതിൽ നിന്ന് വ്യതിരിക്തമല്ല...... ഖുദ്ദാമുൽ അഹ്മദിയ്യായും അൻസാറുല്ലായും ചേർന്നതാണ് പ്രാദേശിക അഞ്ചുമൻ. അതിനാൽ ഖുദ്ദാമുൽ അഹ്മദിയ്യായുമായി ഞങ്ങൾക്ക് എന്ത് ബന്ധം എന്ന് പറഞ്ഞവർ മനസ്സിലാക്കുക, ഖുദ്ദാമുൽ അഹ്മദിയ്യ വേറിട്ടൊരു വസ്തുവല്ല മറിച്ച്, ഖുദ്ദാമുൽ അഹ്മദിയ്യാ എന്നത് അവരുടെ സ്വന്തം കുട്ടികൾ തന്നെയാണ്. ഞങ്ങൾക്ക് ഖുദ്ദാമുൽ അഹ്മദിയ്യായോട് എന്ത് ബന്ധം എന്ന് ചോദിച്ചവർ മറ്റൊരർഥത്തിൽ ഞങ്ങളുടെ കുട്ടികൾ ജീവിച്ചാലും മരിച്ചാലും ഞങ്ങൾക്കെന്ത് എന്ന് പറഞ്ഞവരെപ്പോലെയാകുന്നു. ഏതെങ്കിലും ബുദ്ധിമാനായ വ്യക്തി അങ്ങനെ പറയുമോ? യുവാക്കളുടെ സമുദ്ധാരണത്തിനായിട്ട് മാത്രമാണ് ഖുദ്ദാമുൽ അഹ്മദിയ്യ സ്ഥാപിച്ചിരിക്കുന്നത്. അതിനാൽ, ഞങ്ങൾക്ക് ഞങ്ങളുടെ മക്കളുടെ സമുദ്ധാരണം അനിവാര്യമായി തോന്നുന്നില്ല, അവരിൽ സാമൂഹികാത്മാവ് സംജാതമാകണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, അവരിൽ ജോലിയെടുക്കുന്നതിനുള്ള ശീലം ഉടലെടുക്കണമെന്ന് ആഗ്രഹിക്കുന്നില്ല, അല്ലെങ്കിൽ ഒരു പ്രസ്ഥാനത്തിൽ പങ്കാളികളായ കാരണത്താൽ അവരിൽ അനുസരണം ഉടലെടുക്കരുത് എന്നൊക്കെ പറയുന്ന മാതാപിതാക്കൾ എന്ത് മാതാപിതാക്കളാണ്? അൻസാറുല്ലായുടെ ഈ മറുപടിയിൽ എനിക്ക് ഒരു കശ്മീരിയുടെ ഉദാഹരണം ഓർമ വരികയാണ്. പറയുന്നു, ഒരു കശ്മീരി പഞ്ചാബിൽ എത്തി. ഉഷ്ണകാലമായിരുന്നു. മിഥുനമാസമായിരുന്നു. ഒരു ദിവസം അയാൾ പൊരിയുന്ന വെയിലിൽ ഇരിക്കുകയായിരുന്നു. എന്നാൽ അടുത്തു തന്നെ ഒരു മതിലിന്റെ തണലും ഉണ്ടായിരുന്നു. നിങ്ങൾ എന്തിനാണ് ഇവിടെ ഇരിക്കുന്നത്, നിങ്ങളുടെ സമീപത്തു തന്നെ തണലുണ്ടല്ലോ, അവിടേക്കിരിക്കാമായിരുന്നില്ലേ? എന്നയാളോട് ചോദിച്ചു. കശ്മീരീ സാഹിബ് ഉടനെ തന്നെ കൈനീട്ടി കൊണ്ട് പറഞ്ഞു, ഞാനവിടേക്കിരിക്കുകയാണെങ്കിൽ എനിക്ക് എന്താണ് തരിക? ഇതാണവരുടെ അവസ്ഥ.

ഞങ്ങൾ നിങ്ങളുടെ മക്കളുടെ സമുദ്ധാരണത്തിനായി ശ്രദ്ധിക്കുക എന്ന് പറഞ്ഞപ്പോൾ ഞങ്ങൾക്ക് എന്ത് തന്നിട്ടാണ് ഞങ്ങൾ നിങ്ങൾക്ക് ചന്ദ തരേണ്ടത് എന്നാണ് മറുപടി. ഖുദ്ദാമുൽ അഹ്മദിയ്യാ എന്താണ് ചെയ്യുന്നത് എന്നുള്ള ചോദ്യം എന്റെ അഭിപ്രായത്തിൽ ശരിയല്ല......

ഖുദ്ദാമുൽ അഹ്മദിയ്യായെയും അൻസാറുല്ലായെയും വെവ്വേറെ ആയിട്ടല്ല സ്ഥാപിച്ചിരിക്കുന്നത് മറിച്ച്, ഒരേ ലക്ഷ്യത്തിനായും ഒരേ ഉദ്ദേശ്യത്തിനായും വേണ്ടി അവരുടെ ചുമലിൽ വ്യത്യസ്ത കടമകളാണ് ഏൽപ്പിച്ചിരിക്കുന്നത്......

കെട്ടിടത്തിന്റെ നാലു ചുവരുകളും പൂർത്തിയാക്കുക എന്നതാണ് അൻസാറുല്ലാഹ്, ഖുദ്ദാമുൽ അഹ്മദിയ്യ എന്നത് കൊണ്ട് ഞാൻ ഉദ്ദേശിച്ചത്. ഒരു ചുവർ അൻസാറുല്ലായാകുന്നു, രണ്ടാമത്തേത് ഖുദ്ദാമുൽ അഹ്മദിയ്യാ ആകുന്നു, മൂന്നാമത്തേത് അത്ഫാലുൽ അഹ്മദിയ്യ, നാലാമത്തേത് ലജ്ന ഇമാഇല്ലാഹ്. അഥവാ, ഈ നാല് ചുമരുകളും പരസ്പരം വേറിട്ടു പോകുകയാണെങ്കിൽ നിശ്ചയമായും കെട്ടിടം തകർന്നു വീഴുന്നതാണ്. നാല് ചുമരുകളും പരസ്പരം കൂടി നിൽക്കുമ്പോഴാണ് കെട്ടിടം പൂർണമാകുന്നത്. നാല് ചുമരുകളും പരസ്പരം അകലുകയാണെങ്കിൽ നാല് മതിലുകൾക്കും ചേർന്ന് ഒരു മതിലിന്റെ മൂല്യം പോലും ഉണ്ടാകില്ല.....

അതിനാൽ അൻസാറുല്ലായേയും ഖുദ്ദാമുൽ അഹ്മദിയ്യായേയും ഉപദേശിച്ച് കൊണ്ട് ഞാൻ പറയുകയാണ് അവർ സ്വയം തങ്ങളെ ഭിന്നതയ്ക്കും പിളർപ്പിനും കാരണക്കാരാക്കരുത്. അഥവാ, ഏതെങ്കിലും ഭാഗത്ത് പിളർപ്പുണ്ടായാൽ അല്ലാഹുവിന് മുന്നിൽ ഉത്തരം പറയേണ്ടി വരും, എന്റെ മുന്നിൽ ഉത്തരം പറയേണ്ടി വരും അല്ലെങ്കിൽ അന്നേരമുള്ള ഇമാമിന് മുന്നിൽ ഉത്തരം പറയേണ്ടി വരും. കാരണം പ്രതിഫലം കരസ്ഥമാക്കുന്നതിനായിട്ടാണ് നാം ഈ സന്ദർഭം ഒരുക്കി തന്നത്, അല്ലാതെ ജമാഅത്തിന് മുമ്പുണ്ടായിരുന്ന ശക്തിയെ പാഴാക്കിക്കളയുന്നതിനായിട്ടല്ല. (ഖുത്വുബ ജുമുഅ: 2.7.45)



# വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

**എന്തു കൊണ്ടാണ് ഖലീഫമാർ പ്രത്യേകരീതിയിലുള്ള തലപ്പാവ് ഉപയോഗിക്കുന്നത്? അത് നിർബന്ധമാക്കപ്പെട്ടതാണോ?**

അത് ഒരു നിർബന്ധമാക്കപ്പെട്ടിട്ടുള്ള വസ്തുതയല്ല. രാവിലെ നടക്കാൻ പോകുന്ന സമയത്ത് ഞാൻ അത് ഉപയോഗിക്കാറില്ല. അതുപോലെത്തന്നെ പിക്നികിനും മറ്റും പോകുമ്പോൾ സാധാരണ തൊപ്പിയോ, ചിലപ്പോൾ തലയിൽ ഒന്നും ധരിക്കാതെയോ ഇരിക്കാറുണ്ട്. അതുകൊണ്ട് ഇത് ഒരു നിർബന്ധമല്ല. എന്നാൽ ഒരു സമ്പ്രദായമായതിനാൽ, ഇതിനു മുമ്പ് വന്നിട്ടുള്ള ഖലീഫമാർ ഉപയോഗിച്ചത് പോലെ ഞാനും തലപ്പാവ് ഉപയോഗിച്ചു പോന്നു. ആദരവിന്റെയും ഉത്തരവാദിത്വത്തിന്റെയും കൂടി അടയാളമാണ് ഇത്. പൂർവ്വ ഖലീഫമാർ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന രീതിയിലുള്ള വസ്ത്രധാരണയും ഞാൻ നിലനിർത്തികൊണ്ടുവരുന്നു. എന്നാൽ ഇതിൽ യാതൊരു തരത്തിലുള്ള മതപരമായ നിർബന്ധമില്ല.

**താങ്കൾ ഭാവിയിൽ ഒരു ഖലീഫയാകാൻ പോവുകയാണ് എന്നതിന് മുന്നോടിയായി എന്തെങ്കിലും സ്വപ്നങ്ങൾ ഉണ്ടായിരുന്നുവോ?**

എനിക്ക് ചില ചെറിയ അടയാളങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഭാവിയിൽ ഖലീഫയാകുമെന്നു സ്വപ്നം കാണുക എനിക്ക് അസാധ്യമായിരുന്നു. ഇതിനോടനുബന്ധിച്ച് ഒരു അടയാളമെന്ന നിലയിൽ എനിക്ക് ഒരു വ്യാഖ്യാനം നിങ്ങൾക്ക് കേൾപ്പിക്കാൻ കഴിയും. ഞാൻ (ഹുസൂർ) സ്വപ്നത്തിൽ കണ്ടത് ഇതായിരുന്നു: ഞാൻ വിശുദ്ധ ഖുർആന്റെ ദർസ് നടത്തുകയാണ്. എന്റെ വലത് വശത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം അടുത്തിരിക്കുന്ന ഖലീഫത്തുൽ മസീഹ് രണ്ടാമനോട് സ്വകാര്യമായി എന്തോ സംഭാഷണം നടത്തുന്നുണ്ടായിരുന്നു. എന്നാൽ അവർ രണ്ടു പേരും ഞാൻ ഉദ്ധരിക്കാൻ പോകുന്ന ദർസ് ഏതെന്ന് ആകാംഷയോടെ വീക്ഷിക്കുന്നുണ്ടായിരുന്നു. ഞാൻ തിരഞ്ഞെടുത്ത സൂറത്ത് "ഖുൽ അഊദു ബി റബ്ബിൽ ഫലഖ്" എന്ന് തുടങ്ങുമ്പോൾ ഞാൻ അവരുടെ മുഖത്തേക്ക് നോക്കുകയുണ്ടായി, അപ്പോൾ അവരുടെ മുഖങ്ങൾ വളരെയധികം പ്രകാശമയമായിരുന്നു. അവർ ഇരുവരും സന്തോഷഭരിതരായിരുന്നു അപ്പോൾ. ഈ ഒരു സ്വപ്നം മാത്രമായിരുന്നു ഞാൻ കണ്ടിരുന്നത്. പിന്നീട് ഞാൻ ഖലീഫ തിരുമനസ്സിനോട് പറഞ്ഞപ്പോൾ അദ്ദേഹം എന്റെ മുഖം നോക്കി തുടർച്ചയായി പുഞ്ചിരിക്കുക മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ അദ്ദേഹം ഒരക്ഷരം പോലും ഉരുവിട്ടിരുന്നില്ല. ഇത് എനിക്ക് (ഹുസൂറിന്) ഒരിക്കലും മറക്കാനാകാത്ത കാര്യമായിരുന്നു. ഖുർആനിലൂടെയോ മറ്റോ അല്ലാഹു ഇതിന്റെ വിവരണം എനിക്ക് അറിയിച്ചു തരും എന്ന് ഞാൻ വിചാരിച്ചിരുന്നു. ഇത് ഖിലാഫത്തിനോട് അനുബന്ധിച്ചുള്ള ഒരു അടയാളമായിരുന്നുവെന്ന് എനിക്ക് പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞു.

*സമ്പാ: ഡോ. സി. സലാഹുദ്ദീൻ,കോഴിക്കോട്*



**Meeting with Huzur**

# സിംഗപ്പൂരിൽ മജ്‌ലിസെ ആമിലയുമായി കൂടിക്കാഴ്ച

*സിംഗപ്പൂർ, മലേഷ്യ, ഫിലിപ്പയിൻസ്, തായ്‌ലാന്റ്, ബർമ, ശ്രീലങ്ക എന്നിവിടങ്ങളിലെ നാഷണൽ മജ്‌ലിസ് ആമില അംഗങ്ങളാണ് പങ്കെടുത്തത്.*

• മലേഷ്യയുടെ നാഷനൽ സദ്ർ സാഹിബിന് നിർദേശം നൽകി കൊണ്ട് പറഞ്ഞു: പൊതു ജനസമ്പർക്കം വർദ്ധിപ്പിക്കുക. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലെയും ഭരണകൂടത്തിലെ ഉദ്യോഗസ്ഥരുമായും സിവിൽ ഉദ്യോഗസ്ഥരുമായും ബന്ധം സ്ഥാപിക്കുക... വളരെയധികം പരിശ്രമം നടത്തികൊണ്ട് തങ്ങളുടെ ബന്ധങ്ങളെ വിശാലമാക്കുന്നതിനായി യുവാക്കളുടെ ഒരു സംഘത്തെ തയ്യാറാക്കുക. സർക്കാർതലത്തിലെയും സിവിൽ തലത്തിലെയും എല്ലാ വിഭാഗങ്ങളിലും ഇവർ ഉണ്ടായിരിക്കേണ്ടതാണ്. എല്ലാ വിഭാഗങ്ങളിലും നമ്മുടെ പ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതാണ്. വിദ്യാർത്ഥികളെ സ്ഥിരമായി കൗൺസിലിങ്ങ് ചെയ്യാനും അവർക്ക് മാർഗനിർദേശങ്ങൾ നൽകുവാനുമായി സെക്രട്ടറി തഅ്‌ലീമിനെ ചുമതലപ്പെടുത്തുക.

• മലേഷ്യ, സിംഗപ്പൂർ, തായ്‌ലാന്റ്, ബർമ എന്നിവിടങ്ങളിലെ തബ്ലീഗ് സെക്രട്ടറിമാരോട് ഹുസൂർ തിരുമനസ്സ് പറഞ്ഞു: പുതുതായി ബയ്അത്ത് ചെയ്തവരുമായി സുദൃഢമായ ബന്ധം സ്ഥാപിക്കുക. അവരെ ജമാഅത്ത് സംവിധാനത്തിന്റെ ഭാഗമാക്കി മാറ്റുക. ബയ്അത്ത് ചെയ്തതിനു ശേഷം ശരിയായ നിലയിൽ ബന്ധം ഉണ്ടാകാത്തത് കാരണം അവർ പിന്നോട്ട് മാറുന്നു. അവർക്ക് ശരിയായ ശിക്ഷണം നൽകുക. സ്ഥിരമായ ബന്ധം സ്ഥാപിക്കുക. മുബല്ലിഗ്മാർക്ക് അവരുമായി വ്യക്തിഗത ബന്ധം ഉണ്ടായിരിക്കണം.

• സെക്രട്ടറി തഅ്‌ലീമിനോട് പറഞ്ഞു, സെക്കണ്ടറി വിദ്യാഭാസം പൂർത്തിയാക്കുന്നവർക്ക് മാർഗനിർദേശം നൽകുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുക.

• ഹുസൂർ തിരുമനസ്സ് പറഞ്ഞു: ചന്ദ ഒരു നികുതി അല്ല. തോതനുസരിച്ച് നൽകാൻ സാധിക്കാത്തവർ അനുമതി കരസ്ഥമാക്കേണ്ടതാണ്.

• ആവശ്യ സന്ദർഭങ്ങളിൽ ഉപകാരപ്പെടുന്ന നിലയിൽ രാഷ്ട്രീയക്കാരുമായി ബന്ധം സ്ഥാപിക്കുക. അവർ ബയ്അത്ത് ചെയ്യേണ്ടത് അനിവാര്യമല്ല. രാഷ്ട്രീയക്കാർ ഭൗതികരായിരിക്കും. അവർക്ക് World Crisis And The Pathway To Peace എന്ന ഗ്രന്ഥം നൽകുക. അഹ്മദിയ്യത്തിനെ സംബന്ധിച്ചുള്ള അവരുടെ കാഴ്ചപ്പാട് മാറുന്നതാണ്. അതുപോലെ ജേർണലിസ്റ്റ്സ്, ബ്യൂറോക്രാറ്റ്സ് എന്നിവരുമായും ബന്ധം സ്ഥാപിക്കുക. അവർക്കും ഈ ഗ്രന്ഥം നൽകുക..... മുസ്‌ലിം സ്കോളർമാർക്കും അമുസ്‌ലിം സ്കോളർമാർക്കും ഈ ഗ്രന്ഥം നൽകുക. ഏതെങ്കിലും മുല്ലാക്കളുമായും ബന്ധം ഉണ്ടെങ്കിൽ അവർക്കും നൽകുക.

• ഫിലിപ്പയിൻസിലെ ഡോക്ടർ അലീം സാഹിബിനോട് പറഞ്ഞു: താങ്കൾ ഒരു കത്ത് എഴുതി തയ്യാറാക്കി അവിടെയുള്ള ഭരണാധികാരികൾക്കും തിരഞ്ഞെടുക്കപ്പെട്ട ആളുകൾക്കും World Crisis And The Pathway To Peace എന്ന ഗ്രന്ഥത്തോടൊപ്പം നൽകുക.

• ഒരു ചോദ്യത്തിന് ഉത്തരമായി ഹുസൂർ പറഞ്ഞു: ചെറിയ ജമാഅത്തുകളിൽ അർഹരായ ആളുകൾ ഇല്ലെങ്കിൽ നവ അഹ്മദികൾക്കും ഭാരവാഹിത്വം നൽകാവുന്നതാണ്. നവ അഹ്മദികൾക്ക് ശിക്ഷണം നൽകി അവരെ ജമാത്തിന്റെ ഭാഗമാക്കി മാറ്റുക. യു.കെ യിൽ രണ്ടു വർഷം മുമ്പ് Jonathon Botterworth എന്നൊരു ബ്രീട്ടീഷുകാരൻ ബയ്അത്ത് ചെയ്തിരുന്നു. ഇത്തവണ അദ്ദേഹം നാഷണൽ ആമിലയിൽ നവ അഹ്മദികൾക്കായുള്ള സെക്രട്ടറി തർബിയ്യത്തായി തിരഞ്ഞെടുക്കപ്പെട്ടു. വളരെ ഊർജസ്വലനാണ്. എം.ടി.എ യിലും അദ്ദേഹത്തിന്റെ പരിപാടികൾ ഉണ്ടാകാറുണ്ട്.

• പറഞ്ഞു: ഊർജസ്വലരായ നവ അഹ്മദികൾക്ക് ഭാരവാഹിത്വം നൽകാവുന്നതാണ്. അവരുടെ യോഗ്യതയനുസരിച്ച് അവരെ പ്രയോജനപ്പെടുത്താവുന്നതാണ്.

• മലേഷ്യയുടെ ദേശീയ സദ്ർ സാഹിബിനോട് പറഞ്ഞു: സന്ദേശം എത്തിക്കുന്നതിനായി നിങ്ങൾ ഏത് രീതിയാണോ ആഗ്രഹിക്കുന്നത് അത് അവലംബിച്ചു കൊള്ളുക. പഴയ രീതികളെ തന്നെ അവലംബമാക്കണെമെന്നില്ല. പുതിയ മാർഗങ്ങൾ അന്വേഷിക്കുക. പുതിയ രീതികൾ സ്വായത്തമാക്കുക. തങ്ങളുടെ പരിപാടികളിൽ യുവാക്കളായ ഖാദിമുകളെ ഉൾപ്പെടുത്തുക. അവരെ ഉപയാഗപ്പെടുത്തുക. മുതിർന്നവരുടെ അനുഭവത്തെ പ്രയോജനപ്പെടുത്തുക. പരിപാടികൾ ആസൂത്രണം ചെയ്യുമ്പോൾ അവരുടെ സഹായവും തേടുക. എന്നാൽ പരിപാടി യുവാക്കളാൽ പ്രാവർത്തിമാക്കുക.

• എം.ടി.എ യ്ക്കായി യുവാക്കൾക്ക് പരിശീലനം നൽകുന്നതിനെ സംബന്ധിച്ച് സിംഗപ്പൂർ സദ്ർ സാഹിബിനോട് പറഞ്ഞു: താങ്കൾ ഇതിനായി ഇക്കാര്യത്തിൽ താത്പര്യമുള്ള രണ്ട് യുവാക്കളെ തിരഞ്ഞെടുത്ത് ലണ്ടനിലേക്കയക്കുക. അവിടെ ഞങ്ങൾ അവർക്ക് ഒരു മാസത്തെ പരിശീലനം നൽകുന്നതാണ്. അതു പോലെ വർഷത്തിലെ മൂന്ന് നാല് ദിവസത്തെ റെഫ്രഷർ കോഴ്സും ഉണ്ടാകാറുണ്ട്. അതിലേക്കും ഇവിടെ എം.ടി.എ യ്ക്കായി പ്രവർത്തിക്കുന്ന സാങ്കേതിക പരിജ്ഞാനമുള്ള, താൽപര്യമുള്ള യുവാക്കളെ അയക്കുക.

(അൽഫള്ൽ ഇൻർനാഷണൽ)

**നുറുങ്ങുകൾ**
ടി.എം

# ഹദ്റത് സൽമാൻ ഫാർസി (റ) ന്റെ മുഖം



1938 ൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി(റ) സിന്ധിൽ നിന്നും മടങ്ങി വരുന്ന സമയത്ത് തീവണ്ടി ലോധരാൻ സ്റ്റേഷനിൽ എത്തിയപ്പോൾ മറ്റ് സ്റ്റേഷനിലെ പോലെ തന്നെ ഹുസൂറിനെ സന്ദർശിക്കാൻ ധാരാളം അഹ്മദികൾ എത്തിച്ചേർന്നു. അന്നേരം വണ്ടിയിലുണ്ടായിരുന്ന മുൽത്താനിലെ ഒരു ഹിന്ദു നേതാവായ ലാലാ കല്യാൺദാസ് സാഹിബ് ഹദ്റത് ഡോക്ടർ ഹശ്മത്തുല്ലാഹ് സാഹിബിനോട് ഹുസൂറിനെ കാണുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഹുസൂർ അനുമതി നൽകിയപ്പോൾ അദ്ദേഹം വണ്ടിയിലേക്ക് കയറുകയും ഒന്നും സംസാരിക്കാതെ ദീർഘനേരം മൗനമായി നിൽക്കാൻ തുടങ്ങി. ഡോക്ടർ സാഹിബ് നോക്കിയപ്പോൾ അദ്ദേഹത്തിന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകുന്നതായി കണ്ടു. ഏങ്ങി ഏങ്ങി കരയുകയായിരുന്നു. അല്പനേരത്തേക്ക് അതേ അവസ്ഥ നിലനിന്നു. അവസാനം അദ്ദേഹം വിശദമായി തന്റെ ഒരു ദർശനം കേൾപ്പിക്കാൻ തുടങ്ങി. അതിന്റെ ചുരുക്കം ഇപ്രകാരമായിരുന്നു, ഞാൻ നാല് വർഷം മുമ്പ് കർബല, നജഫ്, കൂഫ, ബഗ്ദാദ് എന്നിവിടങ്ങളിൽ സിയാറത്തിനായി പോയിരുന്നു. ബഗ്ദാദ് ശരീഫിൽ ഹദ്റത് സൽമാൻ ഫാർസി(റ) ന്റെ ദർഗാഹിൽ എത്തിയപ്പോൾ എനിക്ക് വളരെ ശാന്തി അനുഭവപ്പെട്ടു. ഞാൻ അവിടെ നിന്നു കൊണ്ട് കണ്ണുകളടച്ച് ദുആ ചെയ്തു. അപ്പോൾ ഞാൻ സൽമാൻ ഫാർസി (റ) നെ ദർശനത്തിൽ കണ്ടു. അതിനു ശേഷം ഞാൻ ഇറാൻ, ബലൂചിസ്ഥാൻ, ഇന്ത്യ എന്നിവിടങ്ങളിലെ മുക്കും മൂലയും തിരഞ്ഞു. എന്നാൽ എനിക്ക് അദ്ദേഹത്തെ പോലെയുള്ളതോ അല്ലെങ്കിൽ അദ്ദേഹത്തോട് സമാനതയുള്ളതുമായതോ ആയ ആരെയും കാണാൻ സാധിച്ചില്ല.

എന്നാൽ ഇന്ന് ഞാൻ ഖാൻപൂർ സ്റ്റേഷനിൽ ഹുസൂറിനെ കണ്ടപ്പോൾ എനിക്ക് ഹദ്റത് സൽമാൻ ഫാർസി(റ)ന്റെ സിയാറത്ത് ഓർമ വന്നു. സൽമാൻ ഫാർസി(റ) ന്റെ മസാറിൽ വച്ചു കണ്ട അതേ മുഖമായിരുന്നു ഹുസൂറിന്റേത്. പിന്നീട് ലാലാ കല്യാൺദാസ് സാഹിബ് അടുത്ത സ്റ്റേഷനിൽ ഇറങ്ങുന്നതിനായി ഹുസൂറിനോട് അനുമതി തേടി. ഹുസൂർ ഹസ്തദാനത്തിനായി കൈ നീട്ടി. എന്നാൽ അദ്ദേഹം കൈക്ക് പകരമായി കാലിലേക്ക് കുനിഞ്ഞു. ഹുസൂർ തടയുന്നതിനു മുമ്പേ തന്നെ അദ്ദേഹം കാലിൽ ചുംബിച്ചു. എന്നിട്ട് പറഞ്ഞു, കൈ മറ്റുള്ളവർക്കുള്ളതാണ്, എനിക്കു വേണ്ടത് കാലാണ്. തുടർന്ന് വണ്ടിയിൽ നിന്നും ഇറങ്ങി.

(അൽഫള്ൽ 30.07.38)

**ശതാബ്ദം**
**1913 നവംബർ**
ടി.എം

- അഹ്മദിയ്യാ ഖിലാഫത്തിനെതിരിൽ ലാഹോറിൽ നിന്ന് അസ്ഹാറുൽ ഹഖ് നമ്പർ 1, അസ്ഹാറുൽ ഹഖ് നമ്പർ 2 എന്ന പേരിൽ രണ്ട് നോട്ടീസ് പ്രസിദ്ധീകരിക്കപ്പെട്ടു. നമ്പർ 1 ൽ ഖിലാഫത്തിനല്ല പ്രാധാന്യം നൽകേണ്ടത് മറിച്ച് മസീഹ് മൗഊദ് (അ) ന്റെ വസിയ്യത്ത് അഞ്ചുമനാണെന്നുള്ള വാദവും, നമ്പർ 2 ൽ ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ന്റെ വ്യക്തി ജീവിതത്തെ കുറിച്ചുള്ള ആക്ഷേപങ്ങളുമായിരുന്നു. അതിനു മറുപടിയായി ഹുസൂർ(റ)ന്റെ നിർദേശ പ്രകാരം ഖിലാഫത്ത് അഹ്മദിയ്യ, ഇസ്ഹാറെ ഹഖീഖത് എന്ന പേരിൽ മറുപടി തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

# ലോകം മുഴുവനും അല്ലാഹുവിന്റെ രാജാധിപത്യം സ്ഥാപിക്കണം

**ഹദ്റത് മുസ്ലിഹ് മൗഊദ് (റ)**

മുഴുവൻ ലോകത്തിന്റെയും പരിഷ്കരണമാണ് നമ്മുടെ ജമാഅത്തിനു മേൽ അർപിതമായ ജോലി. ലോകത്തെ മുഴുവനും ദൈവീക സവിധത്തിൽ തല കുനിപ്പിക്കണം. ലോകത്ത് മുഴുവനും അല്ലാഹുവിന്റെ രാജാധിപത്യം സ്ഥാപിക്കണം. പക്ഷെ ഈ മഹത്തായ കടമ, നമ്മുടെ ജമാഅത്തിലെ ഓരോ വ്യക്തിയും അവർക്ക് നിർദേശിക്കപ്പെട്ടിട്ടുള്ള ഈ പ്രവർത്തന രൂപരേഖയനുസരിച്ച് സദാസമയവും പ്രവർത്തിക്കാത്തിടത്തോളം പരിപൂർത്തീകരിക്കാൻ സാധ്യമല്ല.


(അൽ ഫദ്ൽ റബ്വ 11.10.1944)

**നമസ്കാര പാഠങ്ങൾ**




ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

# പാരിതോഷികങ്ങൾ അല്ലാഹുവിന്



നമ്മുടെ ഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ഹദീസ് ഈ മൂന്നെണ്ണത്തിൽ നിന്നുള്ളതല്ല. മറ്റ് ഹദീസുകളിലും ഇല്ല. ഇങ്ങനെ ഒരു ഹദീസ് ഉണ്ടോ ഇല്ലേ എന്നുള്ളത് നമ്മുടെ പണ്ഡിതന്മാർ അന്വേഷിച്ചതുമില്ല. മനപ്പാഠമാക്കിയിരുന്ന വാക്കുകൾ തന്നെ എഴുതിവെച്ചു.

എന്റെ അഭിപ്രായത്തിൽ പ്രസ്തുത പണ്ഡിതന്മാരിൽ ചിലർ വളരെ വിശ്വാസയോഗ്യരായവരാണ്. അവർ ഒരിക്കലും തന്നെ വായിച്ചിട്ടുണ്ടാകില്ല എന്ന് അവരെ സംബന്ധിച്ച് സംശയിക്കാനും സാധിക്കില്ല. ഒരു പക്ഷേ നമ്മുടെ പണ്ഡിതന്മാർ ഇപ്പോൾ പൂർണമായും അന്വേഷണം നടത്തിയിട്ടുണ്ടാകില്ല. അതായത് ആറ് സഹീഹായ ഗ്രന്ഥങ്ങളെ മാത്രം പരിശോധിച്ചിട്ടുണ്ടായിരിക്കുകയുള്ളു. ഒരു പക്ഷേ അത് മറ്റ് ഗ്രന്ഥങ്ങളിൽ കാണപ്പെട്ടേക്കാം...... എന്റെ അഭിപ്രായത്തിൽ നമ്മുടെ പണ്ഡിതന്മാരിൽ ആരും തന്നെ സ്വയം ഇത്തരത്തിലുള്ള കാര്യങ്ങൾ സൃഷ്ടിക്കില്ല. എന്നാൽ നമ്മുടെ ഗ്രന്ഥങ്ങളിൽ ഇടം പിടിച്ചു കഴിഞ്ഞു എന്നത് അവർ ഏതോ ഹദീസ് എവിടെയോ വായിച്ചുണ്ടാകാം എന്നാണ് തെളിയിക്കുന്നത്. അതിൽ പദങ്ങൾ കൂടുതലുണ്ടായിരുന്നതിനാൽ അവർക്ക് ഇഷ്ടപ്പെട്ടിട്ടുണ്ടാകും. അങ്ങനെ മുഴുവൻ പദങ്ങളും എഴുതിച്ചേർത്തു. **വർഫഅ്നീ** എന്നതിന് അനഹ്മദി മൗലവിമാർ നൽകുന്ന അർഥം ഇവിടെ സാധ്യമല്ല. അവർ പറയുന്നു, "എന്നെ ശരീരത്തോടു കൂടി ഉയർത്തിയാലും." ഹദ്റത് ഈസാ (അ) നെ സംബന്ധിച്ച് **'റഫഅ'** എന്ന പദം വന്നിട്ടുണ്ട്. **ബൽ റഫഅല്ലാഹു ഇലയ്ഹി.** അദ്ദേഹത്തെ തന്നിലേക്ക് ഉയർത്തി. **റഫഅ** എന്നതിന് ശരീരത്തോടു കൂടി ഉയർത്തി എന്നാണ് അർഥം നൽകുന്നത്.

ഇവിടെ **വർഫഅ്നീ** എന്നതിന് ശരീരത്തോടു കൂടി ഉയർത്തുക എന്നത് അസാധ്യമാണ്. അങ്ങിനെയെങ്കിൽ അടുത്ത സുജൂദ് ചെയ്യാനെ കഴിയില്ല. യഥാർഥ അർഥമിതാണ്, സുജൂദിൽ മനുഷ്യൻ ഉയർത്തപ്പെടുന്നു. അല്ലാഹുവിന്റെ മുന്നിൽ എത്രത്തോളം താഴുന്നുവോ അല്ലാഹു അത്രത്തോളം ഉയർത്തുന്നു. അവരുടെ പദവി ഉയരുന്നു. അതിനാൽ **വർഫഅ്നീ** എന്നതിന്റെ അർഥം എന്റെ സ്ഥാനം ഉയർത്തണേ എന്നാകുന്നു. ഇങ്ങനെ പറഞ്ഞു കൊണ്ട് സുജൂദിലേക്ക് പോകുകയാണെങ്കിൽ കാര്യങ്ങൾ എത്ര പരിപൂർണവും മനോഹരവുമായിത്തീരുന്നു. അത് ഈ ഹദീസിൽ നിന്നാണ് ലഭിക്കുന്നത്. അതിനാൽ ഇനി ഈ ഹദീസിനെ മനപ്പാഠമാക്കുക. എളുപ്പത്തിൽ മനപ്പാഠമാക്കാൻ പറ്റിയ തരത്തിലുള്ളതാണ് അതിന്റെ വിഷയം. (ഉർദു ക്ലാസ് നമ്പർ: 322, 14.11.1997)

*(അടുത്ത ക്ലാസിൽ ഹുസൂർ തിരുമനസ് ഇതേ വിഷയം തുടർന്നു കൊണ്ട് പറഞ്ഞു)*

അതിന് ഒരേ ഒരു നിവേദകൻ മാത്രമാണുള്ളത്. അതിനു ശേഷം രണ്ടു മൂന്ന് അതേ നിവേദകർ തന്നെയാണുള്ളത്. പിന്നീട് അവസാനം എത്തുന്നതിനു മുമ്പ് ഓരോന്ന് മാറി വരുന്നു.

ഈയൊരു ഹദീസാണ് സിഹാഹ് സിത്തയിലുള്ള മൂന്ന് ഹദീസ് ഗ്രന്ഥങ്ങളിലും അതായത് ഇബ്നു മാജ, അബൂദാവൂദ്, സുനൻ തിർമിദി എന്നിവയിൽ ഉള്ളത്. അതിന്റെ അവസാനത്തിൽ **വർഫഅ്നീ** എന്നുണ്ട്. അതാണ് എനിക്കിഷ്ടപ്പെട്ടത്.

ഒരു പക്ഷെ, പ്രസ്തുത നിവേദകന് **വർഫഅ്നീ** എന്നത് ഓർമയുണ്ടാകുകയും മറ്റ് നിവേദക ർക്ക് ഓർമയുണ്ടായിരുന്ന മറ്റ് ചില പദങ്ങൾ മറന്നു പോകുകയും ചെയ്തിരിക്കാം. ഇതിൽ പ്രയുക്തമായിട്ടുള്ള എല്ലാ പദങ്ങളെയും ഒരുമിച്ചു കൂട്ടുകയാണെങ്കിലും അത് അനുവദനീയമാണ്. **വർഫഅ്നീ** എന്നത് അവസാനത്തിൽ തന്നെ വെക്കേണ്ടതാണ്. ഇനി അവസാനം ഈ ദുആ എന്തായിരിക്കും?

ജാമിഅ് തിർമിദിയിലുള്ള രണ്ടാമത്തെ ഹദീസിൽ ഇതിലില്ലാത്ത **വഹ്ദിനി** എന്ന പദമുണ്ട്. അതിനാൽ അതിൽ **വഹ്ദിനീ** ചേർക്കുക. അബൂദാവൂദിലുള്ള നിവേദനത്തിൽ ഇതിലില്ലാത്ത **വആഫിനീ** എന്ന പദമുണ്ട്. **വആഫിനീ**യും ചേർക്കുകയാണെങ്കിൽ **വർഫഅ്നീ** വരെയുള്ള ആ ദുആ ഇങ്ങിനെയാകും. അതിന്റെ സനദും ഉണ്ട്. അതിനാലാണ് ഈ ദുആ പറഞ്ഞുതരുന്നത്.

**റബ്ബിഗ്ഫിർലീ വർഹംനീ വഹ്ദിനീ വആഫിനീ വജ്ബുർനീ വർസുഖ്നീ വർഫഅ്നീ.**

**വർഫഅ്നീ** എന്ന് രിവായത്ത് ചെയ്ത നിവേദകൻ റബ്ബ് എന്നാണ് പറഞ്ഞത്. എന്ത് കൊണ്ട്? സുജൂദിൽ **സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്നായിരുന്നു പറഞ്ഞിരുന്നുത്. അതിനാൽ **റബ്ബ്** എന്ന പദമുള്ള ദുആയാണ് മനപ്പാഠമാക്കേണ്ടത്. **അല്ലാഹുമ്മ** എന്നും പറഞ്ഞു കൊള്ളുക. സംഗതി ഒന്നു തന്നെയാണ്. എന്താണോ മനപ്പാഠമാക്കിയത് ഓർമയുള്ളത് അത് മതി.

**റബ്ബിഗ്ഫിർലീ വർഹംനീ വഹ്ദിനീ വആഫിനീ വജ്ബുർനീ വർസുഖ്നീ വർഫഅ്നീ**

അർഥം: എന്റെ നാഥാ എനിക്ക് പൊറുത്ത് തരണേ എന്നിൽ കരുണ ചൊരിയണേ

**വഹ്ദിനീ**: എനിക്ക് നേർമാർഗം കാണിച്ചു തരണേ

**വആഫിനീ:** എനിക്ക് നേർമാർഗത്തിൽ ചലിക്കുന്നതിനുള്ള ആരോഗ്യം നൽകേണമേ

**വജ്ബുർനീ:** ശാരീരികമായും ആത്മീയമായും എന്നെ ശരിയാക്കണേ എന്നെ നേരെയാക്കണെ.

ഏതെങ്കിലും വസ്തു വളഞ്ഞു പോകുകയാണെങ്കിൽ ഉദാഹരണമായി എല്ല് പൊട്ടുകയാണെങ്കിൽ അതിൽ **ജബറ** ചെയ്യുന്നു. **വജ്ബുർനീ** എന്നാൽ എന്റെ സന്ധികളും, എല്ലുകളും, വാരിയെല്ലുകളും ആത്മീയമായും ശാരീരികമായും വളഞ്ഞുപോയിരിക്കുന്നു. അതിനെ നേരെയാക്കണേ. പിന്നീട് ജീവിതവിഭവം നൽകണേ. പിന്നീട് എന്നെ ഉയർത്തണേ.

അതായത്, പരിഷ്കരണം നടന്നു കഴിഞ്ഞാൽ ശരിയായി ഉപയോഗപ്പെടുത്തുന്നതിനായി ജീവിതവിഭവം നൽകണേ. തുടർന്ന് ആ വസ്തുക്കളെ നന്നായി ഉപയോഗപ്പെടുത്തുമ്പോൾ **വർഫഅ്നീ** എന്റെ പദവിയെ ഉയർത്തണെ. (ഉർദു ക്ലാസ് നമ്പർ:323, 15.11.1997)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

# കർമശാസ്ത്രം

സമ്പാ: അബു അബ്ദുൽ ബാരി

# നിക്കാഹ് കർമം

*ഇരു വിഭാഗക്കാരുടെ പരസ്പര സമ്മതവും ഉചിതമായ നിലയിൽ അത്‌വിളംബരപ്പെടുത്തുകയും ചെയ്യുന്ന കർമമാണ് നിക്കാഹ്*

## ഈജാബ് വ ഖുബൂൽ

ഒരു വിഭാഗം തീരുമാനിച്ചുറച്ച നിബന്ധനകളനുസരിച്ച് നിക്കാഹിനായി നിർദേശിക്കുകയും മറുവിഭാഗം അതിനെ സ്വീകരിക്കുകയും ചെയ്യുന്നതാണ് ഈജാബ് വ ഖുബൂൽ അഥവാ സമ്മതം ചോദിക്കലും സമ്മതം അറിയിക്കലും.

നിക്കാഹ് ഉടമ്പടിയിൽ ചോദ്യം പൊതുവിൽ സ്ത്രീ ഭാഗത്തു നിന്നും, സമ്മതമറിയിക്കൽ പുരുഷഭാഗത്തു നിന്നുമാണ് ഉണ്ടാകുന്നത്. എന്നാൽ അത്തരത്തിൽ തന്നെ ആയിരിക്കണം എന്നുള്ളത് അനിവാര്യമല്ല. ഏത് വിഭാഗക്കാരാണോ ആദ്യം ചോദിക്കുന്നത് അതിനെ ഈജാബ് എന്നും മറുവിഭാഗക്കാരുടെ സമ്മതമറിയിച്ചുകൊണ്ടുള്ള സ്പഷ്ടമായ മറുപടി ഖുബൂൽ എന്നും പറയപ്പെടുന്നു.

ചില അവസരങ്ങളിൽ ഒരു വ്യക്തി തന്നെ ഇരുവിഭാഗത്തിന്റെയും വലി ആകുമ്പോൾ സ്വയം അദ്ദേഹത്തിന് തന്നെ ഈജാബും ഖുബൂലും നിർവഹിക്കാവുന്നതാണ്.

ഈജാബ് വ ഖുബൂലിനായി നിർദിഷ്ട വാക്കുകൾ തന്നെ വേണമെന്ന നിബന്ധനയില്ല. എന്നാൽ നിക്കാഹും പരസ്പര ദാമ്പത്യജീവിതത്തിനുള്ള സ്വീകാര്യതയും സ്പഷ്ടമാകുന്ന തരത്തിലുള്ള വ്യക്തവും സുതാര്യവുമായ പദങ്ങളായിരിക്കണം. അങ്ങനെയുള്ള വെളിപ്പെടുത്തലുകളിൽ നിക്കാഹിനുള്ള പരസ്പര സമ്മതമല്ലാതെ മറ്റൊന്നും തന്നെ ഉണ്ടാകരുത്.

ഏതെങ്കിലും ഒരു വിഭാഗത്തു നിന്നുള്ള വ്യക്തി ബധിരനും മൂകനുമാണെങ്കിൽ സ്പഷ്ടമായ ആംഗ്യത്തിലൂടെയും സമ്മതമറിയിക്കാവുന്നതാണ്. അതിലൂടെ ഇരുകക്ഷിയും ദാമ്പത്യജീവിതത്തിലേക്ക് പ്രവേശിക്കുകയാണെന്നും അതിന് സമ്മതമാണെന്നുമുള്ളത് വ്യക്തമാകേണ്ടതാണ്.

## ഒരേ സദസിൽ ഈജാബ് വഖുബൂൽ

നിക്കാഹ് സദസ്സിൽ ഈജാബും ഖുബൂലും സ്വയമോ അല്ലെങ്കിൽ മറ്റൊരാൾ മുഖേനയോ വെളിപ്പെടുത്താവുന്നതാണ്. അതായത്, പെൺകുട്ടിക്ക് സ്വയം സദസ്സിൽ വന്ന് കൊണ്ട് സമ്മതമറിയിക്കേണ്ടത് അനിവാര്യമല്ല. അവളുടെ വക്കീലിന് അവളുടെ ഭാഗത്ത് നിന്നുള്ള സമ്മതം വെളിപ്പെടുത്താവുന്നതാണ്. പൊതുവിൽ ഈ രീതിയാണ് കൂടുതൽ അഭികാമ്യമായിട്ടുള്ളത്.

അതുപോലെത്തന്നെ, ആൺകുട്ടിയും സദസ്സിൽ സന്നിഹിതനല്ലാത്ത അവസരത്തിൽ അവന്റെ വക്കീലിന് അവന്റെ ഭാഗത്തു നിന്നുള്ള സമ്മതം അറിയിക്കാവുന്നതാണ്. എന്നാൽ അത്തരം അവസരത്തിൽ സന്നിഹിതനല്ലാത്ത വിഭാഗം വിശ്വസനീയവും ആധികാരികവുമായ നിലയിൽ വാക്കാലോ രേഖയാലോ തന്റെ സമ്മതം അറിയിക്കേണ്ടതാണ്. മാത്രമല്ല, തന്റെ ഭാഗത്തു നിന്നുള്ള വക്കീലിന്റെ നിയമനത്തിന്റെ തെളിവും നൽകേണ്ടതാണ്.

## നിക്കാഹ് വിളംബരം

പൊതു ജനങ്ങൾക്ക് അറിവുണ്ടാകുന്ന തരത്തിൽ നിക്കാഹ് വിളംബരപ്പെടുത്തേണ്ടതാണ്. നബി തിരുമേനി (സ) പറഞ്ഞു: നിക്കാഹ് വിളംബരപ്പെടുത്തുക. പള്ളിയിൽ വെച്ച് നടത്തുക. അതിന്റെ വിളംബരത്തിനായി ദഫ് കൊട്ടുക.

(തിർമിദി, കിത്താബുന്നിക്കാഹ്)

സാക്ഷികൾ സന്നിഹിതരാണെങ്കിലും രഹസ്യമായ നിക്കാഹ് വെറുക്കപ്പെട്ടതാണ്. നബിതിരുമേനി(സ) രഹസ്യ നിക്കാഹിനെ സംബന്ധിച്ച് പറയുന്നു, വെളിപ്പെടുത്തലും സാക്ഷിയുമില്ലാത്ത നിക്കാഹ് ശരിയല്ല. ശരീഅത്തിൽ പരാമർശവിധേയമായിട്ടുള്ള അടിസ്ഥാന തത്ത്വങ്ങളനുസരിച്ച് പരസ്യപ്പെടുത്താതെ സ്വയം നിക്കാഹ് നിർവഹിക്കുന്ന സ്ത്രീകൾ ദുർനടപ്പുകാരികളാകുന്നു.

(തിർമിദി, കിത്താബുന്നിക്കാഹ്)

രഹസ്യമായ നിക്കാഹ് ദുരുദ്ദേശ്യത്തോടു കൂടിയാണെങ്കിൽ കോടതിക്കോ ഖളാക്കോ അതിനെ നിയമവിരുദ്ധമായതായി വിധിക്കാവുന്നതാണ്. ഹദ്റത് ഉമർ (റ)ന്റെ കാലത്ത് അത്തരത്തിൽ പരസ്യമാക്കാത്ത നിക്കാഹിനെ അനുവദനീയമല്ലാത്തതെന്ന് വിധിച്ചത് അതിന് ഉദാഹരണമാണ്. (മുഅ്ത ഇമാം മാലിക്)

(അവ: ഫിഖ്ഹ് അഹ്മദിയ്യ രണ്ടാം ഭാഗം)

## വിജയത്തിന്റെ അടിത്തറ

**സമുദായങ്ങളുടെ വിജയത്തിന് ഏതെങ്കിലും ഒരു തലമുറയുടെ പരിഷ്കരണം മാത്രം പോരാ. സുദീർഘമായി, പരിപാടികൾ വിജയത്തിലെത്തുന്നത്, നിരവധി തലമുറകൾ തുടർച്ചയായി അവയെ പൂർത്തീകരിക്കുന്നതിൽ വ്യാപൃതരായിരിക്കുമ്പോൾ മാത്രമാണ്.**

- ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)



# ഇമാമുസമാന്റെ ഫത്‌വകൾ

## താടി വെക്കുന്നതിനെക്കുറിച്ച്

അറേബ്യയിലെ ഒരു സുഹൃത്ത് താടിയെ കുറിച്ച് ചോദിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: ഇത് ഓരോ വ്യക്തിയുടെയും ഹൃദയത്തിന്റെ ചിന്താഗതിയാണ്. ചില ആളുകൾ മീശയും താടിയും വടിക്കുന്നത് ഭംഗിയുടെ ഭാഗമായി മനസ്സിലാക്കുന്നു. എന്നാൽ, നാം അതിനെ വളരെ അനിഷ്ടകരമായി കാണുന്നു. അങ്ങനെയുള്ളവരുടെ മുന്നിൽ ഇരുന്നുകൊണ്ട് ഭക്ഷണം കഴിക്കാൻ പോലും ഞാൻ ഇഷ്ടപ്പെടുന്നില്ല. പ്രവാചകന്മാരും മറ്റു ഭക്തരായിട്ടുള്ള ദാസൻമാരും താടി വെക്കുന്ന രീതി അവലംബിച്ചിരിക്കുന്നത് വളരെ അഭിലഷണീയമാണ്. എന്നാൽ വളരെ കൂടുതലാണെങ്കിൽ ഒരു കൈപിടിക്ക് തുല്യമായി നിലനിർത്തിക്കൊണ്ട് ബാക്കിയുള്ളത് വെട്ടിക്കളയാവുന്നതാണ്. അല്ലാഹു സ്ത്രീ പുരുഷന്മാരുടെ ഇടയിൽ വെച്ചിട്ടുള്ള ഒരു വ്യത്യാസമാണ്.

(ബദർ 31/101907,ബദർ-6/2/1903)

## ഖാദിയാനിൽ കച്ചവടത്തിനു വേണ്ടി വരുന്നത്

ഒരു പ്രാവശ്യം ഒരാൾ പറഞ്ഞു: ഞാൻ കച്ചവടത്തിനു വേണ്ടി ഇവിടെ വരാൻ ആഗ്രഹിക്കുന്നു. അപ്പോൾ പറഞ്ഞു: ഈ നിയ്യത്ത് തെറ്റാണ്. ഇവിടെ ദീനിനു വേണ്ടിയാണ് വരേണ്ടത്. പര്യവസാനം ശുഭമാക്കുന്നതിനായിട്ടാണ് ഇവിടെ താമസിക്കുക. നിയ്യത്ത് ഇതാവുകയും ഇവിടെ താമസിക്കുന്ന ഉദ്ദേശ്യം പൂർത്തീകരിക്കുന്നതിനായി വല്ല കച്ചവടവും ഇതിനോടൊപ്പം ഉണ്ടെങ്കിൽ അത് അനുവദനീയമാണ്. യഥാർത്ഥ ഉദ്ദേശ്യം ദീൻ ആയിരിക്കണം. ഭൗതികതയാകരുത്. കച്ചവടത്തിനു വേണ്ടി പട്ടണമല്ലേ നല്ലത്? ഇവിടെ വരുന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം ഒരിക്കലും ദീനല്ലാതെ മറ്റൊന്നും ആകരുത്. പിന്നെ എന്ത് കിട്ടിയാലും അത് അല്ലാഹുവിന്റെ അനുഗ്രഹമായി മനസ്സിലാക്കുക.

(അൽഹക്കം-10/7/1904)

## തേൻ

തേനിനെക്കുറിച്ച് സംസാരമുണ്ടായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു: മറ്റ് എല്ലാ മധുരവും കേട് വരുന്നതാണെന്ന് വൈദ്യൻമാർ എഴുതിയിട്ടുണ്ട്. എന്നാൽ ഇത് അതിൽ ഉൾപ്പടുന്നില്ല. മാങ്ങ പോലുള്ള മറ്റു പഴങ്ങൾ ഇതിൽ വെച്ച് പരീക്ഷണം നടത്തിയിട്ടണ്ട്. അത് ഒരിക്കലും കേട് വന്നിട്ടില്ല. വർഷങ്ങളോളം അതു പോലെത്തന്നെ ഇരിക്കുന്നതാണ്. പറഞ്ഞു: ഒരു പ്രാവശ്യം ഞാൻ മുട്ടയിൽ വെച്ച് നിരീക്ഷണം നടത്തിനോക്കി. എനിക്ക് അത്ഭുതം തോന്നി. അതിലെ മഞ്ഞ കരുവിനു ഒന്നും തന്നെ സംഭവിക്കാതെ അത് അങ്ങനെത്തന്നെ ഇരുന്നു. എന്നാൽ, അതിന്റെ വെള്ളകരു കല്ലുപ്പോലെ കട്ടിയായിരുന്നു. കല്ല് പൊട്ടാത്തതുപ്പോലെ അതും പൊട്ടിയില്ല.

അല്ലാഹു ഇതിനെ ശിഫാഉലിന്നാസ് എന്നാണ് പറഞ്ഞിട്ടുള്ളത്. തീർച്ചയായിട്ടും ഇത് അത്ഭുതവും പ്രയോജനവുമുള്ള സാധനമാകുന്നു. ഈ നിർവചനമാണ് വിശുദ്ധ ഖുർആൻ ഇതിനു നൽകിയിട്ടുള്ളത്. തീവ്രമായ ആത്മീയ യത്നങ്ങൾ നടത്തുന്ന വ്യക്തികൾ ഇത് കഴിക്കാറുണ്ട്. ഇത് എല്ലുകളെ ശക്തിയുള്ളതാക്കുന്നതായിട്ട് മനസ്സിലാകുന്നു.

ഇതിൽ അൽ എന്നതിനെ ന്നാസുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്ന് മനസ്സിലാകുന്നത്, അല്ലാഹുവി ന്റെ അടിമകളായ ജനങ്ങൾ, അവന്റെ സാമിപ്യം കിട്ടുന്നതിനായി തീവ്രമായ ആത്മീയയത്നങ്ങൾ നടത്തുന്നവർക്ക് ശിഫാ, ശമനം ആകുന്നു എന്നാണ്. അല്ലാഹു എപ്പോഴും സവിശേഷമായ വ്യക്തികളെ ഇഷ്ടപ്പെടുന്നു.

(അൽഹക്കം-17/2/1904)

**വിവ:മുഹമ്മദ് നജീബ് ഖാൻ വാഴക്കാല**




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ കേന്ദ്രകാര്യാലയം (അയ്‌വാനെ ഖിദ്മത്)

ചരിത്രപഥം

ഡോ: ഇഫ്തിഖാർ അഹ്മദ് അയാസ്, ലണ്ടൻ

# ധന്യനിമിഷങ്ങൾ



**ഹദ്റത് ഭായി അബ്ദുറഹിമാൻ സാഹിബ് ഖാദിയാനി (റ)** ഭംഗിയുള്ള ഒരു പുഷ്പങ്ങളുടെ ഒരു തോട്ടം പോലെയായിരുന്നു. അദ്ദേഹം വാഗ്ദത്ത മസീഹി (അ)ന്റെ ഒരു ശിഷ്യനായിരുന്നു. കാലത്തിന്റെ പ്രവാചകന്റെ ശിഷ്യനാവുകയെന്നതു തന്നെ മഹത്തായ ഒരനുഗ്രഹമായിരുന്നു. അത് സദാ സ്മരിക്കപ്പെടുന്ന ബഹുമതിയും മഹിമയുമാണ്. വാഗ്ദത്ത മസീഹി(അ) നൊപ്പം ദീർഘകാലം കഴിഞ്ഞു കൂടാനുള്ള സൗഹൃദവും അദ്ദേഹത്തിനു ലഭിച്ചിരുന്നു. ഹുസൂർ (അ) ന്റെ കൂടെ യാത്ര ചെയ്യുകയും താമസിക്കുകയും വഴി അദ്ദേഹം എണ്ണമറ്റ അനുഗ്രഹങ്ങൾക്കവകാശിയായി. തേജസ്സാർന്ന ഈ ശിഷ്യത്വം മുഖേന അദ്ദേഹം തന്റെ ശരീരവും ആത്മാവും അവസാന നിമിഷം വരെ പ്രകാശമയമാക്കി. അതു കൊണ്ടായിരുന്നു. അദ്ദേഹം എല്ലാ ദർവേശുമാർക്കും മഹത്തായ പ്രചോദനമായിരുന്നു. അദ്ദേഹം മഹാനായ ഒരു ശിഷ്യനായിരുന്നു. വാഗ്ദത്ത മസീഹ് (അ) നെ സ്മരിച്ചു കൊണ്ടുള്ള യോഗങ്ങളിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം എത്രത്തോളം ആകർഷകവും പ്രചോദകമായിരുന്നുവെന്നാൽ അദ്ദേഹത്തിന്റെ വിവരണം കേൾക്കുമ്പോൾ ശ്രോതാക്കൾ അതിൽ ആമഗ്നരായിരുന്നു. വാഗ്ദത്ത മസീഹി (അ) ന്റെ വസതിയുടെ (ദാറുൽമസീഹ്) ഓരോ മുക്കും മൂലയും അദ്ദേഹം ഓർത്തു. വാഗ്ദത്ത മസീഹ് (അ) എവിടെയായിരുന്നു ഇരുന്നതെന്നും എന്താണ് ചെയ്തിരുന്നതെന്നും അദ്ദേഹത്തിനറിയാമായിരുന്നു. ചിലപ്പോൾ സംഭവങ്ങൾ വിവരിക്കുന്നതിനിടയിൽ അദ്ദേഹം പെട്ടെന്ന് എഴുന്നേറ്റു നിന്ന് ഓരോരുത്തരേയും ഒരു സ്ഥലത്തേക്ക് നയിച്ചുകൊണ്ട് പറയുമായിരുന്നു., " ഇവിടെയാണ് ശരിക്കും ആ സ്ഥലം" ആ നിമിഷം അദ്ദേഹത്തിന്റെ വദനം പ്രകാശോജ്ജ്വലമാവുകയും വാക്കുകൾ വികാരഭരിതമാവുകയും അദ്ദേഹത്തിന്റെ കണ്ണീരിന് ഒരു പ്രത്യേക പ്രകാശമുള്ളതു കാരണം വളരെ ആനന്ദമുള്ളതുമാക്കുമായിരുന്നു. അദ്ദേഹത്തിന്റെ വിവരണം കേൾക്കുന്ന ശ്രോതാക്കൾക്ക് തങ്ങൾ സ്വന്തം കണ്ണുകൾ ക്കൊണ്ട് വാഗ്ദത്ത മസീഹി(അ)നെ നേരിൽ കാണുകയാണെന്നും തോന്നുമായിരുന്നു. അദ്ദേഹത്തിന്റെ മറ്റൊരു സൗഭാഗ്യം വാഗ്ദത്ത മസീഹി(അ)ന്റെ ചരമവേളയിൽ അദ്ദേഹവും ലാഹോറിലുണ്ടായിരുന്നുവെന്നതാണ്. ഹുസൂർ (അ)ന്റെ ജനാസയെ ഖാദിയാൻ വരെ അനുഗമിക്കുകയും കബറടക്കത്തിനു സാക്ഷിയാവുകയും ചെയ്തു. പിന്നീട് മിക്കവാറും എല്ലാ ദിവസവും അദ്ദേഹം ഹുസൂർ (അ) ന്റെ മഖ്ബറയിൽ പോവുകയും പുല്ല് പറിച്ചു കളഞ്ഞ് മണ്ണ് നിരപ്പാക്കുകയും വൃത്തിയാക്കുകയും ആ ദിനം മുഴുവൻ ചിന്താനിമഗ്നനായും പ്രാർത്ഥനാനിരതനായും അവിടെത്തന്നെ കഴിച്ചു കൂട്ടുമായിരുന്നു. അല്ലാഹുവും അദ്ദേഹത്തോട് അതിനനുസരിച്ചായിരുന്നു പെരുമാറിയിരുന്നത്.

1960 ൽ പാക്കിസ്താൻ റബ്വയിൽ ജമാഅത്തിന്റെ വാർഷിക സമ്മേളനം നടക്കുമ്പോൾ അദ്ദേഹം അവിടെയുണ്ടായി രുന്നു. അവിടെ വച്ച് അദ്ദേഹം ചരമം പ്രാപിക്കുകയും ചെയ്തു. സംഘർഷത്തിന്റെയും ഉത്കണ്ഠയുടേയും കാലമായിരുന്നു അത്. അദ്ദേഹത്തിന്റെ ജനാസ ഖാദിയാനിലെത്തിച്ചതു തന്നെ ഒരത്ഭുതമായിരുന്നു. എന്നാൽ, പ്രാധാന്യമർഹിക്കുന്ന വസ്തുതയെന്തെന്നാൽ അദ്ദേഹത്തിന്റെ ജനാസ ഖാദിയാനിലെത്തിച്ചത് വാഗ്ദത്ത മസിഹി(അ)ന്റെ ജനാസ ഖാദിയാനിലെത്തിച്ച അതേ മാർഗ്ഗേണ, അതായത്, ലാഹോറിലൂടെയും ബട്ടാലയിലൂടെയും തന്നെയായിരുന്നു.



( ***The Devotion of Life - Its Importance and Blessings***)

സമ്പാ: കെ.വി.ഹസ്സൻകോയ

വനിതാരംഗം

അബൂ തബസ്സും

# നമസ്കാരം നിലനിർത്തുക

**ലജ്ന ഇമാഇല്ലാഹ് ഭാരത് വാർഷിക ഇജ്തിമ 2013 നായി**

**ഹുസൂർ തിരുമനസ്സ് അയച്ച സന്ദേശം**

സ്നേഹം നിറഞ്ഞ ലജ്ന നാസിറാത്ത് അംഗങ്ങളേ,

21.09.2013
ലണ്ടൻ

*അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹി വബറക്കാത്തുഹു*

ലജ്ന ഇമാഇല്ലാഹിനും നാസിറാത്തുൽ അഹ്മദിയ്യായിനും അവരുടെ വാർഷിക ഇജ്തിമ സംഘടിപ്പിക്കുന്നതിനുള്ള തൗഫീഖ് ലഭിച്ചിരിക്കുകയാണ്. അൽഹംദുലില്ലാഹ്. ഈ അവസരത്തിൽ സന്ദേശം അയക്കുന്നതിനായി എന്നോട് ഉണർത്തിച്ചിരുന്നു. ഞാൻ നിങ്ങളെ നമസ്കാരത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുവാനാണ് ഇപ്പോൾ ആഗ്രഹിക്കുന്നത്.

മനുഷ്യസമുദായത്തിന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം തന്നെ ദൈവാരാധനയാകുന്നു. ആരാധനയിൽ ഏറ്റവും പ്രഥമവും പ്രാധാന്യമർഹിക്കുന്നതും നമസ്കാരമാകുന്നു. വിശുദ്ധഖുർആനിലും ഹദീസിലും അതിന്റെ ധാരാളം അനുഗ്രഹങ്ങളും ഗുണങ്ങളും പരാമർശിച്ചിട്ടുണ്ട്. ഇജ്തിമാ വേളയിൽ നിങ്ങൾക്ക് വളരെ ഉത്തമമായ നിലയിൽ കൃത്യസമയത്ത് നമസ്കാരങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള അവസരങ്ങൾ ലഭിക്കുന്നതാണ്. ഈ സത്പ്രവർത്തിയെ തുടർന്നും നിലനിർത്തേണ്ടതാണ്. ഇനി ആരെങ്കിലും നേരത്തേ ഇക്കാര്യത്തിൽ അലംഭാവം കാണിച്ചിരുന്നുവെങ്കിൽ ഭാവിയിൽ ഒരിക്കലും നമസ്കാരം ഉപേക്ഷിക്കുന്നതല്ല എന്നുള്ള ദൃഢപ്രതിജ്ഞയുമായി മടങ്ങേണ്ടതാണ്. നിങ്ങൾ സംശുദ്ധമായ ഒരു ദീനി ജമാഅത്തിലെ അംഗങ്ങളാണ്. മുഴുവൻ ലോകത്തേയും സമുദ്ധരിക്കുന്നതാണ് എന്ന വാദമാണ് ഈ ജമാഅത്തിനുള്ളത്. ഇത് സാധ്യമാകണമെങ്കിൽ നിങ്ങളുടെ നമസ്കാരങ്ങൾ ശരിയായിരിക്കണം. നിങ്ങൾക്ക് ദുആയിൽ വിശ്വാസമുണ്ടായിരിക്കണം. അതിനാൽ നമസ്കാരത്തിൽ കൃത്യനിഷ്ഠത പാലിക്കുക. നമസ്കാരത്തിൽ അത്യധികമായി ദുആ ചെയ്യുന്നത് ശീലമാക്കുക.

ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു:

*"നമസ്കാരം അല്ലാഹുവിന്റെ അവകാശമാകുന്നു. അതിനെ നന്നായി പാലിക്കുക. അല്ലാഹുവിന്റെ ശത്രുക്കളോട് മുഖസ്തുതി പറയുന്ന ജീവിതം കഴിച്ചു കൂട്ടരുത്. കൂറും സത്യസന്ധതയും എപ്പോഴും പരിഗണനയിലുണ്ടായിരിക്കണം. മുഴുവൻ വീടും കൊള്ളയടിക്കപ്പെടുകയാണെങ്കിലും സാരമില്ല. എന്നാലും നമസ്കാരത്തെ ഉപേക്ഷിക്കരുത്....... ഇത് ദീനിനെ നേരെയാക്കുന്നു. സ്വഭാവത്തെ പരിഷ്കരിക്കുന്നു. ലോകത്തെ സമുദ്ധരിക്കുന്നു. നമസ്കാരത്തിന്റെ ആനന്ദം ലോകത്തെ മറ്റെല്ലാ ആനന്ദത്തേക്കാളും ഉപരിയാണ്. ശാരീരിക ആനന്ദങ്ങൾക്കായി ആയിരക്കണക്കിന് ചെലവഴിക്കുന്നു. പിന്നീട് അതിന്റെ പരിണതഫലം രോഗങ്ങളും. എന്നാൽ ഇത് അവർക്ക് സൗജന്യമായി ലഭിക്കുന്ന സ്വർഗമാകുന്നു. വിശുദ്ധഖുർആനിൽ രണ്ട് സ്വർഗങ്ങളെ കുറിച്ചുള്ള പരാമർശമുണ്ട്. അതിലൊന്ന് നമസ്കാരമാകുന്നു."*

(മൽഫൂസാത്ത്, വാള്യം 3, പേജ് 591,592)

വീണ്ടും പറയുന്നു,

*"അല്ലാഹുവിന്റെ കല്പനകളെ വില കുറച്ച് കാണരുത്. വർത്തമാന തത്വശാസ്ത്രങ്ങളുടെ വിഷം നിങ്ങളെ സ്വാധീനിക്കരുത്. ഒരു കുട്ടിയെപ്പോലെ ആയിക്കൊണ്ട് അവന്റെ കല്പനകൾക്ക് വിധേയമായി ജീവിക്കുക. നമസ്കാരം അനുഷ്ഠിക്കുക. അത് എല്ലാ സൗഭാഗ്യങ്ങളുടെയും താക്കോലാകുന്നു."*

(ഇസാലയെ ഔഹാം, റൂഹാനി ഖസാഇൻ, വാള്യം 3, പേജ് 49)

അല്ലാഹു നിങ്ങൾക്കെല്ലാവർക്കും നമസ്കാരത്തിൽ കൃത്യനിഷ്ഠത പാലിക്കുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. നിങ്ങൾക്ക് ദീനിയായതും ഭൗതികവുമായ സൗഭാഗ്യങ്ങൾ നൽകി അനുഗ്രഹിക്കുമാറാകട്ടെ.

വസ്സലാം
വിനീതൻ

ഖലീഫത്തുൽ മസീഹ് അൽഖാമിസ്

## ഖത്തമുൽ ഖുർആൻ

**പാലക്കാട്** ജമാഅത്തിലെ അയ്യൂബ് സാഹിബിന്റെയും നുസ്റത് സാഹിബയുടെയും മകളായ സ്വാലിഹ, 8 വയസ്സ്.

**കാക്കനാട്** ജമാഅത്തിലെ അസ്കർ അലി സാഹിബിന്റെയും റസീല സാഹിബയുടെയും മകനായ ഖാസിം അലി, വയസ്സ് 8.

**മാത്ര** ജമാഅത്തിലെ ഡോ. അബ്ദുറഹിമാൻ സാഹിബിന്റെയും ജുമൈല റഹ്മാൻ സാഹിബയുടേയും മകൻ മുനീഹ് റഹ്മാൻ, 7 1/2 വയസ്സ്

## ഈദ് മിലൻ



**കണ്ണൂർ സിറ്റി:** ജവാഹർ ഓഡിറ്റോറിയത്തിൽ ജമാഅത്ത് മുൻപ്രസിഡന്റ് പ്രൊഫ. എം. മുഹമ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ഈദ് മിലൻ പരിപാടി സംഘടിപ്പിച്ചു. കെ. സുധാകരൻ എം.പി.യായിരുന്നു മുഖ്യാതിഥി. കണ്ണൂർ മുൻസിപാലിറ്റി വൈസ് ചെയർമാൻ ടി.ഒ മോഹനൻ ഉദ്ഘാടനം ചെയ്തു. മന്ത്രി കെ.സി.ജോസഫ് ആശംസാ സന്ദേശം അയക്കുകയുണ്ടായി. എം. അബ്ദുർ റഹ്മാൻ സാഹിബ്, ഫാദർ ദേവസി എടത്തറ, പി.ശഫി അഹ്മദ്, ടി.ശറഫുദ്ദീൻ എന്നിവർ സദസ്സിനെ അഭിസംബോധന ചെയ്തു.

## സമ്മാനം കരസ്ഥമാക്കി



**ചേലക്കര:** ഖാദിയാനിൽ നടന്ന മജ്ലിസ് അത്ഫാലുൽ അഹ്മദിയ്യ ഇജ്തിമായിൽ ചേലക്കര അത്ഫാലുൽ അഹ്മദിയ്യ അംഗമായ പി.ജി. ശരീഫ് ഹിഫ്ള് ഖുർആൻ, തിലാവത്ത് എന്നിവയ്ക്ക് രണ്ടാം സ്ഥാനവും പദ്യത്തിന് പ്രത്യേക സമ്മാനവും കരസ്ഥമാക്കി. മൗലവി ഗുലാം അഹ്മദ് സാഹിബിന്റെ മകനാണ്.

## തർബിയ്യത്ത് ക്യാമ്പ്



**കൊടിയത്തൂർ:** അഹ്മദിയ്യാ മസ്ജിദിൽ പ്രസിഡന്റ് എം. അഹ്മദ് കുട്ടി സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഏകദിന തർബിയ്യത്ത് ക്യാമ്പ് മുബല്ലിഗ് ഇൻചാർജ് മൗലവി എം. നാസിർ അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. മൗലവി മുഹമ്മദ് സലീം സാഹിബ് നമസ്കാരം മുറപ്രകാരം എന്ന വിഷയത്തിൽ ക്ലാസ് എടുത്തു. തുടർന്ന് നടന്ന ചോദ്യോത്തര സദസ്സിൽ എം. നാസിർ അഹ്മദ് സാഹിബും മുഹമ്മദ് സലീം സാഹിബും മറുപടി നൽകി.

## വഖ്ഫെ ജദീദിന്റെ സാമ്പത്തിക വർഷം അവസാനിക്കുന്നു

**ഖാദിയാൻ:** വഖ്ഫെ ജദീദിന്റെ നടപ്പു സാമ്പത്തിക വർഷം ഡിസംബറോടു കൂടി അവസാനിക്കുകയാണ്. സയ്യിദുനാ ഹദറത് അമീറുൽ മുഅ്മിനീൻ വിളംബരം ചെയ്ത ഈ അനുഗൃഹീത പദ്ധതിയിൽ ലബ്ബൈക്ക് പറഞ്ഞുകൊണ്ട് വാഗ്ദാനം ചെയ്ത എല്ലാ അംഗങ്ങളും അവരവരുടെ വാഗ്ദാനങ്ങൾ വർദ്ധനവോടെ പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതാണ്. തൃപ്തികരമായ റിപ്പോർട്ട് ഹുസൂർ തിരുമനസ്സിന് അയക്കാനും വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്നതിനും അല്ലാഹു സഹായിക്കുമാറാകട്ടെ. ആമീൻ.

വിനീതൻ
**മുഹമ്മദ് താഹിർ അഹ്മദ്**
നാസിം മാൽ, വഖ്ഫെ ജദീദ്, ഖാദിയാൻ

## ഡൽഹി അഹ്മദിയ്യാ മസ്ജിദിന് മൂന്നാം നില



ഡൽഹി അഹ്മദിയ്യാ മസ്ജിദിന്റെ മൂന്നാം നിലയ്ക്ക് **ഇൻചാർജ് ഇന്ത്യാ ഡെസ്ക് ഫാതിഹ് അഹ്മദ് സാഹിബ്** തറക്കല്ലിടുന്നു.

# ഖുർആൻ വാരം

**അലനല്ലൂർ:** ജമാഅത്ത്തലത്തിൽ നടത്തിയ വിശുദ്ധഖുർആൻ വാരത്തിൽ മൗലവി ടി. മുഹമ്മദ് മൻസിൽ സാഹിബ്, പി.എം. ഹംസ സാഹിബ്, എം. അബ്ദുൽ ബശീർ സാഹിബ്, പ്രൊഫസർ എം.കെ. അബ്ദുൽ കരീം സാഹിബ് അമീർ പാലക്കാട് ജില്ല, സി.മുഹമ്മദ് സാഹിബ്, വി.ടി. ബശീർ അഹ്മദ് സാഹിബ്, മൗലവി സൈനുൽ ആബിദീൻ സാഹിബ് എന്നിവർ വ്യത്യസ്ത വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

**മുറിയക്കണ്ണി :** പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വിശുദ്ധഖുർആൻ വാരത്തിൽ മൗലവിമാരായ ടി. മുഹമ്മദ് മൻസിൽ സാഹിബ്, കെ. മുഹമ്മദ് സലീം സാഹിബ്, ശംസുദ്ദീൻ സാഹിബ്, ഫാഹിൻ സാഹിബ്, സൈനുൽ ആബിദീൻ സാഹിബ്, കെ.കമറുദ്ദീൻ സാഹിബ്, മേഖലാ നാഇബ് ഖാഇദ് കെ. ഉണ്ണീൻ സാഹിബ്, എന്നിവർ വ്യത്യസ്ത വിഷയങ്ങളിൽ അധികരിച്ചു സംസാരിച്ചു.

**കാവശ്ശേരി :** പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വിശുദ്ധഖുർആൻ വാരത്തിൽ ജമാഅത്ത് സദ്ർ എച്ച്. സുലൈമാൻ സാഹിബ്, ഖാഇദ് ഐ.ഇസ്മാഈൽ അഹ്മദ് സാഹിബ്, എസ്. ലുഖ്മാൻ അഹ്മദ് സാഹിബ്, എ. താഹിർ അഹ്മദ്, കെ.എം യൂസഫ് സാഹിബ്, പി.എ. സുലൈമാൻ സാഹിബ് എന്നിവർ പ്രസംഗിച്ചു.

**ചേലക്കര:** ജമാഅത്ത്തലത്തിൽ നടത്തിയ വിശുദ്ധഖുർആൻ വാരത്തിൽ മൗലവിമാരായ ടി. മുഹമ്മദ് മൻസിൽ സാഹിബ്, സൈനുൽ ആബിദീൻ സാഹിബ്, കെ. മുഹമ്മദ് സലീം സാഹിബ്, മുഹമ്മദുണ്ണി മുസ്‌ലിയാർ സാഹിബ്, കെ. നാസർ അഹ്മദ് സാഹിബ്, പി.എ. ഗുലാം അഹ്മദ് സാഹിബ് എന്നിവർ ക്ലാസ്സെടുത്തു. സമാപന ദിവസം ഫായിസാ റിയാസ് ( D/o മൗലവി ടി.റിയാസ് അഹ്മദ് സാഹിബ്) അസീം അഹ്മദ് (S/o ശമീം അഹ്മദ് സാഹിബ്) എന്നിവരുടെ ആമീൻ പരിപാടിയും മൂന്നു കുട്ടികളുടെ ബിസ്മില്ലാ പരിപാടിയും നടന്നു.

**കരുളായി:** ജമാഅത്ത് ആഭിമുഖ്യത്തിൽ നടത്തിയ വിശുദ്ധഖുർആൻ വാരത്തിൽ അമീർ സി.എച്ച്.സിദ്ദീഖ് സാഹിബ്, മൗലവി ശഫീഖ് അഹ്മദ് സാഹിബ്, ഒ.കെ.സുലൈമാൻ സാഹിബ്, ടി.കെ.മുഷ്താഖ് അഹ്മദ് സാഹിബ്, കെ. ശിയാസ് അഹ്മദ് സാഹിബ്, പി.എ.സൈഫുദ്ദീൻ സാഹിബ് എന്നിവരുടെ അദ്ധ്യക്ഷതയിൽ മൗലവിമാരായ സി.പി.മൊയ്തീൻ കുട്ടി സാഹിബ്, നജീബ് സാഹിബ്, കെ. വൈ. ശംസുദ്ദീൻ സാഹിബ്, ടികെ.മഹ്മൂദ് സാഹിബ്, എൻ.ശഫീഖ് അഹ്മദ് സാഹിബ്, മുഹമ്മദ് സലീം സാഹിബ്, കെ.റിയാസ് അഹ്മദ് സാഹിബ് എന്നിവർ ക്ലാസ്സെടുത്തു.

# ലജ്നാ ഇമാഇല്ലാഹ് കേരളത്തിന് വീണ്ടും ഒന്നാം സ്ഥാനം

**ഖാദിയാൻ:** ലജ്ന ഇമാഇല്ലാഹ്/നാസിറാത്തുൽ അഹ്മദിയ്യാ 19 ാം ദേശീയ വാർഷിക ഇജ്തിമാ ഇവിടെ ഒക്ടോ. 1,2,3 തീയതികളിൽ വിജയകരമായി സംഘടിപ്പിച്ചു. മുൻ അഖിലേന്ത്യ സദർ ബുഷ്റ ത്വയ്യിബ ഗോരി സാഹിബ പതാകയുയർത്തി. വിവിധ മത്സരങ്ങളിൽ ശംസുന്നിസ സലീം,മട്ടന്നൂർ ( ഖുർആൻ മന:പാഠം ) റെസീന സാദിഖ് (ഉറുദു പദ്യം) മൂന്നാം സ്ഥാനം കരസ്ഥമാക്കി. കേരളത്തിലെ 23 ശാഖകളിൽ നിന്ന് 54 പ്രതിനിധികൾ ഇജ്തിമായിൽ സംബന്ധിച്ചു.

2012-13 പ്രവർത്തന വർഷത്തിൽ ഏറ്റവും നല്ല പ്രവർത്തനത്തിനുള്ള ട്രോഫികൾ ഇജ്തിമയിൽ സമ്മാനിച്ചു.

ഏറ്റവും നല്ല പ്രവർത്തനത്തിന് കേരളം ഇത്തവണയും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

300 ൽ കൂടുതൽ അംഗങ്ങളുള്ള മജ്‌ലിസുകളിൽ ഒന്നാം സ്ഥാനം ഖാദിയാനും, രണ്ടാം സ്ഥാനം ഹൈദരബാദും, മൂന്നാം സ്ഥാനം യാദ്ഗീറും നേടി.

**100നും 300 നും ഇടയിൽ അംഗസംഖ്യയുള്ള മജ്‌ലിസുകളിൽ**

1.കോഴിക്കോട് 2.മാത്തോട്ടം 3.കണ്ണൂർ സിറ്റി 4.കരുളായി 5.പഴയങ്ങാടി 6. കണ്ണൂർ ടൗൺ 7. കൂടാളി

**100 ന് താഴെ അംഗങ്ങളുള്ള മജ്‌ലിസുകളിൽ**

1.കടലായി 2.വാണിയമ്പലം, മണ്ണാർക്കാട് 3.എറണാകുളം 4.മുറിയക്കണ്ണി 5.കൊടുവായൂർ 6.അലനല്ലൂർ 7.പള്ളിപ്പുറം 8.കാവശ്ശേരി 9.കൊടിയത്തൂർ 10.പള്ളുരുത്തി,മഞ്ചേരി, പാലക്കാട് 11.കാക്കനാട് 12.കവരത്തി 14.കൽക്കുളം 15.പത്തപ്പിരിയം 16.തിരുവനന്തപുരം

***നാസിറാത്തുൽ അഹ്മദിയ്യാ***

30 ന് മുകളിൽ അംഗസംഖ്യയുള്ള മജ്‌ലിസുകളിൽ കോഴിക്കോട് ഒന്നാം സ്ഥാനവും കരുളായി രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**11 നും 30നും ഇടയിൽ അംഗസംഖ്യയുള്ള മജ്‌ലിസുകളിൽ**

1.പഴയങ്ങാടി, മുറിയക്കണ്ണി 2. കണ്ണൂർ സിറ്റി മാത്തോട്ടം, കടലായി 4.പത്തപ്പിരിയം 5.കണ്ണൂർ ടൗൺ, കാക്കനാട് 6.കൂടാളി 7.അലനല്ലൂർ 8.കൊടിയത്തൂർ 9. പള്ളിപ്പുറം

**6 നും 10നും ഇടയിൽ അംഗസംഖ്യയുള്ള മജ്‌ലിസുകളിൽ**

1. ചാവക്കാട് ,വാണിയമ്പലം 2.എറണാകുളം 3.മണ്ണാർക്കാട്,ആദിനാട് 4.തിരുവിഴാം കുന്ന് 6.മഞ്ചേരി

മൂന്നു മുതൽ അഞ്ചു അംഗസംഖ്യയുള്ള മജ്‌ലിസുകളിൽ കാവശ്ശേരി ഒന്നാം സ്ഥാനം കരസ്ഥമാക്കി.

# യൗമെ വാലിദൈൻ

**പാലക്കാട്:** പ്രാദേശിക ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യൗമെ വാലിദൈൻ യോഗത്തിൽ സദർ എം.താജുദ്ദീൻ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മുബല്ലിഗ് നശ്‌റോ ഇശാഅത്ത് മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് ക്ലാസ്സെടുത്തു. കുട്ടികളടക്കം 90 പേർ യോഗത്തിൽ സംബന്ധിച്ചു.

**മാത്തോട്ടം:** പ്രാദേശിക ജമാഅത്ത് സംഘടിപ്പിച്ച യൗമെ വാലിദൈൻ യോഗം അമീർ പി.എം.ബശീർ അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ എം.ജലീൽ അഹ്മദ് സാഹിബിന്റെ തിലാവത്തോടു കൂടി ആരംഭിച്ചു. മുഖ്താർ അഹ്മദ് സാഹിബ് പദ്യം ചൊല്ലി. ചൈൽഡ് ഹെൽപ് ലൈൻ പ്രവർത്തകൻ കുഞ്ഞോയി സാഹിബ്, മുബല്ലിഗ് നശ്‌റോ ഇശാഅത്ത് മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് എന്നിവർ ക്ലാസ്സെടുത്തു. അഖിലേന്ത്യാതലത്തിൽ സമ്മാനർഹരായ പോഷക സംഘടനകൾക്കുള്ള ഉപഹാരങ്ങൾ അമീർ സാഹിബ് വിതരണം ചെയ്തു. 250 ലധികം അംഗങ്ങൾ സംബന്ധിച്ചു.

# തൃശൂരിൽ ജുമുഅ ആരംഭിച്ചു

**തൃശൂർ:** ചേലക്കര ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ടൗണിൽ ജുമുഅ നടന്നു വരുന്നതായി ചേലക്കര സദർ എ. മുനീർ അഹ്മദ് സാഹിബ് അറിയിച്ചു.

തൃശൂർ പൂങ്കുന്നം ജംങ്ക്ഷനിൽ പള്ളിയിൽ ലൈൻ ഏരിയയിലുള്ള ഒരു വീട്ടിലാണ് ജുമുഅക്ക് സംവിധാനം ചെയ്തിട്ടുള്ളത്.

ബന്ധപ്പെടേണ്ട നമ്പറുകൾ:

1) ഗുലാം അഹ്മദ് സാഹിബ്. 9037517301
2) ഹാരിസ് സാഹിബ് . 9447385053

# നേതൃത്വ പരിശീലന ക്യാമ്പ്

**അലനല്ലൂർ:** മജ്‌ലിസ് അൻസാറുല്ലാഹ് പാലക്കാട് മേഖല നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. സംസ്ഥാന നാസിം പി.പി. നാസിമുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ക്യാമ്പ് പാലക്കാട് ജില്ലാ അമീർ എം.കെ. അബ്ദുൽ കരീം സാഹിബ് ഉദ്ഘാടനം ചെയ്തു. മൗലവി ടി. മുഹമ്മദ് മൻസിൽ സാഹി



ബ്, പി.പി.സഹീർ അഹ്മദ് സാഹിബ് പഴയങ്ങാടി, പി.എം. ബശീർ അഹ്മദ് സാഹിബ് മാത്തോട്ടം എന്നിവർ ക്ലാസ്സെടുത്തു. മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് ഭാരവാഹികളെ പരിചയപ്പെടുത്തുന്ന സെഷന് നേതൃത്വം നൽകി. സമാപന സമ്മേളനത്തിൽ മേഖല നാസിം എം. താജുദ്ദീൻ സാഹിബ് സമാപന പ്രഭാഷണം നടത്തി. കൂടാതെ, ഖാദിയാനിൽ നടന്ന ഇജ്തിമായിൽ അഖിലേന്ത്യാ തലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ പാലക്കാട് മേഖലയ്ക്കും സമ്മാനങ്ങൾ കരസ്ഥമാക്കിയ മറ്റ് മജ്‌ലിസുകൾക്കും ജില്ലാ അമീർ സാഹിബ് സമ്മാനങ്ങൾ നൽകി.



അൻസാറുല്ലാഹ് ഇജ്തിമാ വേളയിൽ നാസിർ സാഹിബ് അഅ്‌ലാ കേന്ദ്രസർക്കാറിന്റെ പ്ലാനിംഗ് കമ്മീഷൻ അംഗമായ സയ്യിദ ഹമീദ് സാഹിബയെ ഉപഹാരം നൽകി ആദരിക്കുന്നു.

# റഫീഖ് അഹ്മദ് സാഹിബ് ബേഗ് ഖുദ്ദാം സദർ



**ഖാദിയാൻ :** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ സദർ ആയി റഫീഖ് അഹ്മദ് സാഹിബ് ബേഗിന് അംഗീകാരവും പ്രവർത്തനാനുമതിയും നൽകി കൊണ്ട് ഹുസൂർ തിരുമനസ്സ് ഉത്തരവായി. 2013–2015 കാലത്തേക്കാണ് അംഗീകാരം. കശ്മീരിലെ ആസ്നൂറിൽ മർഹൂം അബ്ദുസ്സുബ്ഹാൻ സാഹിബ് ബേഗിന്റെയും, ഖ്വജാ ബീഗം സാഹിബയുടെയും മകനായി 1978 ലാണ് ജനനം.

1994 ൽ ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം കരസ്ഥമാക്കുകയും 2001 ൽ പഠനം പൂർത്തിയാക്കുകയും ചെയ്തു. തുടർന്ന് 13 വർഷത്തോളം ജാമിഅത്തുൽ മുശ്ശിരീനിൽ ഉസ്താദായും പിന്നീട് ബോർഡിങ്ങ് സൂപ്രണ്ടായും സേവനമനുഷ്ഠിച്ചു. പിന്നീട് ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടു കൂടി അദ്ദേഹം ദക്ഷിണേന്ത്യയുടെ നാഇബ് നാസിർ ദഅ്‌വത്തെ ഇലല്ലയായി നിയമിതനായി. കഴിഞ്ഞ 8 വർഷത്തോളമായി അദ്ദേഹത്തിന് നാഇബ് ഓഫീസർ ജൽസാ സാലാനയായി സേവനമനുഷ്ഠിക്കുന്നതിനുള്ള തൗഫീഖും ലഭിച്ചു കൊണ്ടിരിക്കുകയാണ്. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ പ്രവർത്തക സമിതിയിൽ പല സുപ്രധാന പദവികളും അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. കൂടാതെ, ഖാദിയാൻ ജമാഅത്തിന്റെ സെക്രട്ടറി വഖ്ഫെ ജദീദായും മാൽ സെക്രട്ടറിയായും കേന്ദ്ര ഖാളിയായും സേവനമനുഷ്ഠിക്കുന്നതിനുള്ള അവസരവും ലഭിച്ചിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സദർ ആയി തിരഞ്ഞെടുക്കപ്പെടുകയും ഹുസൂർ തിരുമനസ്സ് അദ്ദേഹത്തിന് അംഗീകാരം നൽകുകയും ചെയ്തിരിക്കുന്നു. കൂടാതെ, ഹുസൂർ തിരുമനസ്സ് അദ്ദേഹത്തെ ദക്ഷിണേന്ത്യയുടെ നാഇബ് നാസിർ ഇസ്‌ലാഹ് വ ഇർശാദ് ആയി നിയമിക്കുകയുമുണ്ടായി. അല്ലാഹു അദ്ദേഹത്തിന് ഈ പദവികൾ അനുഗൃഹീതമാക്കട്ടെ. ഏറ്റവും ഉത്തമമായ നിലയിൽ ഉത്തരവാദിത്വം നിറവേറ്റുന്നതിനുള്ള തൗഫീഖും നൽകുമാറാകട്ടെ. ആമീൻ

# ജില്ലാ വഖ്ഫെനൗ ഇജ്തിമ

**എറണാകുളം:** ജില്ലാ വഖിഫെനൗ ഇജ്തിമ മസ്ജിദ് ഉമറിൽ വെച്ച് രണ്ട് ദിവസങ്ങളിലായി നടത്തപ്പെട്ടു. എറണാകുളം ജമാഅത്ത് പ്രസിഡന്റ് ബി.ബി. അഹ്മദ് കബീർ സാഹിബ് അദ്ധ്യക്ഷത വഹിച്ച ആദ്യ സെഷനിൽ ജില്ലാ അമീർ പി.കെ. ശാഹുൽ ഹമീദ് സാഹിബ് ഇജ്തിമ ഉദ്ഘാടനം ചെയ്തു. ജില്ലാ വഖ്ഫെനൗ സെക്രട്ടറി ടി.കെ അബൂബക്കർ സാഹിബ് ആമുഖ ഭാഷണം നടത്തി. തുടർന്ന്, വഖ്ഫെനൗ കുട്ടികൾക്കായുള്ള വിവിധ ക്ലാസുകൾക്ക് മൗലവിമാരായ അമീറുദ്ദീൻ സാഹിബ്, നൗഷാദ് സാഹിബ്, മുനവ്വർ സാഹിബ്, അബ്ദുൽ മുജീബ് സാഹിബ്, ഹാശിം അശ്റഫ് സാഹിബ് എന്നിവർ നേതൃത്വം നൽകി. മൗലവി എം. നാസിർ സാഹിബ് എന്റെ വഖ്ഫ് എന്ന പേരിൽ നടന്ന സെമിനാർ നിയന്ത്രിച്ചു. കുട്ടികൾ




സ്വയം തയ്യാറാക്കിയ പ്രസന്റേഷനും അവതരിപ്പിച്ചു. സമാപന സമ്മേളനത്തിൽ ഭാരത് വഖ്ഫെനൗ ഇൻചാർജ് മൗലവി സഫറുല്ലാഹ് സാഹിബ് മാതാപിതാക്കൾക്കും കുട്ടികൾക്കും അനിവാര്യമായ ഉപദേശങ്ങൾ നൽകി. ക്യാമ്പിൽ പങ്കെടുത്ത എല്ലാ ചെറിയ കുട്ടികൾക്കും പാരിതോഷികങ്ങൾ നൽകുകയുണ്ടായി.

**The Editor**
**AL HAQ**
C/o Ahmadiyya Muslim Jama'ath
Vazhakkala, Kakkanad West (P.O)
Ernakulam- 682 030.
**E.mail: alhaqeditor@gmail.com**




# മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്ലാറ്റിനം ജൂബിലി ഇജ്തിമ , ഖാദിയാൻ

**ഖാദിയാൻ:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ ദേശീയ ഇജ്തിമ ദാറുൽ അമാൻ ഖാദിയാനിൽ വിജയകരമായി സമാപിച്ചു. പ്ലാറ്റിനം ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് വളരെ പ്രൗഢ ഗംഭീരമായ നിലയിലാണ് ഇജ്തിമ സംഘടിപ്പിച്ചത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഖിലേന്ത്യാ കാര്യദർശി മൗലാനാ മുഹമ്മദ് ഇനാം ഗോരി സാഹിബ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പതാക ഉയർത്തി കൊണ്ട് പരിപാടികൾക്ക് തുടക്കം കുറിച്ചു. സദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ് അദ്ധ്യക്ഷത വഹിച്ച ഉൽഘാടന സെഷനിൽ മൗലാനാ മുഹമ്മദ് ഇനാം ഗോരി സാഹിബ് ഇജ്തിമ ഉൽഘാടനം ചെയ്തുകൊണ്ട് സംസാരിച്ചു. ഹുസൂർ തിരുമനസ്സിന്റെ പ്രത്യേക സന്ദേശം സദസ്സിനെ കേൾപ്പിക്കുകയുണ്ടായി. സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത് ഉൽബോധന പ്രഭാഷണം നിർവഹിച്ചു. മജ്ലിസിന്റെ നടപ്പുവർഷ റിപ്പോർട്ട് മുഅ്തമിദ് സാഹിബ് വായിച്ചു കേൾപ്പിച്ചു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിന്റെ മുൻ സദ്ർമാരും സദസ്സിൽ സന്നിഹിതരായിരുന്നു.






സദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ

ഉൽഘാടന സെഷന് ശേഷം ഇജ്തിമാ വേദിയിൽ മൂന്ന് ദിവസങ്ങളിലായി വിവിധ വൈജ്ഞാനിക മത്സരങ്ങളിൽ നടന്നു. പ്രസ്തുത മൽസരങ്ങളിൽ ഖാദിംകളും അത്ഫാലുകളും ആവേശപൂർവ്വമാണ് പങ്കെടുത്തത്. ഭാഷയുടെ അതിർവരമ്പുകളെ ഭേദിച്ചു കൊണ്ട് കേരള ത്തിൽ നിന്നുള്ള ഖാദിമുകളും അത്ഫാലുകളും മൽസരങ്ങളിൽ ആവേശപൂർവം ഭാഗഭാക്കായിക്കൊണ്ട് സമ്മാനങ്ങൾ കരസ്ഥമാക്കുകയുായി. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ചരിത്രത്തെ ആസ്പദമാക്കി കൊണ്ടുള്ള ഡോക്യുമെന്ററി പ്രദർശനവും ഉണ്ടായിരുന്നു.

കായിക മൽസരങ്ങൾക്ക് മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ നാസിർ ബയ്ത്തുൽ മാൽ ആമദ് ഇന്ത്യൻ ദേശീയപതാക ഉയർത്തി കൊണ്ട് ആവേശകരമായ തുടക്കം കുറിച്ചു.തദവസരത്തിൽ ച്ച് പാസ്റ്റും ഉണ്ടായിരുന്നു. ഖാദിയാനിലെ ഖുദ്ദാമും തഅ്ലീമുൽ ഇസ്‌ലാം ഹൈസ്കൂളിലെ വിദ്യാർഥികളും ചേർന്നവതരിപ്പിച്ച ബൈക്ക് ഓട്ട പ്രദർശനവും ഇന്ത്യൻ ഭൂപടവും ഹൃദയഹാരിയായി. തുടർന്ന് മൂന്ന് ദിവസങ്ങളിലായി ആവേശഭരിതങ്ങളായ വിവിധ കായിക മൽസരങ്ങൾ നടക്കുകയുണ്ടായി. അതിൽ ഫുട്ബോൾ, വോളീബോൾ, വടംവലി, കബഡി, കസേരകളി തുടങ്ങിയവ ഉൾ പ്പെടുന്നു. കാണികളെ കൗതുകത്തിന്റെ ഉത്തുംഗതയിലെത്തിച്ചു കൊണ്ടുള്ള ഗുസ്തി പ്രദർശനവും നടന്നു.

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഈ പ്രവർത്തന വർഷത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ച മജ്ലിസുകളിൽ ഖാദിയാൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി കൊണ്ട് അലമെ ഇനാമിക്ക് അർഹരായി. ആദ്യ പത്ത് സ്ഥാനങ്ങളിൽ മാത്തോട്ടം, കോഴിക്കോട് മജ്ലിസുകളും ഉൾപ്പെടുന്നു. പ്രാദേശിക മജ്ലിസുകളോടൊപ്പം സോണൽ മജ്ലിസുകളുടെ പ്രവർത്തനങ്ങളും വിലയിരുത്തപ്പെടുകയും ട്രോഫികൾ വിതരണം ചെയ്യപ്പെടുകയും ചെയ്തു.

മൂന്ന് ദിവസങ്ങളിലായി നടന്ന ദേശീയ ഇജ്തിമ ഗസ്റ്റ്ഹൗസിന് പിന്നിലുള്ള അലങ്കരിച്ച ഗ്രൗിൽ പ്രത്യേകം സജ്ജമാക്കിയ പന്തലിലാണ് നടന്നത്. ഇന്ത്യയിലെ വിവിധ മജ്ലിസുകളിൽ നിന്നായി ആയിരത്തിലധികം പ്രതിനിധികൾ പങ്കെടുത്തു. ഇജ്തിമായുടെ ഭാഗമായി മജ്ലിസെ ശൂറായും നടന്നു. പ്രസ്തുത ശൂറായിൽ വെച്ച് പുതിയ സദ്റിനെ തിരഞ്ഞെടുക്കുകയും ചെയ്തു. ഉദ്ഘാടന സമ്മേളനത്തിൽ പ്ളാനിംഗ് കമ്മീഷൻ അംഗം ശ്രീ.ലളിത് പങ്കെടുത്തിരുന്നു.

2012 - 2013 വർഷത്തിൽ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ചു കൊണ്ട് **1. ഖാദിയാൻ (പഞ്ചാബ്), 2. യാദ്ഗീർ (കർണ്ണാടകം), 3. മാത്തോട്ടം (കേരളം)** എന്നീ മജ്ലിസുകൾ സമ്മാനങ്ങൾ കരസ്ഥമാക്കി. സോണൽ മജ്ലിസുകളിൽ **1. നോർത്ത് സോൺ, കർണാടകം, 2. ഭദർവാഹ് സോൺ, ജമ്മുകശ്മീർ, 3. സൗത്ത് സോൺ, കർണാടകം** എന്നിവരും സമ്മാനർഹരായി. കൂടാതെ പ്രത്യേക സമ്മാനാർഹരായി **ഝാർഖണ്ഡ്** സോണിനെയും തെരഞ്ഞെടുത്തു.

# അൽഹഖ്

**മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ**

## സ്പെഷ്യൽ എഡിഷൻ





# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ

## സ്ഥാപന പശ്ചാത്തലം

1937 കാലഘട്ടം അഹ്മദിയ്യാ ചരിത്രത്തിലെ ഒരു സുപ്രധാന കാലഘട്ടമാകുന്നു. കാരണം, ആ കാലഘട്ടത്തിൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ അനുഗൃഹീത സാന്നിദ്ധ്യത്തിൽ നിന്നും അംശം കരസ്ഥമാക്കി കൊണ്ട് ശിക്ഷണം സിദ്ധിച്ച വിജ്ഞാനത്തിന്റെ ചക്രവാളത്തിലെ വെട്ടിത്തിളങ്ങുന്ന നക്ഷത്രങ്ങളായിരുന്ന ആത്മമിത്രങ്ങൾ ഓരോരുത്തരായി ഈ നശ്വരമായ ലോകത്തു നിന്ന് വിട പറയുകയായിരുന്നു. മറുഭാഗത്ത് അഹ്റാരികളുടെ കലാപകാലത്ത് ദയനീയമാം വിധം പരാജയം രുചിച്ച അഹ്മദിയ്യാ വിരുദ്ധ ആസൂത്രണങ്ങൾ 1937 ൽ പൂർവാധികം ശക്തിയോടെ തിരിച്ചു വരവ് നടത്തുകയായിരുന്നു. അവർ ഖാദിയാനിൽ ഒരു അഭ്യന്തര കലാപം സൃഷ്ടിച്ചു കൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ ഖിലാഫത്ത് സംവിധാനത്തെ നേരിട്ട് ആക്രമിക്കാൻ ശ്രമിക്കുകയായിരുന്നു. ഇത് യഥാർഥത്തിൽ കഠിനമായ പരീക്ഷണത്തിന്റെ കാലഘട്ടമായിരുന്നു. അതിൽ 1914, 1927,1935,1936 കാലഘട്ടങ്ങളിൽ ഉയർന്ന എല്ലാ കലഹങ്ങളും ഒരുമിച്ച് ചേർന്ന് കൊണ്ട് ഒരു പുതിയ രൂപത്തിൽ അഹ്മദിയ്യാ ജമാഅത്തിനെതിരിൽ പടയൊരുക്കം നടത്തുകയായിരുന്നു.

## ദീർഘദൃഷ്ടി

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) പ്രസ്തുത ഭയാനകവും ദുർഘടവുമായ ദിനങ്ങളുടെ ഭീതിജനകമായ പരിണാമത്തെ ദൈവീക ഉൾക്കാഴ്ചയാൽ കണ്ടു കൊണ്ട് സത്യമതത്തിന്റെ ആഗോള വിജയത്തിനായി അല്ലാഹുവിന്റെ ഇച്ഛാനുസരണം അതിമഹത്തായ പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. അതിൽ ഏറ്റവും മഹത്തായതും ഏറ്റവും സുപ്രധാനവും, ഭാവിയിൽ ഏറ്റവും മഹത്തായ സത്പരിണാമങ്ങൾ സൃഷ്ടിക്കാനുതകുന്നതുമായ പദ്ധതി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്ഥാപനമായിരുന്നു. 1938 ലാണ് അത് സ്ഥാപിതമാകുന്നത്.

## പുതിയ തലമുറയുടെ സമുദ്ധാരണം

ഖലീഫ സാനി (റ) ന് ഖിലാഫത്തിന്റെ ആരംഭകാലം തൊട്ടു തന്നെ അഹ്മദി യുവാക്കളുടെ സംഘാടനത്തിലേക്കും ശിക്ഷണത്തിലേക്കും അതീവ ശ്രദ്ധയുണ്ടായിരുന്നു. കാരണം, ഖിയാമത്ത് നാൾ വരേക്കുള്ള സത്യമതത്തിന്റെ വിജയത്തിനും അല്ലാഹുവിന്റെ നാമത്തിന്റെ ഉയർച്ചയ്ക്കുമായി ഓരോ തലമുറയും മുൻതലമുറയെ പൂർണമായും പ്രതിനിധാനം ചെയ്യുന്നവരും ജീവനെയും സമ്പത്തിനെയും ത്യജിക്കുന്ന കാര്യത്തിൽ പൂർവികരുടെ കാലടികളെ പിന്തുടരുന്നവരും ആയിരിക്കേണ്ടത് അനിവാര്യമാകുന്നു.

## സർവ സവിശേഷതകളുടെയും സമ്മേളിത രൂപം

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ഈ ലക്ഷ്യപ്രാപ്തിക്കായി സമയാസമയങ്ങളിൽ വിവിധ സംഘടനകൾ സ്ഥാപിക്കുകയുണ്ടായി. എന്നാൽ, പ്രസ്തുത എല്ലാ സംഘടനകളുടെയും സർവ സവിശേഷതകളും പരിപൂർണമായ നിലയിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ രൂപത്തിൽ വെളിപ്പെട്ടു.

ഹുസൂറിന്റെ നേരിട്ടുള്ള നേതൃത്വത്താലും, അസാധാരണമായ ശ്രദ്ധയാലും, അദ്ഭുതകരമായ പരിശുദ്ധശക്തികളാലും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിൽ ശിക്ഷണം സിദ്ധിച്ച കാരണത്താൽ അഹ്മദിയ്യാ ജമാഅത്തിന് ആത്മാർഥരും ത്യാഗസന്നദ്ധരും സഹതാപഹൃദയരും സംഘടനാ പാടവവും കഴിവുകളും ഉള്ള ബുദ്ധിമാന്മാരെ ലഭിക്കുകയുണ്ടായി. അവർ ഭാവിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ അതിമഹത്തായ ഉത്തരവാദിത്വങ്ങളെ വളരെ മനോഹരമായ നിലയിലും വിജയപ്രദമായും തങ്ങളുടെ ചുമലിൽ ഏറ്റെടുക്കുകയുണ്ടായി...

## ഒരു പ്രവചനം

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ഈ സംഘടനയുടെ അടിത്തറയിട്ടു കൊണ്ട് ഇപ്രകാരം പ്രവചിക്കുകയുണ്ടായി;

" നമ്മുടെ ഭാഗത്ത് നിന്നും (ശത്രുക്കളുടെ) ആക്രമണത്തിന് എന്ത് മറുപടിയാണ് നൽകുന്നതെന്ന് ഞാൻ കാണുന്നു. ഓരോന്നിന്റെയും സംക്ഷിപ്ത അറിവ് എന്റെ മനസ്സിലുണ്ട്. അതിന്റെ തന്നെ ഒരു ഭാഗമാണ് ഖുദ്ദാമുൽ അഹ്മദിയ്യ. യഥാർഥത്തിൽ ഇത് ആത്മീയ പരിശീലനവും ആത്മീയ വിദ്യാഭ്യാസവും ശിക്ഷണവുമാകുന്നു...... ഇത് യുവാക്കളുടെ പരിശീലനത്തിന്റെ കാലഘട്ടമാകുന്നു. അവരുടെ ശിക്ഷണത്തിന്റെ കാലഘട്ടമാകുന്നു. ഒന്നും സംഭവിക്കുന്നില്ല എന്ന് ജനങ്ങൾ കരുതുന്നു. എന്നാൽ സമൂഹം ശിക്ഷണം കരസ്ഥമാക്കി പ്രവർത്തന മൈതാനത്തേക്ക് പുറപ്പെടുമ്പോൾ ലോകം അനന്തരഫലം കാണാൻ തുടങ്ങുന്നു. യഥാർഥത്തിൽ ഒരു കയ്യുയരുമ്പോൾ എഴുന്നേൽക്കുകയും ഒരു കയ്യ് താഴുമ്പോൾ ഇരിക്കുകയും ചെയ്യുന്ന ജീവനുള്ള സമൂഹം ലോകത്ത് അതിമഹത്തായ വിപ്ലവം സംജാതമാക്കുന്നു."

## മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ രൂപം പ്രാപിക്കുന്നു

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ അസ്തിവാരമിടപ്പെട്ടതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശേഖ് മഹ്ബൂബ് ആലം സാഹിബ് ഖാലിദ് പറയുന്നു:

"1938 ജനുവരി 20 ന് വൈകുന്നേരം ജാമിഅ അഹ്മദിയ്യായിൽ നിന്ന് വീട്ടിലെത്തിയപ്പോൾ പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ നിന്ന് ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) താങ്കളെ വിളിക്കുന്നു എന്ന സന്ദേശവുമായി ഒരാൾ വന്നു. ഞാൻ ഹുസൂറിന്റെ സന്നിധിയിൽ ഹാജരായപ്പോൾ അദ്ദേഹം എനിക്ക് ശേഖ് അബ്ദുർ റഹ്മാൻ സാഹിബ് മിസ്‌രി പ്രസിദ്ധീകരിച്ച രണ്ട നോട്ടീസ് നൽകിക്കൊണ്ട് പറഞ്ഞു: ഇതിന് മറുപടി തയ്യാറാക്കുക. ദാറുൽ മുജാഹിദീനിലേക്ക് പോകുക. വാഖ്ഫീംകളെ കൂടെ കൂട്ടി കൊള്ളുക. വേണമെങ്കിൽ ജാമിഅയിലുള്ളവരെയും. സഫ്ഫെ അവ്വലിലുള്ള പണ്ഡിതന്മാരിൽ നിന്ന് സഹായം തേടരുത്. മൗലവി ഖമറുദ്ദീൻ സാഹിബിനെയും മൗലവി സഹൂർ ഹുസൈൻ സാഹിബിനെയും മാത്രം കൂടെ കൂട്ടി കൊണ്ട് ജോലി തുടങ്ങുക. ഏതെങ്കിലും ഗ്രന്ഥത്തിന്റെ ആവശ്യം നേരിട്ടാൽ ഞാനെന്റെ സ്വന്തം ലൈബ്രറിയിൽ നിന്ന് തരുന്നതാണ്. അങ്ങനെ ഞാൻ ആ നോട്ടീസ് വാങ്ങി ഭക്ഷണം കഴിക്കാതെ തന്നെ വാഖ്ഫീംകളെയും കൂട്ടി ജോലി ആരംഭിച്ചു.

ഒരു ദിവസം ഹുസൂർ പറഞ്ഞു, ഒരു യോഗം വിളിച്ചു കൂട്ടി ഭാരവാഹികളെ തിരഞ്ഞെടുക്കുക. അങ്ങനെ 1938 ജനുവരി 31 ന് മഗ്രിബ് നമസ്കാരാനന്തരം ശേഖ് മഹ്ബൂബ് ആലം സാഹിബ് ഖാലിദിന്റെ വസതിയിൽ ശേഖ് സാഹിബിന്റെ ക്ഷണ പ്രകാരം ഖാദിയാനിലെ 10 യുവാക്കൾ ഒരുമിച്ച് കൂടി. ആ യുവാക്കൾ അഹ്മദിയ്യത്തിന്റെ വിജയത്തിനായും ഖിലാഫത്തിനെ സഹായിക്കുന്നതിനായും സന്നദ്ധരായിരിക്കുമെന്നും അതിനെതിരിൽ ഉയരുന്ന ആക്രമണങ്ങളെ ചെറുക്കുന്നതാണെന്ന ദൃഢ പ്രതിജ്ഞയോടും കൂടി അല്ലാഹുവിന്റെ സഹായം തേടുകയുണ്ടായി. യുവാക്കളുടെ ആ സംഘടനയിലെ ആദ്യ പ്രതിനിധികൾ ഇവരായിരുന്നു:-

**1) മൗലവി ഖമറുദ്ദീൻ സാഹിബ്.**
**2) ഹാഫിസ് ബശീർ അഹ്മദ് സാഹിബ്.**
**3) മൗലാനാ സഹൂർ ഹുസൈൻ സാഹിബ്.**
**4) മൗലാനാ ഗുലാം അഹ്മദ് ഫറഖ് സാഹിബ്.**
**5) മൗലവി മുഹമ്മദ് സിദ്ധീഖി സാഹിബ്.**
**6) മൗലാനാ സയ്യിദ് അഹ്മദ് അലി ശാഹ് സാഹിബ്.**
**7) ഹാഫിസ് ഖുദ്റത്തുല്ലാഹ് സാഹിബ്.**
**8) മൗലവി മുഹമ്മദ് യൂസുഫ് സാഹിബ്.**
**9) മൗലാനാ മുഹമ്മദ് അഹ്മദ് സാഹിബ് ജലീൽ.**
**10) ചൗധരി ഖലീൽ അഹ്മദ് സാഹിബ് നാസിർ.**



ഈ യുവാക്കൾ തങ്ങളുടെ ആദ്യ യോഗത്തിൽ തന്നെ മജ്ലിസിന്റെ ഭാരവാഹികളെ തിരഞ്ഞെടുത്തു. തെരഞ്ഞെടുപ്പിൽ ആദ്യം പേര് നിർദേശിക്കപ്പെട്ടു. പിന്നീട്, അതിനെ പിന്താങ്ങി. മൗലവി ഖമറുദ്ദീൻ സാഹിബും മഹ്ബൂബ് ആലം സാഹിബ് ഖാലിദും അതിന്റെ സെക്രട്ടറിമാരായി തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് 1938 ഫെബ്രുവരി 4 ന് ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ൽ നിന്ന് അതിന്റെ അനുമതിയും കരസ്ഥമായി."

## നാമകരണം

ശേഖ് മഹ്ബൂബ് ആലം സാഹിബ് ഖാലിദ് പറയുന്നു: "ഞാൻ തിരഞ്ഞെടുപ്പിന്റെ റിപ്പോർട്ട് സമർപിച്ചപ്പോൾ ഹുസൂർ പാഡിൽ നിന്നും നീല വരയുള്ള ഒരു കടലാസ് എടുത്ത് അതിൽ തന്റെ പേന കൊണ്ട് "ഖുദ്ദാമുൽ അഹ്മദിയ്യ" എന്ന് എഴുതി."

**മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്ഥാപന ലക്ഷ്യം**

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സ്ഥാപന കാലഘട്ടത്തിൽ തന്നെ വളരെ സ്പഷ്ടമായ വാക്കുകളിൽ അതിന്റെ സ്ഥാപനോദ്ദേശ്യത്തെ സംബന്ധിച്ച് പറയുകയുണ്ടായി. പറയുന്നു:-

"ഈ മജ്ലിസിന്റെ സ്ഥാപനം കൊണ്ടു ഞാൻ ഉദ്ദേശിക്കുന്നത്, നമ്മുടെ ഹൃദയങ്ങളിൽ പതിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപനങ്ങൾ നഷ്ടപ്പെടരുത്. മറിച്ച് അത് തലമുറ തലമുറകളായി ഹൃദയങ്ങളിൽ പതിച്ചു കൊണ്ടിരിക്കണം. ഇന്ന് അത് നമ്മുടെ ഹൃദയങ്ങളിൽ പതിച്ചിട്ടുണ്ടെങ്കിൽ നാളെ അത് നമ്മുടെ സന്തതികളുടെ ഹൃദയങ്ങളിൽ പതിക്കണം. മറ്റന്നാൾ അത് അവരുടെ സന്തതികളുടെ ഹൃദയങ്ങളിൽ പതിക്കണം. അങ്ങനെ ആ അദ്ധ്യാപനം നാമുമായി ബന്ധപ്പെട്ടു കിടക്കണം. നമ്മുടെ ഹൃദയങ്ങളുമായി പറ്റിച്ചേർന്ന് കിടക്കണം. ലോകത്തിന് ഗുണപ്രദവും അനുഗൃഹീതവുമായ രൂപം സ്വീകരിക്കണം. അഥവാ ഒന്നോ രണ്ടോ തലമുറ വരെ മാത്രം ഈ അദ്ധ്യാപനങ്ങൾ പരിമിതപ്പെടുകയാണെങ്കിൽ അതിലൂടെ പ്രതീക്ഷിക്കപ്പെടുന്ന സുദൃഢ രൂപം ലഭിക്കുകയില്ല."

## പ്രഥമ പ്രവർത്തക സമിതി

മജ്ലിസിന്റെ ആദ്യ സദ്ർ മൗലവി ഖമറുദ്ദീൻ സാഹിബ് ആയിരുന്നു. മഹ്ബൂബ് ആലം സാഹിബ് ഖാലിദ് 1938 നവംബർ വരെ സെക്രട്ടറിയായി തുടർന്നതിന് ശേഷം അദ്ദേഹം ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ അനുമതിയോടു കൂടി എം.എ പരീക്ഷ എഴുതുന്നതിനായി പ്രസ്തുത പദവി ഒഴിഞ്ഞു. തുടർന്ന് ഖലീൽ അഹ്മദ് സാഹിബ് നാസിർ സെക്രട്ടറിയായി നിയമിതനായി.


അഹ്മദിയ്യാ ചരിത്രത്തിലെ രേഖകളനുസരിച്ച് ആദ്യ വർഷത്തെ നാഇബ് സദ്റായി മൗലാനാ സഹൂർ ഹുസൈൻ സാഹിബും അസിസ്റ്റന്റ് സെക്രട്ടറിമാരായി ഖലീൽ അഹ്മദ് സാഹിബ് നാസിർ,സയ്യിദ് മുഖ്താർ അഹ്മദ് സാഹിബ് ഹാശ്മി, നദീർ അഹ്മദ് സാഹിബ് റിയാസ്, മൗലാനാ ഗുലാം അഹ്മദ് സാഹിബ് ഫറഖ് എന്നിവരും ഫിനാൻഷ്യൽ സെക്രട്ടറിയായി ചൗധരി മുഹമ്മദ് ശരീഫ് സാഹിബും നിയമിതരായി.

ആരംഭത്തിൽ പ്രവർത്തക സമിതി മുൻതസിമ എന്നാണ് പറയപ്പെട്ടിരുന്നത്. അതിൽ സദ്ർ, സെക്രട്ടറി, ഫിനാൻഷ്യൽ സെക്രട്ടറി എന്നിവരെ കൂടാതെ ഖാദിയാനിലെ ഓരോ മഹല്ലിൽ നിന്നുള്ള സയീമും അംഗമായിരുന്നു. ആദ്യ വർഷത്തിൽ മജ്ലിസ് മുൻതസിമയുടെ 34 യോഗങ്ങളാണ് നടന്നത്.

*(താരീഖ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ)*



Mou.Qamaruddin Sb
First Sadr



Mou.Zuhoor Hussain Sb
First Naib Sadr



Sk.Mahboob Alam Khalid Sb
First Gen.Secry



Khaleel Ahmed Nasir Sb
First Asst.Secry

## മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രാരംഭ പ്രവർത്തന രൂപരേഖ

1. **അഹ്മദിയ്യാ ജമാഅത്തിന്റെ യുവാക്കളുടെ സംഘടന.**
2. **അഹ്മദിയ്യാ ജമാഅത്തിന്റെ യുവാക്കളിൽ സാമൂഹികാത്മാവും ത്യാഗസന്നദ്ധതയും സംജാതമാക്കുക.**
3. **ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ നടപ്പിലാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.**
4. **യുവാക്കളിൽ സ്വന്തം കൈകൊണ്ട് പറിയെടുക്കുന്നതിനും വൃത്തിയുള്ള ചുറ്റുപാടിൽ ജീവിക്കുന്നതിനുമുള്ള ശീലം ഉണ്ടാക്കിയെടുക്കുക.**
5. **യുവാക്കളിൽ സ്ഥായിയായ പ്രകൃതം ഉണ്ടാക്കിയെടുക്കുക.**
6. **യുവാക്കളുടെ ബുദ്ധിശക്തിയെ ഉത്തേജിപ്പിക്കുക.**
7. **യുവാക്കളെ സാമൂഹിക ഉത്തരവാദിത്വങ്ങൾ വഹിക്കുന്നതിന് യോഗ്യരാക്കിത്തീർക്കുന്നതിനായി അവരുടെ ശാരീരിക വ്യായാമങ്ങൾക്കായി സംവിധാനം ഒരുക്കുക.**
8. **യുവാക്കളെ ഇസ്‌ലാമിക ധാർമിക ഗുണങ്ങളാൽ വിഭൂഷിതരാക്കുക.** (ഉദാ: സത്യം, വിശ്വസ്തത, നമസ്കാരത്തിൽ കൃത്യനിഷ്ഠത തുടങ്ങിയവ)
9. **സമൂഹത്തിലെ കുട്ടികൾക്ക് ഭാവിയിൽ അവരുടെ ജീവിതം സമൂഹത്തിന് ഗുണപ്രദമായിത്തീരത്തക്കതരത്തിൽ അവർക്ക് ശിക്ഷണം നൽകുക.**
10. **യുവാക്കളെ ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ഭാഗഭാക്കാകുന്നതിനായി പ്രേരിപ്പിക്കുക.**
11. **യുവാക്കളിൽ സൃഷ്ടി സേവനത്തിലുള്ള ആവേശം ഉണ്ടാക്കിയെടുക്കുക.**
12. **ജമാഅത്തിന്റെ യുവാക്കളുടെ ഉന്നമനത്തിനായി കഴിയുന്നത്ര എല്ലാ ഉപകാരപ്രദങ്ങളായ കാര്യങ്ങളെയും പ്രാവർത്തികമാക്കുക.**

*(താരീഖെ അഹ്മദിയ്യത്ത്)*

### ഭരണഘടന

പ്രവർത്തക സമിതി അംഗങ്ങളുടെ രണ്ട് മാസത്തെ പ്രയത്ന ഫലമായി തങ്ങളുടെ നിയമാവലി തയ്യാറാക്കി. പിന്നീട്, അതിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) അംഗീകാരം നൽകുകയും ചെയ്തു. മജ്‌ലിസിന്റെ എല്ലാ നടപടിക്രമങ്ങളും അതിനെ ആധാരമാക്കിയാണ് പടുത്തുയർത്തിയത്. പ്രസ്തുത നിയമാവലി അനുസരിച്ച് എല്ലാ വർഷവും ഡിസംബറിലെ ആദ്യ ആഴ്ചയിൽ ഹൽഖ ഖാദിയാനിലെ പ്രവർത്തക സമിതി അംഗങ്ങളും കേന്ദ്രപ്രവർത്തക സമിതി അംഗങ്ങളും സദറിനും ജനറൽ സെക്രട്ടറിക്കുമായി രണ്ട് പേരുകൾ നിർണയിക്കുവാൻ തുടങ്ങി. പിന്നീട്, ആ പേരുകളെ മജ്‌ലിസിന്റെ വാർഷിക ഇജ്തിമായിൽ മുഴുവൻ അംഗങ്ങളുടെ മുന്നിലും സമർപ്പിക്കുന്നു. അവരുടെ ഭൂരിപക്ഷാഭിപ്രായത്താൽ സദറിനെയും ജനറൽ സെക്രട്ടറിയെയും തിരഞ്ഞെടുക്കുന്നു. മജ്‌ലിസിന്റെ തിരഞ്ഞെടുപ്പ് ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ സവിധത്തിൽ സമർപ്പിക്കുന്നു. ഹുസൂറിന്റെ അനുമതി ലഭിച്ച ശേഷം മജ്‌ലിസിന്റെ സദ്ർ വിവിധ വിഭാഗങ്ങൾക്കായി മുഹ്തമിമുമാരെ സ്വയം നാമനിർദേശം ചെയ്യുന്നു. അങ്ങനെ കേന്ദ്ര പ്രവർത്തക സമിതി രൂപപ്പെടുന്നു.

*(താരീഖെ അഹ്മദിയ്യത്ത്)*

### മജ്‌ലിസിന്റെ ബാഡ്ജ്

ആരംഭ കാലഘട്ടത്തിൽ തന്നെ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിലെ അംഗങ്ങൾക്കായി ഒരു വ്യതിരിക്ത ബാഡ്ജ് തയ്യാറാക്കപ്പെട്ടു. അത് കറുത്ത നിറത്തിലുള്ളതായിരുന്നു. അതിൽ മിനാരത്തുൽ മസീഹ് പതിപ്പിച്ചിരുന്നു. അതിനു മുകളിൽ ഒരു പതാക ഉണ്ടായിരുന്നു. ആ പതാകയിൽ കലിമ ത്വയ്യിബ എഴുതിയിരുന്നു. അതോടൊപ്പം ചന്ദ്രന്റെ അടയാളവും ഉണ്ടായി രുന്നു. ചന്ദ്രനോടൊപ്പം **വസ്തബി ഖുൽ ഖയ്റാത്** എന്ന വാക്യവും എഴുതിച്ചേർത്തിരുന്നു. ബാഡ്ജിൽ 'മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ അംഗം' എന്നും എഴുതിയിരുന്നു.

*(താരീഖെ അഹ്മദിയ്യത്ത്)*

### ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രതിജ്ഞ

ആരംഭ കാലത്ത് തന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) അഹ്മദി യുവാക്കൾക്കായി ഒരു പ്രതിജ്ഞ നിർദേശിച്ചിരുന്നു.
അതിപ്രകാരമാകുന്നു:-
**"അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീക ലഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വറസൂലുഹൂ (ഒരു തവണ) സമൂഹത്തിന്റെയും സമുദായത്തിന്റെയും നന്മയ്ക്കായി എന്റെ ജീവനെയും ധനത്തെയും അഭിമാനത്തെയും ത്യജിക്കുവാനായി അമാന്തിക്കുന്നതല്ലെന്ന് ഏറ്റു പറഞ്ഞു കൊള്ളുന്നു."** (മൂന്ന് തവണ)
1942ൽ ഹുസൂർ പ്രതിജ്ഞയിൽ ചില മാറ്റങ്ങൾ വരുത്തി.
അതിപ്രകാരമാകുന്നു:-
**"സമൂഹത്തിന്റെയും സമുദായത്തിന്റെയും നന്മയ്ക്കായി ഞാനെന്റെ ജീവനെയും ധനത്തെയും അന്തസ്സിനെയും ബലിയർപ്പിക്കുവാൻ എല്ലായ്പ്പോഴും സന്നദ്ധനായിരിക്കുമെന്ന് ഏറ്റു പറഞ്ഞു കൊള്ളുന്നു."**
പിന്നീട് 1956 ലാണ് ഇന്നത്തെ രൂപത്തിലുള്ള പ്രതിജ്ഞ തയ്യാറാക്കിയത്.
അതിപ്രകാരമാകുന്നു;
**"അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഹ്ദ ഹു ലാ ശരീക ലഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വറസൂലുഹൂ. ദീനിന്റെയും സമൂഹത്തിന്റെയും സമുദായത്തിന്റെയും നന്മയ്ക്കു വേണ്ടി ഞാൻ എന്റെ ജീവനെയും സമ്പ ത്തിനെയും സമയത്തെയും അന്തസ്സിനെയും ബലിയർപ്പിക്കുവാൻ എല്ലായ്പ്പോഴും സന്നദ്ധനായിരിക്കുമെന്ന് ഏറ്റു പറഞ്ഞു കൊള്ളുന്നു. അപ്രകാരം തന്നെ, അഹ്മദിയ്യാ ഖിലാഫത്തിനെ നിലനിറുത്തുന്നതിനു വേണ്ടി എല്ലാ തരം ത്യാഗങ്ങൾക്കും തയ്യാറാകുകയും കാലത്തിന്റെ ഖലീഫയുടെ എല്ലാ ഉചിതമായ തീരുമാനങ്ങളും അനുസരിക്കേണ്ടത് എന്റെ ബാധ്യതയായി മനസ്സിലാക്കുകയും ചെയ്യുന്നതാണ്. "** (താരീഖെ അഹ്മദിയ്യത്ത്)

### വഖാറെ അമൽ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) 1939 ഫെബ്രുവരി 3 ന് നൽകിയ ഖുത്വുബയിൽ പറഞ്ഞു: 'ഒന്നോ രണ്ടോ മാസം കൂടുമ്പോൾ മുഴുവൻ ജമാഅത്തും ഒത്തു കൂടി സ്വന്തം കൈ കൊണ്ട് ജോലി ചെയ്യുന്നതിനായി ഖുദ്ദാമുൽ അഹ്മദിയ്യാ ഒരു ദിവസം നിശ്ചയിക്കേണ്ടതാണ്.' ഈ സാമൂഹിക പ്രവർത്തിയെ ഖുദ്ദാമുൽ അഹ്മദിയ്യാ 'വഖാറെ അമൽ' എന്ന് നാമകരണം ചെയ്തു.

### പ്രഥമ വഖാറെ അമൽ

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ കീഴിൽ 1939 മാർച്ച് 30 ന് ആദ്യത്തെ സമൂഹ വഖാറെ അമൽ നടന്നു.

### മാതൃകാ വഖാറെ അമലും ഖാജാ ഹസൻ നിസാമി ദഹ്‌ലവിയും

ഖാജാ ഹസൻ നിസാമി സാഹിബ് ദഹ്‌ലവി മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഡൽഹിയുടെ ഒരു സമൂഹ വഖാറെ അമലിനെ പരാമർശിച്ചു കൊണ്ട് എഴുതുന്നു, "ഇന്ന് ഡൽഹിയിലെ ഖാദിയാനി ജമാഅത്തിലെ 40 വ്യക്തികൾ സൃഷ്ടിസേവനത്തിനായി വന്നിരുന്നു. ഏതെങ്കിലും വഴി ശരിയാക്കണമെങ്കിൽ പറഞ്ഞാലും എന്ന് എന്നോട് ആവശ്യപ്പെട്ടു. ഞാനെന്റെ യാത്രാ മന്ദിരത്തിലേക്കുള്ള വഴി സ്വയം കൂടെ ചെന്ന് കാണിച്ചു കൊടുത്തു. അവർ തൊഴിലാളികളെ പോലെ കൈക്കോട്ടുമെടുത്ത് വഴി വൃത്തിയാക്കാൻ തുടങ്ങി. അവരിൽ വക്കീലുമുണ്ടായിരുന്നു, വലിയ വലിയ പദവിയിലുള്ള സർക്കാർ ജോലിക്കാരുമുണ്ടായിരുന്നു. മീർസാ സാഹിബിന്റെ സ്വന്തക്കാരുമുണ്ടായിരുന്നു. അവരുടെ ആ പ്രവർത്തനം ദർഗാഹിൽ സന്ദർശത്തിന് വന്ന

വരിലും അവിടെ സന്നിഹിതരായവരിലും വളരെ പ്രഭാവം ചെലുത്തി. ഒരാൾ പറഞ്ഞു, ഇവർ പ്രചാരണത്തിനായിട്ടാണ് പ്രവർത്തിക്കുന്നത്. ഞാൻ പറഞ്ഞു, ഹദ്റത് സുൽത്താനുൽ മശാഇഖ് (റ) പറഞ്ഞിട്ടുള്ളത് പ്രദർശനത്തിനായി സേവനം ചെയ്യുന്ന വ്യക്തിക്ക് ഒരു പ്രതിഫലം ലഭിക്കുന്നു എന്നാണ്. അല്ലാഹുവിന്റെ തൃപ്തിക്കായി സേവനം ചെയ്യുന്ന വ്യക്തിക്ക് രണ്ട് പ്രതിഫലം ലഭിക്കുന്നു. ദർഗാഹിനോട് വിശ്വാസം പുലർത്തുന്നവർ സ്വയം തനിക്ക് വേണ്ടിയിട്ടാണ് പ്രയത്നിക്കുന്നത്. എന്നാൽ പൊതുജനങ്ങളുടെ സൗകര്യത്തിനായുള്ള ഇത്തരം പ്രയത്നങ്ങൾ വളരെ വിരളമായേ കാണപ്പെടുകയുള്ളു.


*(മുനാദി, 1941 ഡിസംബർ 16)*

## പ്രഥമ വാർഷിക ഇജ്തിമ

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രഥമ വാർഷിക ഇജ്തിമ 1938 ഡിസംബർ 25 ന് ഉച്ച കഴിഞ്ഞ് 3 മണിക്ക് മസ്ജിദ് നൂറിൽ നടന്നു. അതിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ പ്രഭാഷണം മാത്രമേ ഉണ്ടായിരുന്നുള്ളു. പ്രസ്തുത പ്രഭാഷണത്തിൽ ഹുസൂർ ഖാദിമുകൾക്ക് സുപ്രധാന നിർദേശങ്ങൾ നൽകി കൊണ്ട് പറഞ്ഞു,

- **അഹ്മദിയ്യത്തിന്റെ അന്തസ്സിനായി സ്വന്തം ഹൃദയത്തിൽ വികാരം ഉണ്ടാക്കിയെടുക്കുക.**
- **മനോധൈര്യം സംജാതമാക്കുക.**
- **പരിശ്രമ ശീലം ഉണ്ടാക്കിയെടുക്കുക.**
- **തെറ്റിദ്ധാരണകളിൽ നിന്നും ഊഹങ്ങളിൽ നിന്നും രക്ഷ നേടുക.**
- **ദൃഷ്ടിയെ വിശാലമാക്കുക, കാലികമായ അവസ്ഥാവിശേഷങ്ങളെ സംബന്ധിച്ചുള്ള ഗഹനമായ പരിചയം ഉണ്ടാക്കിയെടുക്കുക.**
- **വിശ്വസ്തത കൈവരിക്കുക.**
- **സൃഷ്ടിസേവനത്തിൽ പങ്കാളികളാകുക.**
- **സത്യത്തെ സ്വായത്തമാക്കുക.**
- **തന്റെ ലക്ഷ്യത്തെ എപ്പോഴും മുന്നിൽ വെക്കുക.**
- **സ്വയം തന്നെ കർമങ്ങളുടെ പരിണാമത്തിന്റെ ഉത്തരവാദിയായി മനസ്സിലാക്കുക.**
- **എന്തെങ്കിലും തെറ്റ് സംഭവിച്ചാൽ ശിക്ഷ സ്വീകരിക്കുന്നതിനായി സന്നദ്ധനായിരിക്കുക.**
- **സമുദായത്തിന് വേണ്ടി ജീവൻ ത്യജിക്കുന്നവർ മരിക്കുന്നില്ലെന്നും സമുദായം ജീവസ്സുറ്റതായ കാലത്തോളം മാത്രമേ യഥാർഥ ജീവിതം ശേഷിക്കുന്നുള്ളു എന്നും അതിനാൽ സാമൂഹിക ജീവിതത്തിന്റെ നിലനിൽപിന് മുന്നിൽ വ്യക്തിഗതത്യാഗത്തിന് യാതൊരു വിലയുമില്ല എന്നും മനസ്സിലാക്കുക.**
- **സ്വന്തം സമുദ്ധാരണം മാത്രമല്ല, മറിച്ച് തന്റെ ചുറ്റുപാടിനെയും സമുദ്ധരിക്കുക.**
- **ബുദ്ധി ഉപയോഗിക്കുക.**
- **അനുസരണശീലം ഉണ്ടാക്കിയെടുക്കുക.**
- **ജമാഅത്തിന്റെ ഗമനം സദാ ഉന്നതിയിലേക്കായിരിക്കണം എന്നുള്ളതായിരിക്കണം എപ്പോഴുമുള്ള ചിന്ത.**

*(അൽഫള്ൽ പത്രം ഖാദിയാൻ, 27.12.1938)*



*1944 ലെ ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമയുടെ ഒരു ദൃശ്യം.*

## മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പതാക

അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിച്ചിട്ട് 50 വർഷവും രണ്ടാം ഖിലാഫത്തിന്റെ 25 വർഷവും പൂർത്തിയായ സന്ദർഭത്തിൽ 1939 ലെ വാർഷിക ജൽസ ഖിലാഫത്ത് ജൂബിലിയായിട്ടാണ് ആഘോഷിച്ചത്. ഈ അനുഗൃഹീത പരിപാടിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പതാക നിർമിച്ച് ഉയർത്താനുള്ള തീരുമാനം ഉണ്ടായി. അതോടൊപ്പം തന്നെ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായും സംഘടനയുടെ അടയാളമെന്ന നിലയിൽ ഒരു പതാകയ്ക്ക് രൂപം നൽകി ഉയർത്താൻ തീരുമാനിക്കുകയുണ്ടായി. തൽസംബന്ധമായ മുഴുവൻ പരിശ്രമങ്ങൾക്കും ചുക്കാൻ വഹിച്ചത് മലക്ക് അതാഉർ റഹ്മൻ ആയിരുന്നു. അതിന്റെ ഓരോ ഘട്ടവും വളരെ പ്രയാസകരമായിരുന്നു.

ഖുദ്ദാമുൽ അഹ്മദിയ്യായുടെ പതാകയുടെ ഘടന കേന്ദ്ര പ്രവർത്തക സമിതി പാസാക്കുകയുണ്ടായി. മലക്ക് അതാഉർ റഹ്മാൻ സാഹിബ് തന്നെയായിരുന്നു അതിന്റെ ഘടന തയ്യാറാക്കിയത്. തുണിയുടെ രണ്ടു ഭാഗത്തും ഒരേ പോലെ ചിത്രത്തെ പകർത്തുക എന്നതായിരുന്നു ഏറ്റവും ശ്രമകരമായ ഘട്ടം. ഇന്ത്യയിലെ വിവിധ വസ്ത്ര നിർമാണശാലയ്ക്കും തൽസംബന്ധമായി കത്തുകളിലൂടെ ബന്ധപ്പെട്ടെങ്കിലും അവരിലാരും തന്നെ അതിനായി തയ്യാറായില്ല. അവസാനം മലക് സാഹിബ് തന്നെ ലാഹോറിലെ ഒരു നിർമാണശാലയിൽ വെച്ച് തന്റെ മേൽനോട്ടത്തിലാണ് അത് തയ്യാറാക്കിയത്.



## ഘടന

ഖുദ്ദാമുൽ അഹ്മദിയ്യായുടെ പതാക 18 അടി നീളവും 9 അടി വീതിയുള്ളതുമായിരുന്നു. അതിന്റെ മുന്നിലൊരു ഭാഗത്ത് അഹ്മദിയ്യാ പതാകയുടെ ചിത്രമായിരുന്നു. ശേഷിക്കുന്ന ഭാഗത്ത് 13 കറുപ്പും വെളുപ്പും വരകളായിരുന്നു.

## പതാക ഉയർത്തുന്നു

പതാക ഉയർത്തുന്നതിനായി 52 അടി നീളമുള്ള മൂന്ന് മരക്കമ്പുകൾ തയ്യാറാക്കി അതിനെയും കറുപ്പും വെളുപ്പും നിറങ്ങളാൽ അലങ്കരിച്ചു. ജൽസാ സാലാനയുടെ സ്റ്റേജിന്റെ ഇടതു ഭാഗത്തായി അഹ്മദിയ്യത്തിന്റെ പതാകയുടെ അല്പം പുറകിലായി ഖുദ്ദാമുൽ അഹ്മദിയ്യായുടെ പതാകയ്ക്കായി പ്ലാറ്റ്ഫോം തയ്യാറാക്കപ്പെട്ടു.

അഹ്മദിയ്യാ യുവാക്കളുടെ പരിശുദ്ധമാർഗദർശകനായ ഹദ്റത് സയ്യദ്നാ ഫള്ലെ ഉമർ ഖലീഫത്തുൽ മസീഹ് സാനി (റ) അഹ്മദിയ്യാ പതാക ഉയർത്തിയതിന് ശേഷം ഖുദ്ദാമുൽ അഹ്മദിയ്യായുടെ പതാകയും അന്തരീക്ഷത്തിൽ പാറിപ്പറപ്പിച്ചു കൊണ്ട് അഹ്മദിയ്യത്തിനോടൊപ്പം തന്നെ ഖുദ്ദാമുൽ അഹ്മദിയ്യ എന്ന സംഘടനയും ഇൻശാ അല്ലാഹ് നിലനിൽക്കുന്നതാണെന്ന സൂചന നൽകുകയും ചെയ്തു. അന്നേരം സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ ഹദ്റത് സാഹിബ് സാദാ മിർസാ നാസിർ അഹ്മദ് സാഹിബ് തയ്യാറാക്കിയ ഒരു പ്രതിജ്ഞാ വാചകവും ഖുദ്ദാമുൽ അഹ്മദിയ്യാ ഏറ്റു പറഞ്ഞിരുന്നു. അതിപ്രകാരമാകുന്നു:

**"അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാ ശരീക ലഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വറസൂലുഹു. സമൂഹത്തിന്റെയും സമുദായത്തിന്റെയും നന്മയ്ക്കായി എന്റെ ജീവനെയും ധനത്തെയും അഭിമാനത്തെയും വകവെക്കുന്നതല്ലെന്ന് ഏറ്റു പറഞ്ഞുകൊള്ളുന്നു. എന്റെ ജീവനെയും ധനത്തെയും അന്തസ്സിനെയും ത്യജിക്കുന്നതാണെന്ന് ഏറ്റുപറഞ്ഞുകൊള്ളുന്നു. ഏതൊരു സത്യത്തിന്റെ പ്രത്യക്ഷ അടയാളമായിക്കൊണ്ടും, ഖാദിമീംകളിൽ സംജാതമാക്കാൻ ആഗ്രഹിക്കുന്ന നന്മകളുടെ പ്രതീകമായിക്കൊണ്ടുമാണോ ഹുസൂർ അയ്യദഹുല്ലാഹു തആലാ ഈ പതാകയെ ഇന്ന് സമർപ്പിച്ചത് അതിന്റെ അന്തസ്സിനെ നില നിർത്തുന്നതാണ്. ഈ പതാക ലോകത്തിലെ എല്ലാ പതാകയെക്കാളും ഉയരത്തിൽ പാറിപ്പറക്കുന്നതിനും ഒരിക്കലും പരാജയം രുചിക്കാതിരിക്കുന്നതിനുമായി സാധ്യമായ എല്ലാ പരിശ്രമങ്ങളും ചെയ്യുന്നതാണ്."**

*(താരീഖെ അഹ്മദിയ്യത്ത്)*



*ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പതാക ഉയർത്തുന്നു.*

## പ്രതിജ്ഞാപാലനത്തിന്റെ ഉദാത്ത മാതൃക

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) 1942 ഒക്ടോബർ 23 ലെ ജുമുആ ഖുത്വുബയിൽ ഒരു സംഭവത്തെ പരാമർശിച്ചു കൊണ്ട് പറയുന്നു:

"ലാഹോറിലെ ഖുദ്ദാം ജൽസയിൽ പങ്കെടുക്കുന്നതിനായി വരികയായിരുന്നു. തീവണ്ടി സ്റ്റേഷനിൽ നിന്ന് നീങ്ങിത്തുടങ്ങുകയും വേഗത കൈവരിക്കുകയും ചെയ്ത സമയത്ത് പതാക കൈവശമുണ്ടായിരുന്ന ഒരു ആൺകുട്ടിയോട് മറ്റൊരു ഖാദിം പതാക ആവശ്യപ്പെട്ടു. പതാക കൈവശം വെച്ചിരുന്നത് ചെറിയ കുട്ടിയായിരുന്നു. അവൻ ആവശ്യപ്പെട്ട ആൾക്ക് പതാക നൽകി. അയാൾ പതാകയിൽ പിടിച്ചു എന്ന് കരുതി കൊണ്ട് അവൻ കൈ വലിച്ചു. എന്നാൽ യഥാർഥത്തിൽ ആ ഖാദിം പതാക പിടിച്ചിട്ടുണ്ടായിരുന്നില്ല. അത്തരത്തിൽ സംഭവിക്കാറുണ്ട്. വീട്ടിൽ പലപ്പോഴും ഗ്ലാസ്സോ പാത്രമോ നൽകാനായി പറയുകയും നൽകുന്ന ആൾ മറ്റെ വ്യക്തി അതിൽ പിടിച്ചു എന്ന് കരുതി കൊണ്ട് അതിൽ നിന്നും കൈ വലിക്കുന്നു. എന്നാൽ യഥാർഥത്തിൽ മറ്റെയാൾ അതിൽ പിടിച്ചിട്ടുണ്ടാവില്ല. തൽഫലമായി, അത് താഴെ വീണുടയുന്നു. അതേ പോലെ ഒരാൾ പതാക ആവശ്യപ്പെട്ടപ്പോൾ അത് കൊടുക്കാനായി മുന്നോട്ട് നീട്ടുകയും അതിൽ പിടിച്ചിട്ടുണ്ടാകും എന്ന് കരുതി തന്റെ കൈ വലിക്കുകയും ചെയ്തു. തൽഫലമായി, പതാക തീവണ്ടിയിൽ നിന്ന് പുറത്തേക്ക് പാറിപ്പോയി.

എന്നോട് പറഞ്ഞത്, പതാക കയ്യിൽ നിന്നും വീണ ആ ചെറിയ കുട്ടി ഉടൻ തന്നെ താഴേക്ക് ചാടാൻ തുടങ്ങിയപ്പോൾ പതാക ആവശ്യപ്പെട്ട യുവാവ് പെട്ടെന്ന് അവനെ തടയുകയും സ്വയം താഴേക്ക് ചാടിയെന്നുമാണ്. ലാഹോറിലെ ഖാദിമുകൾ പറഞ്ഞത് ഞങ്ങളവനെ കമഴ്ന്ന് വീണതായി കണ്ടപ്പോൾ അവൻ മരിച്ചു എന്ന് തന്നെയാണ് കരുതിയത്. എന്നാൽ അവൻ ഉടൻ എഴുന്നേൽക്കുകയും പതാക കയ്യിലെടുക്കുകയും ചെയ്തു. എന്നിട്ട് തീവണ്ടിയുടെ പിന്നാലെ ഓടാൻ തുടങ്ങി. തീവണ്ടിയുടെ അടുത്തെത്താൻ കഴിഞ്ഞില്ല. പിന്നീട്, മറ്റേതോ വണ്ടിയിൽ കയറി യാത്രാസംഘത്തോടൊപ്പം ചേരുകയാണുണ്ടായത്.

അവന്റെ ഈ നടപടി വളരെ ഉത്തമവും പ്രശംസാർഹവും ആണെന്നാണ് ഞാൻ കരുതുന്നത്... അത് മിർസാ ശരീഫ് അഹ്മദിന്റെ മകനായ മിർസാ സഊദ് അഹ്മദ് ആകുന്നു."

*(അൽഫള്ൽ, 1942 ഒക്ടോബർ 31)*

## ജമാഅത്ത് സംവിധാനത്തിൽ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ നിയമപരവും ഭരണഘടനാപരവുമായ അവസ്ഥ

1940 ഡിസംബർ 19 ന് സിംലയിലെ ഒരു സുഹൃത്ത് ജമാഅത്തിന്റെ അമീറിന് ഖുദ്ദാമുൽ അഹ്മദിയ്യായോട് എന്തെങ്കിലും ജോലി ആവശ്യപ്പെടാമോ എന്ന് ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) നോട് കത്തിലൂടെ എഴുതി ചോദിക്കുകയുണ്ടായി. ഹദ്റത് അമീറുൽ മുഅ്മിനീൻ മറുപടിയായി പറഞ്ഞു: "മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രത്യേക സംഘടനയും അവർക്ക് വേറിട്ടൊരു കേന്ദ്രവും സ്ഥാപിച്ചു എന്നത് ശരിയാണ്. യുവാക്കൾ സ്വന്തം കാലിൽ നിൽക്കണമെന്നും, സ്വയം പണിയെടുക്കുകയും സ്വന്തം ഉത്തരവാദിത്വം മനസിലാക്കാനുള്ള ശീലം അവരിൽ ഉണ്ടാകണമെന്നുമാണ് ഞാൻ ആഗ്രഹിക്കുന്നത്. ജമാഅത്തിന്റെ അമീർ മജ്ലിസിന്റെ സംവിധാനത്തിൽ കൈ കടത്തരുത്. മജ്ലിസിൽ എന്തെങ്കിലും ന്യൂനത കാണുകയാണെങ്കിൽ തൽസംബന്ധമായി കേന്ദ്രത്തെ അറിയിക്കാവുന്നതാണ്. അവരിൽ നിന്ന് എന്തെങ്കിലും സഹായം ആവശ്യമെങ്കിൽ അവരോട് കല്പിക്കാവുന്നതല്ല. എന്നാൽ ജമാഅത്തിന്റെ കാര്യങ്ങളിൽ (ജൽസ തുടങ്ങിയ കാര്യങ്ങളിൽ) അവരോട് അഭ്യർഥിക്കാവുന്നതാണ്. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ അത്തരം കാര്യങ്ങളിൽ സഹായിക്കേണ്ടതുമാണ്. കാരണം, അവരെ അതിനായിട്ടാണ് സംഘടിപ്പിച്ചത്. അഥവാ സഹകരിക്കുന്നില്ലായെങ്കിൽ അവർ തങ്ങളുടെ കടമ പൂർത്തീകരണത്തിൽ അലംഭാവം കാണിക്കുകയാണ് ചെയ്യുന്നത്."

*(അൽഫള്ൽ ദിനപത്രം ഖാദിയാൻ, 25.12.40)*

## മജ്ലിസിന്റെ പ്രഥമ ശഹീദ്

ഹാഫിസ് ബശീർ അഹ്മദ് സാഹിബ് ജാലന്തരി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആദ്യകാല അംഗമായിരുന്നു. മജ്ലിസുകളെ ഹൽഖകളായി തിരിച്ചപ്പോൾ അദ്ദേഹം മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ദാറുർ റഹ്മത്തിന്റെ സയീം ആയി നിയമിക്കപ്പെട്ടു. അദ്ദേഹം വളരെയധികം ആത്മാർഥതയോടും ആ വേശത്തോടും കൂടി മജ്ലിസിനു വേണ്ടി കഠിനമായി പരിശ്രമിച്ചിരുന്നു. 1938 മെയ് 2 ന് മറ്റ് ഖാദിമുകളോടൊപ്പം തോടിന്റെ ശുചീകരണം നടത്തികൊണ്ടിരുന്ന സമയത്ത് പെട്ടെന്ന് കഠിനമായ തലവേദന അനുഭവപ്പെട്ടു. അത് നിമിഷം തോറും ശക്തിയാർജിച്ചു വന്നു. അവസാനം തലച്ചോറിലെ ഞരമ്പ് പൊട്ടുകയും ബോധരഹിതനായി വീഴുകയും ചെയ്തു. അതിന് രണ്ടു ദിവസം മുമ്പ് മാത്രമായിരുന്നു അദ്ദേഹം ഒരു തബ്ലീഗി സന്ദർശനം കഴിഞ്ഞ് മടങ്ങിയെത്തിയിരുന്നത്. ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചു. ജീവൻ രക്ഷിക്കുന്നതിനായി സാധ്യമായതെല്ലാം ചെയ്തുവെങ്കിലും 9.45 ന് അദ്ദേഹം വഫാത്തായി.

അദ്ദേഹം മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആദ്യ ശഹീദാകുന്നു.


ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) തൽസംബന്ധമായി പറയുന്നു, "ഹാഫിസ് ബശീർ അഹ്മദ് ഖുർആൻ ഹാഫിസും ജാമിഅയിൽ നിന്ന് പഠിച്ചിറങ്ങുകയും ജീവിതം വഖ്ഫ് ചെയ്ത വ്യക്തിയുമായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആത്മാർഥ പ്രവർത്തകനും ഭാസുരമായ ഭാവിയുള്ള യുവാവുമായിരുന്നു. എന്നാൽ അല്ലാഹുവിന്റെ ഇച്ഛ മറ്റൊന്നായിരുന്നു. അല്ലാഹു അദ്ദേഹത്തെ ഖുദ്ദാമുൽ അഹ്മദിയ്യായ്ക്കായി ഒരു മാതൃകയും ഉദാഹരണവും ആക്കണമായിരുന്നു. ഏതൊരു പ്രസ്ഥാനത്തിൽ അംഗമായ ഉടൻ തന്നെ അതിന്റെ പ്രവർത്തകർക്ക് ശഹാദത്തിനുള്ള അവസരം ലഭിക്കുന്നുവോ അതിന്റെ ഭാവി സുന്ദരമാകുന്നതാണ് എന്നതിൽ യാതൊരു സന്ദേഹവുമില്ല. അതിന്റെ അന്തസ്സുള്ള അംഗങ്ങൾ തങ്ങളുടെ പരമ്പരയെ നിലനിർത്തി കൊണ്ടു പോകുന്നതിനായി എപ്പോഴും ശ്രമിച്ചു കൊണ്ടിരിക്കുന്നതാണ്. ഈ മരണം ദു:ഖമുള്ളതാണെങ്കിലും ഇതിന് പിന്നിൽ അല്ലാഹുവിന്റെ ഹിക്മത്തു ള്ളതായി കാണുന്നു.

*(റിപ്പോർട്ട് ഖുദ്ദാമുൽ അഹ്മദിയ്യ ഒന്നാം വർഷം)*


## ഖുദ്ദാമുൽ അഹ്മദിയ്യാ ഒറ്റനോട്ടത്തിൽ

- മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ രൂപീകരിച്ചതിന്റെ മൂന്നാം വർഷം മുതൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങളിൽ നിന്നുള്ള പരീക്ഷ ആരംഭിച്ചു.
- 1941 മെയ് 24 മുതൽ 30 വരെയായിരുന്നു അഭിപ്രായഭിന്നതയുള്ള കാര്യങ്ങളെ സംബന്ധിച്ച് എല്ലാവരെയും ബോധവാന്മാരാക്കുന്നതിനായി ആദ്യ തഅ്ലീം തൽഖീൻ വാരം നടന്നത്.
- 1942 ഒക്ടോബർ 10 ന് അസ്ർ നമസ്കാരാനന്തരം ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) കേന്ദ്ര മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഓഫീസ് കെട്ടിടത്തിന് തറക്കല്ലിട്ടു.
- 1939 ഒക്ടോബർ 8 ന് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സദ്റായ ഹദ്റത് സാഹിബ് സാദാ മിർസാ നാസിർ അഹ്മദ് സാഹിബ് കാദ്ഗഡിലേക്ക് പ്രഥമ ഔദ്യോഗിക സന്ദർശനം നടത്തി.
- 1942-43 വർഷത്തിൽ മലക് അതാഉർ റഹ്മാൻ സാഹിബ് ബംഗാൾ സന്ദർശിക്കുകയും ഒന്നര മാസം കൊണ്ട് വലിയ വലിയ ജമാഅത്തുകളിൽ മജ്ലിസ് രൂപീകരിക്കുകയുമുണ്ടായി. പ്രവർത്തക സമിതി അംഗങ്ങളിൽ നിന്നുള്ള പ്രഥമ സന്ദർശനയാത്ര ഇതായിരുന്നു.
- ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ 'ഹുസ്ന് ബയാൻ' എന്ന ഇൽഹാമിനെ അനുസ്മരിച്ചു കൊണ്ട് 1943 ലെ ജൽസയിൽ 'ബസ്മെ ഹുസ്നെ ബയാൻ' ആരംഭിച്ചു. ഈ സഭയുടെ ഉദ്ദേശ്യം പ്രസംഗ പരിശീലനമാണ്.
- 1945 ൽ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ 'അത്വാരിഖ്' എന്നപേരിൽ ഒരു പ്രസിദ്ധീകരണ ശൃംഖല തന്നെ ആരംഭിച്ചു. 5 വാല്യങ്ങൾക്കു ശേഷം അത് നിറുത്തിവെച്ചു.
- 1945 ഏപ്രിൽ 20 മുതൽ മെയ് 10 വരെ ഖാദിയാനിൽ ആദ്യമായി പത്താം ക്ലാസ് കഴിഞ്ഞ വിദ്യാർഥികൾക്കായി ദീനീ ക്ലാസ് സംഘടിപ്പിച്ചു.
- 1945 ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 25 വരെ ആദ്യ തഅ്ലീമുൽ ഖുർആൻ ക്ലാസ്സ് സംഘടിപ്പിച്ചു. 73 പേരായിരുന്നു അതിൽ പങ്കെടുത്തത്.
- ഹദ്റത് സാഹിബ് സാദാ ഹാഫിസ് മിർസാ നാസിർ അഹ്മദ് സാഹിബ് 1939 ഫെബ്രുവരി മുതൽ 1949 ഓക്ടോബർ വരെ സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യ ആയും പിന്നീട് 1954 വരെ നാഇബ് സദറായും തിരഞ്ഞെടുക്കപ്പെട്ടു. 1949 ലെ വാർഷിക ഇജ്തിമാ വേളയിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) മേലിൽ മജ്ലിസിന്റെ സദ്ർ താനായിരിക്കുമെന്ന് വിളംബരം ചെയ്തിരുന്നു.
- 1939 ഫെബ്രുവരി 3 മുതൽ മാർച്ച് 17 വരെയുള്ള 7 ജുമുഅകളിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) തുടർച്ചയായി ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രാധാന്യത്തെ കുറിച്ചും ആവശ്യകതയെ കുറിച്ചും ഖുദ്ദാമിന്റെ കടമകളെ കുറിച്ചും ഖുത്വുബകൾ നൽകുകയുണ്ടായി.
- 1939 ഡിസംബർ 25 ന് മസ്ജിദ് നൂറിൽ രണ്ടാമത്തെ വാർഷിക ഇജ്തിമ നടന്നു.
- ചില പ്രത്യേക കാരണങ്ങളാൽ വാർഷിക ജൽസയുടെ ദിവസങ്ങളിലല്ലാതെ ഇജ്തിമ നടത്തുവാനുള്ള തീരുമാനം ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) എടുത്ത കാരണത്താൽ 1941 ഫെബ്രുവരി 6,7 ദിവസങ്ങളിലാണ് മൂന്നാമത്തെ വാർഷിക ഇജ്തിമ നടന്നത്.
- 1942 ജൂൺ 5 ന് നമസ്കാര സമയങ്ങളിൽ കടകൾ തുറന്നിരിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുന്നതിനുള്ള ചുമതല ഖുദ്ദാമുൽ അഹ്മദിയ്യായ്ക്കും അൻസാറുല്ലാക്കും നൽകി.
- നാലാമത്തെ വാർഷിക ഇജ്തിമ 1942 ഒക്ടോബർ 17,18 ദിവസങ്ങളിലാണ് നടന്നത്.

## ഖുദ്ദാം ഭാരത് സദ്ർമാർ


H. Mirza Wasim Ahmad sb
( 1947 - 1981)


Mou.M.Inam Ghori sb
( 1981- 1983)



Mou.Khurshid Anwar sb
( 1983 - 1985)



Mou.Muneer Ahmed Khadim sb
( 1985 - 1992)


Dr. Mohammed Arif sb
( 1992- 1996)


Mubashir Ahmad Butt sb
( 1996 - 1998)


Mou.M. Naseem Khan sb
( 1998 - 2004)


Shuaib Ahmed sb
( 2004 - 2006)


Mou.M. Ismail Thahir sb
( 2006 - 2009)


Hafiz Makhdoom Sharif sb
(2009 - 2013)



# അഹ്മദിയ്യത്തിന്റെ സേവകരോട്

## യുവാക്കളെ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത.

സമൂഹങ്ങളുടെ പരിഷ്കരണം യുവതലമുറയുടെ പരിഷ്കരണത്തിലൂടെയല്ലാതെ സാധ്യമാകില്ല എന്ന വിഷയത്തിലേക്ക് ഞാൻ ആവർത്തിച്ചാവർത്തിച്ച് ജമാഅത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചിട്ടുള്ളതാണ്. പ്രവാചകന്മാരും ദൈവനിയോഗിതരും ദൈവത്തിൽ നിന്ന് പ്രാപിക്കുന്ന ദീനിനെയും അതിന്റെ നിയമസംഹിതകളെയും യുവതലമുറ പ്രാവർത്തികമാക്കുന്നതു വരെ ഈ വ്യവസ്ഥിതിയുടെ പുരോഗമനം ശരിയായ അർഥത്തിൽ സാധ്യമാകുന്നതല്ല. പുരോഗതി ഉണ്ടാകുന്നതാണ്. എന്നാൽ അത് ഇടയ്ക്ക് നിൽക്കുകയും പിന്നെ ചലിക്കുകയും, ചിലപ്പോൾ മുന്നോട്ട് ഗമിക്കുകയും ചിലപ്പോൾ തടസ്സങ്ങൾ നേരിടുകയും ചെയ്യുന്നതായിരിക്കും. അതായത്, ഈ ദൈവീക സംവിധാനം പർവതനിരയെ പോലെ ഉയർന്നും താഴ്ന്നുമിരിക്കുന്നതാണ്. തടസ്സങ്ങൾ നല്ല കാര്യമല്ല. മോശമാണ്. ആയതിനാൽ അതിനെ എത്രയും വേഗം ദൂരീകരിക്കേണ്ടതുണ്ട്. ഈ തടസ്സങ്ങൾ നമുക്ക് മാത്രമല്ല ഉണ്ടായിട്ടുള്ളത്. മുൻകാലങ്ങളിലും മുൻ സമുദായങ്ങളിലും ഇത് കാണപ്പെടുന്നു...

## ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും ശരിയായ ആത്മാവ് യുവാക്കളിൽ പ്രകടമാകേണ്ട താണ്

ഈ കുറവുകളെ ദൂരീകരിക്കണമെങ്കിൽ ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും അദ്ധ്യാപനങ്ങളുടെ യഥാർഥ ആത്മാവ് യുവതലമുറയിൽ പ്രകടമാകേണ്ടതും ഇതിന്റെ സത്ത അവർക്ക് ലഭ്യമാകുന്നതിനുള്ള നിർദേശങ്ങൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്. അവരിൽ സ്വയം ഇക്കാര്യങ്ങൾ ഉടലെടുക്കുകയാണെങ്കിൽ പിന്നെ മറ്റ് കല്പനകൾ നൽകേണ്ടതിന്റെ ആവശ്യം തന്നെ ഉദിക്കുന്നില്ല...

## സ്നേഹസാരോപദേശങ്ങളുടെ രീതി

മധ്യമനിലയും സ്നേഹസാരോപദേശങ്ങളും സമൂഹത്തിൽ പുരോഗതിയുടെ ആത്മാവ് സംജാതമാക്കുന്നു. ഒരു കല്പന നൽകുമ്പോൾ ഇത് ഞങ്ങൾ കേൾക്കാൻ ആഗ്രഹിച്ചതാണ് എന്ന് അവർക്ക് തോന്നത്തക്ക രീതിയിൽ നൽകുക എന്നതാണ് ഉത്തമമായ തത്ത്വോപദേശ രീതി. അന്നേരം സമൂഹം പുരോഗതിയുടെ പാതയിലൂടെ അതിശീഘ്രം മുന്നേറും.

## സമൂഹങ്ങൾ ഉറങ്ങിയാലും നല്ല ശീലങ്ങൾ നിലനിൽക്കുന്നു

ഒരു സമൂഹം ഉണർന്നിരിക്കുമ്പോൾ തന്നെ അവരിൽ നല്ല ശീലങ്ങൾ ഉണ്ടാക്കിയെടുക്കുകയാണെങ്കിൽ ആ സമൂഹം ഉറങ്ങിപ്പോയാലും അവരുടെ ശീലങ്ങൾ ബാക്കിയായി നിലനിൽക്കുന്നു. അതിലൂടെ ആ നന്മകൾ നഷ്ടപ്പെട്ടു പോകാതെ സംരക്ഷിച്ച് നിലനിർത്തപ്പെടുന്നു. അവർ അതിൽ നിന്ന് ഫലം എടുക്കുന്നില്ലായെങ്കിൽ തന്നെയും മറ്റുള്ളവർ അതിനെ പ്രയോ ജനപ്പെടുത്തുന്നതാണ്.......

## നന്മ പരത്തുന്നതിൽ മുഴുകുക, സഹായികൾ സ്വയം ലഭിക്കുന്നതാണ്

ഞാൻ സത്യമായും പറയുന്നു, നിങ്ങൾ നന്മ പ്രവർത്തിക്കുന്നതിൽ വ്യാപൃതരാകുകയാണെങ്കിൽ ആളുകളിൽ അതിന്റെ പ്രഭാവം ഉണ്ടാകാതിരിക്കില്ല. സൂര്യൻ കിഴക്കിന് പകരം പടിഞ്ഞാറുദിക്കാം, പടിഞ്ഞാറിന് പകരം കിഴക്ക് അസ്തമിക്കാം എന്നാലും സത്കർമങ്ങൾ തുടർന്ന് കൊണ്ട് പോകുകയാണെങ്കിൽ അത് ഒരിക്കലും തന്നെ നശിപ്പിക്കപ്പെടുന്നതല്ല. അത് പോലെ തന്നെ നിങ്ങൾ നന്മ പ്രവർത്തിക്കുകയും അല്ലാഹു നിങ്ങളെ സ്വീകരിക്കാതിരിക്കുകയും ചെയ്യുക എന്നത് അസംഭവ്യമായ കാര്യമാകുന്നു.

## സ്വീകാര്യത നൽകുന്നവൻ അല്ലാഹു ആകുന്നു

ഹദ്റത് റസൂൽ തിരുമേനി (സ) വളരെ മുൻപ് തന്നെ നമുക്ക് ഒരു കാര്യം അറിയിച്ച് തന്നിട്ടുണ്ട്. അതായത്, അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഒരു വ്യക്തി സ്വീകാരയോഗ്യനായാൽ അല്ലാഹു ആ വ്യക്തിയെ സംബന്ധിച്ച് മലക്കുകളെ അറിയിച്ചു കൊണ്ട് പറയും, ഇന്ന വ്യക്തി എന്റെ ദൃഷ്ടിയിൽ സ്വീകാര്യനാണ്. പ്രസ്തുത മലക്ക് മറ്റ് മലക്കുകളെ ഇക്കാര്യം അറിയിക്കുന്നു. ഫയൂളഉ ലഹുൽ ഖൗലു ഫിൽ അർളി ഏത് വരെയെന്നാൽ ലോകരിൽ ആ വ്യക്തിയുടെ സ്വീകാര്യത അംഗീകരിക്കപ്പെടുന്നു. എന്നാൽ ഈ സ്വീകാര്യതയുടെ അളവുകോൽ നിങ്ങളുടെ ഹൃദയത്തിന്റെ ആത്മാർഥതയാകുന്നു. നിങ്ങളുടെ ഹൃദയത്തിൽ എത്രത്തോളം ആത്മാർഥതയുണ്ടാകുന്നുവോ അത്രത്തോളം സ്വീകാര്യത ലഭിക്കുന്നതാണ്.

## ജമാഅത്തംഗങ്ങൾ തങ്ങളുടെ ബുദ്ധിശക്തിയും കഴിവുകളും വിനിയോഗിക്കുക

ശരീരത്തിലെ ഏതെങ്കിലും ഒരു അവയവം ദീർഘകാലം ഉപയോഗിക്കാതിരുന്നാൽ അത് ദുർബലപ്പെട്ട് പോകുന്നതാണ്. കൈകൾ കൊണ്ട് പ്രവർത്തിച്ചില്ലായെങ്കിൽ അത് മരവിച്ച് പോകുന്നു. ബുദ്ധിശക്തി ഉപയോഗിക്കുന്നില്ലായെങ്കിൽ അത് ദുർബലമായി പോകുന്നതാണ്. അല്ലാഹു പറയുന്നു, നിങ്ങൾ എന്നോട് ചോദിക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് തൽസംബന്ധമായി പറഞ്ഞു തരുന്നതാണ്. എന്നാൽ അന്നേരം നിങ്ങൾ ചിന്തിക്കുന്നവർ ആയിത്തീരില്ല. മറിച്ച് കേവലം പ്രവർത്തിക്കു ന്നവർ മാത്രമായിത്തീരുന്നതാണ്. സമൂഹത്തിന്റെ ഉന്നമനത്തിന് ചിന്തകർ ഉണ്ടാകേണ്ടത് അനിവാര്യമാകുന്നു.

## ഇമാമിന്റെ പിന്നിൽ അണിനിരക്കുക

നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും തഹ്‌രീകെ ജദീദിന്റെ നിബന്ധനകൾക്ക് വിധേയമായതായിരിക്കണം എന്നത് ഓർത്ത് കൊള്ളുക. അൽ ഇമാമു ജുന്നത്തുൻ യുഖാതിലു മിൻ വറാ ഇഹി എന്നത് ഞാൻ ആവർത്തിച്ചാവർത്തിച്ച് ഉണർത്തിയിട്ടുള്ളതാണ്. ശത്രുക്കളോട് പോരാടുക എന്നതാണ് നിങ്ങളുടെ ജോലി. എന്നാൽ ഇമാമിന്റെ പിന്നിൽ നിന്നായിരിക്കണം നിങ്ങൾ പോരാടേണ്ടത്. ഒരു പുതിയ പദ്ധതി ആവിഷ്കരിക്കുക എന്നത് നിങ്ങളുടെ ജോലിയല്ല. പദ്ധതികൾ തഹ്‌രീകെ ജദീദിന്റേത് തന്നെയായിരിക്കും. നിങ്ങൾ അതിന്റെ സന്നദ്ധസേവകർ ആയിരിക്കും. സ്വരങ്ങളാൽ പ്രവർത്തിക്കുക എന്നത് നിങ്ങൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.

നിങ്ങൾ എളിയ ജീവിതം നയിക്കുക. നിങ്ങൾ ദീൻ പഠിപ്പിക്കുന്ന വരാകുക. നമസ്കാരത്തിൽ കൃത്യനിഷ്ഠതയെ കുറിച്ച് യുവാക്കളിൽ ശ്രദ്ധയുണ്ടാക്കുക. നിങ്ങൾ തബ്‌ലീഗിന് വേണ്ടി സമയം ചെലവഴിക്കുക.

## സൃഷ്ടി സേവനം

സൃഷ്ടി സേവനം ചെയ്യുക. സൃഷ്ടി സേവനം കൊണ്ടുദ്ദേശിക്കുന്നത് ദരിദ്രരും അശരണരും വിധവകളുമായ മുസ്‌ലിംകളെ മാത്രം സഹായിക്കുക എന്നതല്ല മറിച്ച്, ഒരു ഹിന്ദുമതവിശ്വാസിയെ സിക്ക് മതവിശ്വാസിയോ ക്രൈസ്തവനോ അല്ലെങ്കിൽ ഏതെങ്കിലും പീർമാരെ പിൻപറ്റുന്നവനോ ആരുമായിക്കൊള്ളട്ടെ അവരുടെ ദു:ഖങ്ങളിൽ ഭാഗഭാക്കാകുക എന്നത് നിങ്ങളുടെ നിർബന്ധകടമയാകുന്നു.

## ജമാഅത്തിന്റെ വേദനയെ സ്വന്തം വേദനയായി മനസ്സിലാക്കുക

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ അംഗങ്ങൾ തന്നെ ഈ ലക്ഷ്യത്തെ പൂർത്തിയാക്കാൻ ശ്രമിക്കുക. തങ്ങളുടെ ജീവിതത്തെ ഉപകാരിയാക്കി മാറ്റുക. അത് പോലെ തന്നെ ജമാഅത്തിന്റെ വേദനയെ സ്വന്തം വേദനയായി മനസ്സിലാക്കുക. ഞാൻ പറഞ്ഞത് പോലെ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിൽ അംഗങ്ങളാകുന്ന ഓരോരുത്തരും മേലിൽ ഇക്കാര്യങ്ങളെല്ലാം പ്രാവർത്തികമാക്കുന്നതാണെന്ന് ശപഥം ചെയ്യുക. ഞാൻ അഹ്മദിയ്യത്തിന്റെ നെടും തൂണാണെന്നും എന്റെ പാദങ്ങൾ ഇടറിയാൽ അഹ്മദിയ്യത്തിന് കോട്ടം സംഭവിക്കുന്നതാണെന്നും നിങ്ങൾ മനസ്സിലാക്കുക.

## ഖുദ്ദാമുൽ അഹ്മദിയ്യത്തിന്റെ പിന്നിൽ അഹ്മദിയ്യത്തിന്റെ മുഖം

അംഗസംഖ്യ കുറവാണെന്നും ദുർബലരാണെന്നും നിങ്ങൾ ചിന്തിക്കരുത്. മറിച്ച് നിങ്ങളാകുന്ന അഹ്മദിയ്യത്തിന്റെ സേവകരുടെ പിന്നിൽ ഇസ്‌ലാമിന്റെ മുഖമാണുള്ളത്. അങ്ങനെ ചിന്തിക്കുമ്പോൾ ആരോടും പൊരുതുന്നതിനുള്ള ശക്തി അല്ലാഹുവിൽ നിന്നും നിങ്ങൾക്ക് ലഭിക്കുന്നതാണ്. കർമങ്ങൾ കൊണ്ട് നിങ്ങൾ ഗുണകാരികളായ വ്യക്തിത്വങ്ങൾ ആയിത്തീരുക. ദരിദ്രരേയും അശരണരേയും സഹായിക്കുക. സ്വന്തം മതക്കാരെ മാത്രമല്ല, അന്യമതസ്ഥരായ സാധുക്കളെയും നിർധനരെയും സഹായിക്കുക. അതിലൂടെ അഹ്മദിയുടെ സ്വഭാവവൈശിഷ്ട്യം എത്രത്തോളം ഉന്നതമാണെന്ന് ലോകം ദർശിക്കുന്നതാണ്.

## ദൈവം നിങ്ങളെ തിരിച്ചറിയുന്നതാണ്

നിങ്ങൾ ഇതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ ഈ ലോകത്ത് നിങ്ങളെ ആരും തന്നെ തിരിച്ചറിഞ്ഞാലും ഇല്ലെങ്കിലും ശരി. അല്ലാഹു നിങ്ങളെ തിരിച്ചറിയുന്നതാണ്. അല്ലാഹു തിരിച്ചറിഞ്ഞവനേക്കാൾ ഭാഗ്യവാനും അനുഗൃഹീതനും മറ്റാരാണ്.

## ദീനീ സേവനത്തിന് ഭയഭക്തിയും പരിശ്രമവും അനിവാര്യം

സ്വന്തം അവസ്ഥകൾ ശരിയാക്കികൊണ്ട് ദീനീ സേവനത്തിനായി ഭയഭക്തിയോടും കഠിനാധ്വാനത്തോടും കൂടി പരിശ്രമിക്കുന്നതിലേക്ക് ഞാൻ യുവാക്കളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇന്ന് ഇസ്‌ലാമിന്റെ അവസ്ഥ വളരെ ശോചനീയമാണ്. ഏതെങ്കിലും ഒരു ജമാഅത്ത് ഇതിനെ നിലനിർത്തുന്നില്ലായെങ്കിൽ ചുരുങ്ങിയ കാലയളവിൽ തന്നെ ഇതിന്റെ പേരുച്ചരിക്കുന്നവർ തന്നെ ഭൂമിയിൽ അവശേഷിക്കുന്നതല്ല. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഇതിനെ നാമാവശേഷമാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.പോരാത്തതിന് നാമധാരികളായ മുസ്‌ലിംകളും സാങ്കേതികാർഥങ്ങളുടെ പേരിൽ ഇതിന്റെ യഥാർഥ അദ്ധ്യാപനങ്ങളെ മാറ്റി മറിക്കുന്നതിനായി പല രീതിയിലും ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. പരിശുദ്ധഖുർആനിലുള്ള ഇസ്‌ലാമിക അദ്ധ്യാപനങ്ങളിൽ തന്നെ തിരിമറി നടത്താനാണ് അവർ ആഗ്രഹിക്കുന്നത്. ഇത്തരത്തിലുള്ള മുസ്‌ലിം നാമധാരികളായ വലിയ വലിയ ആളുകളുണ്ട്. മറ്റ് മുസ്‌ലിംകളാകട്ടെ, ഇവരെ അഭിമാന പുരസരം കാണുന്നു. ഇസ്‌ലാമിന്റെ പുരോഗമനത്തിനുള്ള സാധനസാമഗ്രികൾ ഒരുക്കുന്നുവെന്നാണ് മറ്റ് മുസ്‌ലിംകൾ ധരിച്ചു വെച്ചിരിക്കുന്നത്. വാസ്തവത്തിൽ ഇത് പുരോഗമനമല്ല. മറിച്ച്, അധ:പതനവും അപചയവുമാണ്. ഈ അവസരത്തിൽ ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങളെ ഭൂമിയിൽ നിലനാട്ടുന്ന ജമാഅത്താണ് ആവശ്യം. അതിനു വേണ്ടി തന്നെയാണ് അല്ലാഹു ഹദ്റത് മസീഹ് മൗഊദ് (അ) നെ നിയോഗിച്ചിട്ടുള്ളത്.

## ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളെ നിലനിർത്തുമെന്ന് വാഗ്ദാനം ചെയ്യുക

നമ്മുടെ യുവാക്കൾ സ്വയം പരിഷ്കരിക്കുകയും എന്ത് ത്യാഗം സഹിച്ചും ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ നിലനിർത്തുന്നതാണെന്നും വാഗ്ദാനം ചെയ്യുക. അപ്പോൾ നിരാശരായവർ തങ്ങളുടെ പരാജയം സമ്മതിക്കുന്നതാണ്. കാരണം, ഒരു വസ്തുത പ്രത്യക്ഷത്തിൽ വെളിപ്പെട്ടു കഴിഞ്ഞാൽ പിന്നെ ആക്ഷേപങ്ങൾ സ്വയം അസ്തമിക്കുന്നതാണ്. അല്ലാഹുവിന്റെ ദീനിന്റെ സഹായികളായി വർത്തിക്കുന്നവർ വിജയിക്കും എന്നത് അല്ലാഹുവിന്റെ തീരുമാനമാണ്.

## ശത്രുതയും കലഹങ്ങളും പുരോഗതിക്ക് വഴിതെളിയിക്കുന്നു

എതിർപ്പുകളും ഉപദ്രവങ്ങളും കലഹങ്ങളും ഉണ്ടാകുന്നതാണ്. എന്നാൽ ഇതെല്ലാം തന്നെ ദീനീസേവകരെ നശിപ്പിക്കുന്നതിന് പകരമായി അവരുടെ അന്തസ്സിനും പ്രശസ്തിക്കും നിദാനമായിത്തീരുന്നു. ഒരു വ്യക്തി വീട്ടിൽ അടങ്ങിയിരുന്നു കൊണ്ട് എനിക്കൊന്നും സംഭവിച്ചിട്ടില്ല എന്ന് പറഞ്ഞാൽ കേൾക്കുന്നവർ പറയുന്നത്, നിനക്ക് കഷ്ടതകളൊന്നും വന്നിട്ടില്ലാത്ത നിലക്ക് ഒന്നും സംഭവിച്ചിട്ടില്ല എന്ന് പറയുന്നതിൽ എന്ത് അതിശയോക്തിയാണുള്ളത്. നേരെ മറിച്ച് ഒരു വ്യക്തിയെ ജനങ്ങൾ സമുദ്രത്തിലേക്കെറിയുന്നു, അഗ്നിക്കിരയാക്കുന്നു. അങ്ങനെയുള്ള വ്യക്തി നശിച്ചില്ലായെങ്കിൽ തീർച്ചയായും ആ വ്യക്തിയുടെ എതിരാളികൾ പരാജിതരാകുന്നതോടൊപ്പം തന്നെ പ്രസ്തുത വ്യക്തി ഒരു സാധാരണക്കാരൻ അല്ല എന്ന് ബോധ്യമാകുകയും ചെയ്യുന്നു. തീയിൽ എരിയാത്തവരായി നമ്മിൽ എത്രപേരുണ്ട്? നാമിവിടെ ഇരിക്കുന്നത് തന്നെ തീയിൽ എരിഞ്ഞിട്ടില്ല എന്നതിന് തെളിവാണ്.

## അതിക്രമത്തെ കയ്യൊഴിയുകയും അല്ലാഹുവിന്റെ പക്ഷത്ത് അണിനിരക്കുകയും ചെയ്യുക

അതിക്രമങ്ങൾ ആർക്കും തന്നെ മാന്യത നേടിക്കൊടുക്കാറില്ല. അതിക്രമത്തെ പുറം തള്ളുകയും അല്ലാഹുവിന്റെ പക്ഷത്ത് ചേരുകയും ചെയ്യുക. ഇന്ന് ചിലർ ഭരണകൂടങ്ങളെ കൂട്ട് പിടിച്ച് നടത്തുന്ന നിഗൂഢതന്ത്രങ്ങൾക്ക് നിങ്ങളെ നശിപ്പിക്കാൻ സാധ്യമല്ല. ഇത് കേവലം നീർക്കുമിളകൾ മാത്രമാകുന്നു. കുമിളകൾ പൊട്ടിപ്പോകുകയും വെള്ളം അവശേഷിക്കുകയും ചെയ്യുന്നതാണ്......

## ലോകത്തിന്റെ ഉന്നമനത്തിൽ പങ്കാളിയാകുക

ഇസ്‌ലാമിനോടും അല്ലാഹുവിനോടുമുള്ള സ്നേഹം, നന്മ, സത്യസന്ധത, ധൈര്യം എന്നിവ നിങ്ങളുടെ ഹൃദയത്തിൽ ഉളവാക്കിയെടുക്കുക. ലോകത്തിന്റെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുക. അതുപോലെത്തന്നെ, മനുഷ്യകുലത്തിന്റെ സേവനത്തിനായുള്ള ആവേശം നിങ്ങളിൽ സംജാതമാക്കുക. ഇസ്‌ലാമിന്റെ പരിപൂർണ്ണ പ്രതിബിംബമായി മാറുക. അതിന് ശേഷം ലോകർ നിങ്ങളെ പാമ്പിനേക്കാളും തേളിനേക്കാളും മലമൂത്ര വിസർജ്ജനങ്ങളെക്കാളും മോശമായി കരുതിയാലും, എത്ര ശക്തിമത്തായ ഭരണകൂടങ്ങൾ നിങ്ങളെ നശിപ്പിക്കാൻ ശ്രമിച്ചാലും അവർക്ക് ഒരിക്കലും വിജയം ലഭിക്കുന്നതല്ല. വിജയം നിങ്ങൾക്കായിരിക്കും ലഭിക്കുക.

## നിങ്ങൾ ആത്മീയ രാജാക്കന്മാരാകുന്നു

നിങ്ങളെ അവർ ദുർബലരായി കണക്കാക്കിയാലും നിങ്ങൾ ഈ ലോകത്തെ ആത്മീയ രാജാക്കന്മാരാണ്. നിങ്ങൾ ലോകത്തിന്റെ ഭരണാധിപന്മാർ ആകും എന്നല്ല ഞാൻ പറയുന്നത്, നിങ്ങൾ തഹ്സീൽദാരോ അതിലും വലിയവരോ ആകും എന്നല്ല ഞാൻ പറയുന്നത്, നിങ്ങൾ ഒരു കോൺസ്റ്റബിൾ ആകും എന്നുമല്ല ഞാൻ പറയുന്നത്. ബാഹ്യദൃഷ്ടിയിൽ നിങ്ങൾ ഒരു ശിപായിയെക്കാളും താഴ്ന്ന പദവിയിൽ ഉള്ളവരായിരിക്കാം, എന്നാൽ നിങ്ങൾക്ക് രാജാക്കന്മാരെക്കാളും മഹത്തരമായ സ്ഥാനവും നിങ്ങളോട് അതിക്രമം പ്രവർത്തിക്കുന്നവർക്ക് നിങ്ങളുടെ വേലക്കാരെക്കാളും മോശമായ അവസ്ഥയും വരുന്നത് വരെ ഖിയാമത്ത് നാൾ ഉണ്ടാകുന്നതല്ല.

## അമൂല്യമായൊരു ഉപദേശം

എന്റെ ജമാഅത്തിലെ യുവാക്കളോട് വിശേഷിച്ചും മറ്റ് ജമാഅത്തംഗങ്ങളോട് പൊതുവായും ഞാനൊരു കാര്യം ഉപദേശിക്കുകയാണ്. നിങ്ങൾ രാജ്യത്തിലെയും സമൂഹത്തിലെയും നിയമകർത്താക്കളെ മനസ്സിലാക്കുക. സുഖസുഷുപ്തിയിൽ ഇരുന്നു ആക്ഷേപം ഉന്നയിച്ച് കൊണ്ടിരുന്നാൽ സമൂഹം പുരോഗതി പ്രാപിക്കുകയില്ല. അറിവില്ലാത്ത ജനങ്ങൾ ആക്ഷേപം ഉന്നയിക്കുകയും മുബല്ലിഗീംകളുടെ ത്യാഗത്തെ മാനിക്കാതിരിക്കുകയും ചെയ്യുന്നു. ഇവർ തങ്ങളുടെ പൂർവപിതാക്കന്മാരുടെ കടം വീട്ടുകയാണെന്നാണ് അവർ ധരിക്കുന്നത്. ഇവർ തങ്ങളുടെ ജോലിയാണ് ചെയ്യുന്നതെന്ന് അജ്ഞത കാരണത്താൽ അവർ മനസ്സിലാക്കുന്നില്ല. അത്തരക്കാരുടെ ഉദാഹരണം ഒരു സ്ത്രീയെപ്പോലെയാകുന്നു. അവർ മറ്റൊരു വീട്ടിൽ ധാന്യം പൊടിക്കുന്നതിനായി പോയി. വീട്ടുകാരോട് ധാന്യം പൊടിക്കുന്ന ഉരകല്ല് ആവശ്യപ്പെട്ടു. ഉടമസ്ഥ അത് നൽകി. അല്പസമയത്തിന് ശേഷം രാത്രി മുഴുവൻ ധാന്യം പൊടിച്ച് ക്ഷീണിച്ചതായിരിക്കും എന്ന് കരുതി സഹായിക്കാനായി ഉടമസ്ഥ പറഞ്ഞു, സഹോദരി, നിങ്ങൾ ക്ഷീണിച്ചിട്ടുണ്ടാകും. അതിനാൽ ഞാൻ പൊടിച്ച് തരാം. അങ്ങനെ ആ സ്ത്രീ ഉരകല്ലിനടുത്ത് നിന്ന് എഴുന്നേറ്റ് വെറുതെ ഉലാത്താൻ തുടങ്ങി. അപ്പോൾ അവിടെ റൊട്ടികൾ സൂക്ഷിച്ചിരുന്ന തുണി കണ്ടു. അവർ ആ പൊതി എടുത്തു കൊണ്ട് പറഞ്ഞു: "സഹോദരി, നിങ്ങൾ എന്തായാലും എന്റെ ജോലിയാണ് ചെയ്യുന്നത്. അതിനാൽ ഞാൻ നിങ്ങളുടെ ജോലിയും ചെയ്തേക്കാം". അതും പറഞ്ഞ് ആ സ്ത്രീ റൊട്ടി എടുത്ത് കഴിക്കാൻ തുടങ്ങി. ചുരുക്കത്തിൽ ചിലർ വെളിപ്പെടുത്തുന്ന ചിന്താഗതി ഇത്തരത്തിലുള്ളതാണ്. മുബല്ലിഗീംകളോട് കൃതജ്ഞത കാണിക്കുകയും അവരുടെ ത്യാഗങ്ങളെ മാനിക്കുകയും ചെയ്യുന്നതിന് പകരം അവരെക്കുറിച്ച് ആക്ഷേപം ഉന്നയിക്കാൻ തുടങ്ങുന്നു. ഈ മുബല്ലിഗീംകൾ തങ്ങളുടെ പൂർവപിതാക്കളുടെ കടം വീട്ടുകയാണെന്നും അതിൽ അല്പമെങ്കിലും വീഴ്ച വരുത്തിയാൽ കഴുത്തിന് മുറുക്കി അത് വസൂലാക്കുന്നതാണെന്നും കരുതുന്നു. ഇത്തരത്തിൽ ആക്ഷേപം ഉന്നയിക്കുന്നവർ തികച്ചും നിർലജ്ജിതരാണ്. ഇവർ ചെയ്യുന്നത് തങ്ങളുടെ കടമകളാണെന്നും അല്ലാഹു നമ്മോട് ചെയ്യാൻ കല്പിച്ചതാണ് ഇവർ ചെയ്യുന്നതെന്നും അവർ മനസ്സിലാക്കുന്നില്ല.... ആകയാൽ നമ്മുടെ ജമാഅത്തിലെ ഇത്തരം ആളുകൾ സ്വയം പരിഷ്കരിക്കുന്നവരും ഇതിന്റെ യഥാർഥ മൂല്യത്തെ മനസ്സിലാക്കുന്നവരും ആകേണ്ടതാണ്.

*(മശ്അലെ രാഹ്, വാല്യം 1)*

# ജമാഅത്തിലെ കുരുന്നുകളോട്

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)**

**(മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ-അത്ഫാലുൽ അഹ്മദിയ്യാ സ്ഥാപകർ)**

ജമാഅത്തിലെ കുരുന്നുകളേ എനിക്ക് ചിലത് പറയാനുണ്ട്, ഒരു നിബന്ധന, എന്റെ ഉപദേശം നിഷ്ഫലമാകരുത്. നിങ്ങൾക്ക് എന്റെ മേൽ പിന്നീട് ഒരു പരാതിയും ഇല്ലാതിരിക്കാൻ വേണ്ടി കുറച്ച് ഉപദേശങ്ങൾ നൽകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഞങ്ങൾ ഈ ലോകം വിട്ടാൽ, പിന്നെ എല്ലാ ഭാരവും നിങ്ങൾക്ക് മേലായിരിക്കും. അലസത വെടിയുവിൻ, സുഖം തേടുന്നവരാവുകയും ചെയ്യരുത്.

ദീനീ ഖിദ്മത്തിനെ ഒരു ദൈവിക അനുഗ്രഹമായി മനസിലാക്കുക. അതിനു പകരം പ്രതിഫലം പ്രതീക്ഷിക്കുന്നവരാകരുത്.

ഹൃദയത്തിൽ നീറ്റലും കണ്ണുകളിൽ അശ്രുധാരയും ഉണ്ടാകണം.നിങ്ങളിൽ ഇസ്‌ലാമിന്റെ അകക്കാമ്പ് ഉണ്ടാകണം. വെറും പേരു മാത്രമാകരുത്.

ശിരസ്സിൽ അഹങ്കാരം അരുത്, കണ്ണുകളിൽ കോപാഗ്നിയും പാടില്ല. ഹൃദയത്തിൽ വൈരാഗ്യവും നാവിൽ ചീത്തവിളിയും അരുത്.

മറ്റുള്ളവർക്ക് ഗുണം ചെയ്യുകയെന്നത് നിങ്ങളുടെ ലക്ഷ്യമാവട്ടെ. പരദൂഷണം അരുത്, കുഴപ്പവും അപവാദം പറച്ചിലും അരുത്.

അത്യാഗ്രഹം ഒഴിവാക്കുക, ഭക്തിയും ഉള്ളതിൽ തൃപ്തിപ്പെടുന്ന സ്വഭാവവും ഉണ്ടാക്കുക.

സ്വർണ്ണവും വെള്ളിയും പ്രിയങ്കരമാകരുത്, ഹൃദയം വിശ്രമിക്കുകയുമരുത്.

ഹൃദയസാന്നിദ്ധ്യത്തോടെ നമസ്കാരത്തിലും നോമ്പിലും കൃത്യനിഷ്ഠത കാണിക്കുക. ദൈവവിധികളെയൊന്നും അവഗണിച്ചു കളയരുത്.

സമ്പത്ത് കയ്യിലുണ്ടെങ്കിൽ അതിൽ നിന്ന് സക്കാത്തും, സദഖയും നൽകുക. അഗതികളെ കുറിച്ച് വേവലാതിപ്പെടുക. നിങ്ങൾക്ക് സങ്കടപ്പെടേണ്ട ദിവസങ്ങൾ ഉണ്ടാവാതിരിക്കട്ടെ.

ശാന്തിയോടെ കഴിയുക, കുഴപ്പങ്ങളിൽ ഭാഗഭാക്കാകാതിരിക്കുക. ഭരണകർത്താക്കളുടെ വ്യാകുലതക്കും പ്രയാസങ്ങൾക്കും നിങ്ങൾ കാരണക്കാരാവരുത്.



# മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായും സൃഷ്ടി സേവനവും

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ സുപ്രധാനമായ ഒന്ന് സംഘടനയിലെ ഖുദ്ദാമുകളെ മതവർഗഭേദമന്യേ വിശുദ്ധഖുർആന്റെ ആത്മാവിനെ സ്വാംശികരിച്ചു കൊണ്ട് മനുഷ്യകുലത്തെ ആത്മാർഥമായ നിലയിൽ സേവിക്കുന്നതിനായി സദാ സന്നദ്ധരാക്കി നിർത്തുക, അവരിൽ കഷ്ടതകളനുഭവിക്കുന്ന മനുഷ്യരെ സേവിക്കുന്നതിനുള്ള യഥാർഥ വികാരം ജനിപ്പിക്കുക എന്നതാണ്.

ഖുദ്ദാമുൽ അഹ്മദിയ്യായ്ക്ക് യുവാക്കളുടെ സംഘടനയാണെന്ന കാരണത്താൽ മറ്റ് സംഘടനകളെ അപേക്ഷിച്ച് സൃഷ്ടിസേവനത്തിനുള്ള ധാരാളം അവസരങ്ങൾ ലഭിക്കു ന്നു. പ്രകൃതിദുരന്തങ്ങളും സേനാനഷ്ടങ്ങളും തുടങ്ങി ദരിദ്രരെയും, ആവശ്യക്കാരെയും അനാഥരെയും അഗതികളെയും നിഷ്കളരും നിരാശ്രയരും നിരാലംബരുമായ ജയിൽവാസികളെ സഹായിക്കുന്നതിനും അവർക്ക് നിയമപരവും സാമ്പത്തികവും മറ്റ് ചെറിയ ചെറിയ പ്രശ്നങ്ങളെ പരിഹരിക്കലും വരെയുള്ള സേവനങ്ങൾ ചെയ്യുന്നതിനുള്ള അവസരം ഖുദ്ദാമുൽ അഹ്മദിയ്യാക്ക് ലഭിക്കുന്നുണ്ട്.

## പ്രാരംഭ സൃഷ്ടിസേവനങ്ങൾ

- ജാതിമത ഭേദമന്യേ നിരാലംബർക്കും നിരാശ്രയർക്കും വിധവകൾക്കും സാധുക്കൾക്കും പണമായും സാധനങ്ങളായും വിഭവങ്ങളായും വസ്ത്രങ്ങളായും സഹായിക്കുക.
- വിധവകളുടെയും, രോഗികകളുടെയും, ചലനശേഷിയില്ലാത്തവരുടെയും സുഖവിവരങ്ങൾ അന്വേഷിക്കുക, അവർക്കാവശ്യമുള്ള സാധനങ്ങൾ എത്തിച്ച് കൊടുക്കുക തുടങ്ങിയവ.
- യാത്രക്കാർക്ക് വഴി പറഞ്ഞു കൊടുക്കുക, അവരുടെ ലക്ഷ്യത്തിലേക്ക് സാധനങ്ങൾ എടുത്ത് എത്തിച്ചു കൊടുക്കുക.
- രോഗപകർച്ച തടയുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക. ഉദാ: പൊതുവഴിയും അഴുക്കുചാലുകളും ശുചീകരിക്കുക, ഈച്ച, കൊതുക് തുടങ്ങിവയെ ഇല്ലാതാക്കുന്നതിനായി ശ്രമിക്കുക. 1938–39 കാലഘട്ടങ്ങളിൽ ഖാദിയാനിലെ പൊതുവഴികളിലുള്ള അഴുക്കുചാലുകളിൽ ആഴ്ച തോറും മണ്ണെണ്ണ സ്പ്രേ ചെയ്യുമായിരുന്നു.
- സാധുക്കൾക്കായി മുഹല്ലകളിൽ നിന്ന് ഗോതമ്പ് പൊടി സ്വരുക്കൂട്ടി അവരെ സഹായിക്കുക.
- വാർഷിക ജൽസകളിലും, മജ്‌ലിസ് ശൂറാവേലകളിലും എത്തുന്ന അതിഥികളെ സേവിക്കുക.
- വിവാഹവേളകൾക്കായുള്ള സംവിധാനങ്ങൾ ഒരുക്കുക.
- തീപിടുത്തം ഉണ്ടാകുമ്പോൾ തീ അണയ്ക്കുന്നതിനായി സേവനം അനുഷ്ഠിക്കുക.
- കുട്ടികളെ കാണാതായാൽ അവരെ കണ്ടു പിടിക്കുന്നതിനായി കഴിവിന്റെ പരമാവധി ശ്രമിക്കുക.
- കഫൻ പൊതിയുന്നതിലും ഖബറടക്കത്തിനും സഹായിക്കുക. നിർധനർക്കായി കഫൻ സംഘടിപ്പിച്ച് നൽകുക. സന്തപ്ത കുടുംബാംഗങ്ങളെ സഹായിക്കുക.
- അന്യമതക്കാരുടെ സംഘടനകൾക്കും ജൽസകൾക്കും പ്രതിഫലേച്ഛ കൂടാതെ സേവനം നൽകുക. നമ്മുടെ ജൽസകളിലും മറ്റും അനിവാര്യമായ സംവിധാനങ്ങൾ ചെയ്യുക.

## മറ്റ് സേവനങ്ങൾ

- 1950ൽ ഉണ്ടായ പ്രളയത്തിൽ റബ്‌വ മറ്റ് പ്രദേശങ്ങളിൽ നിന്നും തികച്ചും വിഛേദിക്കപ്പെട്ട അവസ്ഥയിലായിരുന്നു. റബ്‌വയിലെ ഖാദിമുകൾ റബ്‌വയിൽ നിന്നും അഹ്മദ് നഗർ വരെ വഹാറെ അമലിലൂടെ ഒരു വഴി ഉണ്ടാക്കി. 800 പേരായിരുന്നു അതിൽ പങ്കാളികളായത്.
- 1955 ൽ പഞ്ചാബിലുണ്ടായ പ്രളയത്തിൽ ഖാദിമുകൾ വളരെ മഹത്തായ സേവനങ്ങൾ കാഴ്ച വെച്ചു.
- 1973, 2010, 2011 വർഷങ്ങളിൽ പാക്കിസ്ഥാനിലുണ്ടായ പ്രളയത്തിൽ ഖുദ്ദാമുൽ അഹ്മദിയ്യാ സമാനതകളില്ലാത്ത സേവനമാണ് കാഴ്ച വെച്ചത്.
- കൂടാതെ സൗജന്യ മെഡിക്കൽ ക്യാമ്പ്, രക്തദാന ക്യാമ്പ്, ത്വാഹിർ ഹോമിയോപതിക് ഡിസ്പെൻസറി തുടങ്ങിയവയിലൂടെയും സൃഷ്ടിസേവനത്തിനുള്ള അവസരങ്ങൾ അന്വേഷിച്ചു കൊണ്ടിരിക്കുന്നു.

(അൽഫള്ൽ ദിനപത്രം, 28.12.11)



# ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) ന്റെ സന്ദേശങ്ങൾ

## മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഇജ്തിമകളിലും അത്ഫാൽ റാലികളിലും ഹുസൂർ നല്കിയ ഉപദേശങ്ങളുടെ സമാഹാരം.

### തബ്ലീഗ് 1997

എങ്ങനെ കൈകാലുകൾ ചലിപ്പിക്കണം, ശരീരം എങ്ങനെ നിയന്ത്രിക്കണമെന്നൊക്കെ വിശദീകരിച്ചുകൊണ്ട്. നിങ്ങളൊരാൾക്ക് നീന്തലിനെ കുറിച്ച് എത്ര ക്ലാസെടുത്താലും, ഇനി അയാൾ ആ വിഷയത്തിൽ P.hD എടുത്താലും ശരി, അയാളെ പിടിച്ച് വെള്ളത്തിലിട്ടാൽ മുങ്ങിത്താഴും. ലോകചരിത്രം നോക്കുകയാണെങ്കിൽ, വെറും അകാദമിക ജ്ഞാനം മാത്രം നേടിയ ആ ഗവേഷകൻ പരിശീലനത്തിന്റെ അഭാവത്തിൽ വെള്ളത്തിൽ മുങ്ങിപ്പോവുമെന്ന് വ്യക്തമാകും. ഇത് പ്രകൃതി നിയമമാണ്. അവരെ തബ്ലീഗ് പ്രവർത്തനങ്ങളിലേർപ്പെടുത്താൻ നിങ്ങൾ തന്നെ അവരെ കൈപിടിച്ചു നടത്തണം. പദ്ധതികൾ ആവിഷ്ക്കരിച്ച് അവയെ വിഭജിച്ചു നൽകുക. ഇനി എത്ര പേർ തബ്ലീഗ് ചെയ്യാൻ ആഗ്രഹിക്കുന്നോ അത്രയും പേരെ സഹായിക്കാനുള്ള ആൾക്കാരെ നിങ്ങൾക്ക് ആവശ്യമായി വരും. ഇത്തരം പ്രവർത്തനങ്ങളിലൂടെ നമ്മുടെ രാജ്യം മുഴുവൻ വ്യാപിക്കുന്ന രീതിയിലുള്ള മാനവശേഷി വികസിച്ചു വരും.

പക്ഷേ, തുടക്കത്തിൽ തന്നെ വാളുകൊണ്ട് പരിവർത്തനം ചെയ്യാമെന്ന് കരുതുന്ന മുസ്ലീംകളല്ല നാമെന്നവർക്ക് പറഞ്ഞു കൊടുക്കുക. എയർക്രാഫ്റ്റുകളിൽ സ്ഫോടനം നടത്തുന്നവരല്ല നാം. വാളിന്റെ ശക്തികൊണ്ട് ഹൃദയങ്ങളെ മാറ്റി മറിക്കാമെന്ന് കരുതുന്നവരുമല്ല. വാളുകൊണ്ട് പരിവർത്തനം ചെയ്യാമെന്ന് കരുതുന്നവരുടെ ഉദ്യമങ്ങൾക്ക് ഇരകളായവരാണ് നാം. നാമവർക്ക് കഴുത്ത് നീട്ടിക്കൊടുത്തു. പക്ഷേ, മാറിയില്ല. ബുദ്ധിയും യുക്തിയും കൊണ്ട് നാം മറ്റുള്ളവരെ മാറ്റിയെടുക്കും. ആദ്യം നിങ്ങളാരാണെന്ന് പരിചയപ്പെടുത്തണം. എന്നിട്ട് ആർക്കൊക്കെ താല്പര്യമുണ്ടെന്നാരായുക. ശേഷം നിങ്ങൾക്ക് പറയാനുള്ളത് പറയുക. ഉദാഹരണത്തിന് നിങ്ങളുടെ ലൈബ്രറിയിലേക്ക് വിശുദ്ധ ഖുർആൻ പ്രതി സംഭാവന നൽകാനുദ്ദേശിക്കുന്നുവെന്ന് പറയുക.

പദ്ധതികൾ ആവിഷ്കരിക്കാൻ അല്ലാഹുതആല സഹായിക്കുമാറാകട്ടെ. എന്റെ ഇന്നത്തെ ഓരോ അമീറും മനസ്സിലാക്കണം, ഇന്ന് മുമ്പത്തേതിലേതുമധികം എനിക്ക് കടമകൾ പൂർത്തിയാക്കാനുള്ള കരുത്തുണ്ട്. നിങ്ങൾ പ്രാർഥനകൾ വിസ്മരിച്ചു പോകരുത്. ഞാൻ നിങ്ങളെ വീണ്ടും വീണ്ടും ഈ വിഷയത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നതാണ്. പ്രാർഥന ഓരോ പ്രവർത്തനത്തെയും എളുപ്പമാക്കും. പ്രാർഥനയുടെ അഭാവത്തിൽ ഏതുത്തതമമായ ഉപാധിയും ഉപയോഗശൂന്യമായിത്തീരും. ആത്മീയ ലോകത്ത്, പ്രാർഥനയ്ക്ക് മഹിതമായ ഒരു സ്ഥാനമുണ്ട്.

### ഉദ്ബോധനം 1996

ഫീൽഡിൽ പ്രവർത്തിക്കുന്ന ഒരാൾക്ക് bite പുതിയ ഊർജ്ജം നൽകുന്നു. ഞാൻ ക്രിക്കറ്റുമായി ബന്ധപ്പെടുത്തിയാണ് bite എന്ന പദം ഉപയോഗിക്കുന്നത്. ഒരു ബൗളർക്ക് തുടക്കത്തിൽ തന്നെ bite ലഭിച്ചാൽ അയാൾ അസാധ്യമായി കളിച്ച് കളിക്കളം തന്നെ അധീനമാക്കും. ഒരു പുതിയ ബൗളർ അയാളിൽ ഉദയം ചെയ്തതായിത്തോന്നും. ഇനി അയാൾക്ക് bite ലഭിച്ചില്ലെങ്കിലോ അയാൾ വിഷാദചിത്തനായിമാറും. കളിയുടെ ഗതിയിൽ പ്രത്യേകിച്ചൊരു പങ്കുമില്ലാത്ത ഒരു വ്യക്തിയായിച്ചുരുങ്ങിപ്പോകും. തങ്ങളെക്കൊണ്ടാവുന്നത് ചെയ്യാൻ അവർ കിണഞ്ഞു പരിശ്രമിക്കുന്നതായിക്കാണാം. എന്നാൽ, അവർക്ക് പരാജയമനോഭാവമായിരിക്കും. പക്ഷേ, ബൈറ്റ് ലഭിച്ചവർക്ക് എപ്പോഴും ജയിക്കുമെന്ന ആത്മവിശ്വാസം നിറയും. ഒരിക്കലും തോൽക്കില്ലെന്ന് തോന്നും എന്നിരിന്നാലും അടുത്ത തവണ അതും സംഭവിക്കും. ഒരു നല്ല ദായീ ഇലല്ലാഹ് യും ഇത്തരക്കാരും തമ്മിലുള്ള വ്യത്യാസം bite ന്റെ കാര്യത്തിലുള്ള സ്ഥിരതയാണ്. ഒരിക്കൽ അല്ലാഹു അവർക്കത് നൽകി കഴിഞ്ഞാൽ പിന്നീടൊരിക്കലും അവർ ഈ ഗുണം നഷ്ടപ്പെടുത്തുകയില്ല. അത് വർദ്ധിച്ച് കൊണ്ടേ പോകും.

### ഇജ്തിമ 1991 വുളുവിന്റെ പ്രാധാന്യം.

എങ്ങനെ പ്രാർഥിക്കണം, അതുമായി ബന്ധപ്പെട്ട കടമകൾ എന്തൊക്കെയാണ്, വുളു, വുളു മുറിയുന്ന കാര്യങ്ങൾ, പ്രാർഥനകൾ സ്വീകാര്യത ലഭിക്കുമാറ് എങ്ങനെ മികച്ചതാക്കാം, പ്രാർഥനകളെ ദോഷമായി ബാധിക്കുന്നതെന്തൊക്കെ തുടങ്ങിയവയെ കുറിച്ച് ഒരു മുസ്ലിം നിർബന്ധമായും അറിഞ്ഞിരിക്കണം. ഞാൻ അഹ്മദി മുസ്ലീംകളുടെ പ്രാഥമികമായ കാര്യങ്ങളെക്കുറിച്ച് വളരെയധികം ചിന്താകുലനാണ്. അവയാണ് വിശ്വാസത്തിന്റെ അടിസ്ഥാനവും നട്ടെല്ലും.

### ഇജ്തിമ 1992 ഖാഇദിന്റെ കടമകൾ

തലമുറകൾ പൂർവ്വികരിൽ നിന്ന് ഫലമെടുക്കുന്നു. നാം അതിനെക്കുറിച്ച് ബോധവാന്മാരായിരിക്കണം. മുൻകഴിഞ്ഞ ഖാഇദുമാരുടെ പ്രവർത്തനങ്ങളിൽ നിന്ന് വരാനിരിക്കുന്ന ഖാഇദുമാരും ഭാരവാഹികളും നേട്ടം കൊയ്യുന്ന കാലം സമീപഭാവിയിൽ തന്നെ വരും. നാമിതുവരെ നേടിയതിനേക്കാൾ ഉന്നതവും ഉദാത്തവുമായ നേട്ടങ്ങളിലേക്ക് നാം പുരോഗമിക്കുമാറാകട്ടെ!

**ഇജ്തിമ 1993**

## ആരാധനാ നിമഗ്നത

പുരോഗമനം വേണ്ട ചില വിഷയങ്ങളിലെ അലംഭാവം എന്നെ വല്ലാതെ വ്യാകുലനാക്കുന്നു. നിങ്ങളുടെ നേതാവെന്ന നിലക്ക് നിങ്ങളോരോരുത്തരും ആരാധനാ നിമഗ്നരാവുന്നത് വരെ എനിക്ക് തൃപ്തിയാവുകയില്ല. പ്രാർത്ഥനയുടെ കാര്യത്തിൽ നബിതിരുമേനി(സ) കരയിൽ പിടിച്ചിട്ട മത്സ്യത്തെ പോലെയായിരുന്നു. അങ്ങയുടെ എല്ലാ സന്തോഷത്തിന്റെയും ഊർജ്ജത്തിന്റെയും സ്രോതസ്സ് അതായിരുന്നു.

എന്നെ ചിന്തിപ്പിക്കുന്ന വിഷയങ്ങളിലൊന്ന് നമസ്കാരമാണ്. ഖുദ്ദാം നമസ്കാരക്കാരാവുന്നത് വരെ എനിക്ക് സമാധാനം ലഭിക്കില്ല. അവർക്ക് പള്ളിയിൽ പോകാൻ കഴിയുന്നില്ലെങ്കിൽ കുറഞ്ഞപക്ഷം അഞ്ച് നേരവും സഹോദരങ്ങളെ വിളിച്ചു കൂട്ടി നമസ്കാരം ഒരുമിച്ച് അനുഷ്ഠിക്കുകയും, വീടുകളെ ചെറിയ പള്ളികളാക്കി മാറ്റുകയും ചെയ്യുന്നുവെന്ന മനസ്സമാധാനമെങ്കിലും എനിക്ക് വേണം. ഇതു സംഭവിച്ചാൽ അവർ സൃഷ്ടിപ്പിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്കടുത്ത് വരും. ആരാധന ഒരു യാത്രയുടെ തുടക്കമാണ്. നാം പ്രാർത്ഥനയുടെ നിലവാരം ഉയർത്തേതുണ്ട്. കാരണം, പരിശോധിച്ചു നോക്കിയാൽ നമ്മുടെ പ്രാർത്ഥനകളിൽ ഒരു പാടു വീഴ്ച്ചകൾ സംഭവിച്ചതായിക്കാണാം. ഞാൻ ആരാധനകളെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ചു പറയുന്നതിൽ നിങ്ങൾക്ക് മടുപ്പ് തോന്നരുത്. കാരണം, പ്രാർത്ഥന മടുത്തവന് ജീവിതം മടുത്തു. അത് ശാശ്വത ജീവിതത്തിന്റെ ആത്മാവാണ്.

---

**ഇജ്തിമ 1995**

## എങ്ങനെയാണ് ഇസ്ലാം എല്ലാ വിഭജനങ്ങളെയും അവസാനിപ്പിക്കുന്നത്.

അഹ്മദിയ്യത്ത് വിവിധ സംഘടനകളായി വിഭജിക്കപ്പെട്ടിട്ടില്ലെന്ന് നാം നല്ലവണ്ണം മനസ്സിലാക്കണം. അത് വിവിധ നിറത്തിലുള്ള പൂക്കൾ കൊണ്ടുണ്ടാക്കിയ ബൊക്ക പോലെയാണ്. ഓരോ പൂവും ഒരു പ്രത്യേകവംശത്തെ പ്രതിനിധാനം ചെയ്യുന്നു. ഈ വർഷത്തെ ഇജ്തിമ തന്നെ അതിനുള്ള തെളിവാണ്. ജീവിതത്തിന്റെ വിവിധ മേഖലകളിൽ നിന്നും വിവിധ രാഷ്ട്രങ്ങളുടെ പ്രാതിനിധ്യം വഹിച്ചും നിരവധി പുതിയ ആളുകൾ ഇവിടെയെത്തിയിട്ടുണ്ട്. ഇത് നല്ലൊരു കാര്യമാണ്. നാം ഒന്നായിത്തീർന്ന് എല്ലാവിധ സാംസ്കാരിക, വംശീയ, രാഷ്ട്രീയ വ്യത്യാസങ്ങളും മാറ്റിവെച്ച് അഹ്മദിയ്യത്തിന്റെ ഏകതയിൽ തന്മയീഭവിച്ചാണ് ജമാഅത്തിന്റെ പരിപാടികളിൽ നാം പങ്കെടുക്കുകയും ചെയ്യുന്നുവെന്നത് സുപ്രധാനമാണ്.

**ഇജ്തിമ 1996**

## ദായീനെ ഇലല്ലാഹ് യുടെ ഉത്തരവാദിത്വങ്ങൾ.

ദായീനെ ഇലല്ലാഹ് എന്ന നിലയിലുള്ള നിങ്ങളോരോരുത്തരുടെയും ഉത്തരവാദിത്വം നിങ്ങളെ ഓർമ്മിപ്പിക്കട്ടെ! യു.കെ യിലെ ഖുദ്ദാമുൽ അഹ്മദിയ്യാ മാത്രമല്ല, മുഴുവൻ യു.കെ ജമാഅത്തും പിന്നാക്കം പോയിരിക്കുന്ന ഒരു മേഖലയാണിത്. ഞാൻ പല തവണ നിങ്ങളെ ഉണർത്താൻ ശ്രമിച്ചു. പക്ഷേ, പ്രബോധന മേഖലയിൽ നിങ്ങൾ മടിച്ചു നിൽക്കുന്നു. ഇത് നിങ്ങൾക്കത്ത്യാവശ്യമാണ്. കാരണം, തന്റെ കേന്ദ്രം വിട്ടൊഴിയേണ്ടിവന്ന ഖലീഫത്തുൽ മസീഹിന്റെ മർക്കസായി യു.കെ യെ അല്ലാഹുവാണ് തിരഞ്ഞെടുത്തത്; വർഷത്തിന്റെ മുക്കാൽ പങ്കും ഇവിടെ ജീവിക്കാൻ, നിങ്ങളോടൊപ്പം കഴിയാൻ, എപ്പോഴും നിങ്ങൾക്ക് ലഭ്യമാവാൻ. അതിനാൽ നിങ്ങളുടെ തബ്ലീഗ് രംഗത്തെ ആലസ്യം നിങ്ങൾക്ക് ശോഭ നൽകുന്നില്ല. ദൈവം നിങ്ങൾക്ക് മാത്രമായി കനിഞ്ഞു നൽകിയ ഈ അപൂർവ്വ സൗഭാഗ്യത്തിന് നിങ്ങൾ നന്ദി കാണിക്കുക.

ഞാൻ നിങ്ങളെ ഉണർത്താൻ ഉദ്ദേശിക്കുന്നു, നിങ്ങളോരോരുത്തരും പ്രയോജനപ്രദരാവണമെന്നും ഓരോ അഹ്മദിയെ കൂടി ഉണ്ടാക്കിയെടുക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ലോക അഹ്മദിയ്യാ ജമാഅത്തിന്റെ വളർച്ചക്കനുപാതമായി വളരാൻ യു.കെക്കിത് അത്യാവശ്യമാണ്. നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വം വിസ്മരിച്ചാൽ അത് അഹ്മദിയ്യത്തിന് വലിയ നഷ്ടമുണ്ടാക്കും. എന്തെന്നാൽ, അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹമായി ഞാനെടുത്തു പറഞ്ഞ കാര്യം ഞാനിവിടെയുണ്ടെന്ന കാര്യം ശത്രുക്കളെ വേദനിപ്പിക്കുന്നു. അവർ ഇഗ്ലണ്ടിനെ എതിർപ്പിന്റെ കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു. പാകിസ്താനു വെളിയിലുള്ള കൃത്യങ്ങളിൽ മുക്കാൽ പങ്കും ഇവിടെയാണ് മെനയപ്പെടുന്നത്. അതിനാൽ ശത്രു അഹ്മദിയ്യത്തിനെ പരാജയപ്പെടുത്താനും അതിന്റെ വികസനത്തിന് തടയിടാനും മുൻപത്തേതിലേറെ ശ്രമിച്ചു കൊണ്ടിരിക്കുമ്പോൾ, അതേ ശക്തിയോടെയും ദാർഢ്യത്തോടെയും സത്യസന്ധതയോടെയും ആത്മാർത്ഥതയോടെയും നിങ്ങളും പ്രതികരിക്കുന്നില്ലെങ്കിൽ പിന്നെ നിങ്ങൾ ജീവനുള്ളൊരു ജമാഅത്തല്ല. അതിൽ ഒരു സംശയവുമില്ല, സംശയത്തിന്റെ കണിക പോലുമില്ല. അല്ലാഹുവിന്റെ ഇച്ഛ നിറവേറ്റുക തന്നെ ചെയ്യും. പക്ഷേ, അല്ലാഹു ഇഷ്ടപ്പെടുന്നത് സ്വന്തം ഇച്ഛയാൽ അത് ചെയ്യുന്നവരെയാണ്. ഈ ഭൂമിയിൽ വിശ്വാസികൾ കാഴ്ച്ചവെക്കുന്ന നിശ്ചയദാർഢ്യമാണ് സ്വർഗ്ഗത്തിൽ നിന്ന് പ്രതിഫലിക്കുന്നത്. പിന്നീട് കാര്യങ്ങൾ യാഥാർത്ഥ്യമാവുന്നു. എന്നാൽ ഈ ഇച്ഛ നിങ്ങളുടെ ഹൃദയത്തിൽ ജനിക്കുന്നില്ലെങ്കിൽ നിങ്ങൾ ഇത് ചെയ്യണമെന്ന് നിശ്ചയിച്ചുറപ്പിക്കുന്നില്ലെങ്കിൽ സ്വർഗ്ഗീയേച്ഛ നിങ്ങളുടെ തിളക്കമറ്റ അർദ്ധഹൃദയത്തോടെയുള്ള നീക്കത്തിനൊപ്പം നില്ക്കില്ല. നിങ്ങൾ ഈ ഉദ്ദേശത്തിന് മാത്രമല്ലാതെ അവനവനു വേണ്ടി മുസ്ലീംകളിൽ നിന്ന് പ്രതീക്ഷിക്കപ്പെടുമ്പോലെ നിരന്തരമായി പ്രാർത്ഥിക്കുമ്പോൾ കുറഞ്ഞത് ദിവസം 5 നേരം, സാധ്യമെങ്കിൽ തഹജ്ജുദും നിങ്ങൾ യഥാർത്ഥത്തിൽ ശരിയായ മുസ്ലിമായി മാറും. പിന്നെ ഇൻശാ അല്ലാഹ്. നിങ്ങൾ തന്നെ അത്ഭുതപ്പെട്ടു പോകുന്ന രീതിയിലുള്ള കാര്യങ്ങൾ നിങ്ങളിൽ നിന്ന് സംഭവിക്കും. അവ അതിമഹത്തായ കാര്യങ്ങളായിരിക്കും. ഇൻശാ അല്ലാഹ് നിങ്ങൾ ഉണരുകയാണെങ്കിൽ.

ഞാൻ നിരന്തരം പ്രതീക്ഷിക്കുകയും ഒരുപാടു പറയുകയും ചെയ്തത് പോലെ നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വങ്ങൾക്കനുസരിച്ചുണരുകയാണെങ്കിൽ ഈ രാജ്യത്തിലെ അഹ്മദികളുടെ വരും തലമുറകളുടെ നട്ടെല്ല് നിങ്ങളായിരിക്കും. അങ്ങനെയാണെങ്കിൽ, ഈ മണ്ണിൽ ഒരു വിപ്ലവം ഉദയം ചെയ്യും. അത് പാശ്ചാത്യ രാജ്യങ്ങളിലേക്ക് വ്യാപിക്കും ഇൻശാ അല്ലാഹ്.

---

**രണ്ടാമത്തെ ഇജ്തിമ 1996**

## അവനവനു വേണ്ടിപ്രാർത്ഥിക്കുക.

അഹ്മദികളെ ശരിയായ രീതിയിൽ സമീപിച്ചാൽ അവർ പ്രത്യുത്തരം നൽകുമെന്ന് എനിക്ക് എന്റെ അനുഭവം കൊണ്ടറിയാം. എന്തെന്നാൽ അവർ ഉറക്കത്തിലാണ് *(അതായത് നിർജ്ജീവരല്ല)* എന്റെ ഉപദേശം നിങ്ങൾ നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ച് കൊണ്ടിരിക്കുക എന്നതാണ്. നിങ്ങൾ നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുമെന്ന് അല്ലാഹുവിനെ ആരാധിക്കാൻ അവനോട് തന്നെ സഹായമഭ്യർത്ഥിക്കുമെന്നും വാക്കു തരണം. അല്ലാഹു പ്രാർത്ഥനക്ക് നൽകുന്ന പ്രത്യുത്തരം നിങ്ങൾ അറിയണമെന്നതാണെന്റെ ഉദ്ദേശം. അതിനേറ്റവും നല്ലത് നിങ്ങൾ പ്രാർത്ഥിക്കാൻ തുടങ്ങുകയും ദൈവസ്മരണക്കായി നിത്യവൃത്തിക്കിടയിൽ സ്വയം കത്തുകയും ചെയ്യുക എന്നതാണ്. ദുഃആ സ്വീകാര്യതയുടെ മാധുര്യമറിയിച്ചു തരാൻ ദൈവത്തോട് യാചിക്കുക. അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ സ്മരിച്ച് കൊണ്ടും മുഹമ്മദ് നബി (സ) യുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊും ദുഃആ ചെയ്യാൻ തുടങ്ങുക.

ഈ ഇജ്തിമയിൽ പങ്കെടുത്ത എല്ലാവർക്കും അല്ലാഹുതആല ഒരു പുതുജീവൻ നൽകുമാറാകട്ടെ. നിങ്ങൾക്കെല്ലാവർക്കും നന്മ ആശംസിക്കുന്നു. ●

ഇജ്തിമ 1998

## ആത്മപരിവർത്തനം

ആത്മീയമായ പുനർജനനം ആത്മാവാബോധത്തിലേക്ക് നയിക്കുന്നു. അത് മാത്രമാണ് നിങ്ങളുടെ തമസ്യകൾക്കുള്ള ഏകപരിഹാരം. നിങ്ങൾ നിങ്ങളിൽ തന്നെ ഒരു പുതിയ അഹ്മദിയെ സൃഷ്ടിക്കുന്നതു വരെ അഹ്മദിയ്യത്തിനോടും ഇസ്ലാമിനോടുമുള്ള കടമകൾ പൂർത്തിയാക്കാൻ സാധ്യമല്ല.

അത്ഫാൽ റാലി 1993

## കുട്ടികളും പ്രാർത്ഥനയും

രാവിലെ നമസ്കാരത്തിനായി പോവുമ്പോൾ ഈ ഹാളിൽ തന്നെ ഉറങ്ങിയിരുന്ന ഒരു പാടു കുട്ടികളെ കണ്ടു. ഞാൻ അവിടെ അല്പസമയം നിന്ന് അവരെ ശ്രദ്ധിച്ചു. അധികം കുട്ടികളും നമസ്കാരത്തിനായി പള്ളിയിലേക്ക് പോയിക്കഴിഞ്ഞിരുന്നു. മറ്റുള്ളവർ പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു. ഇത്ര രാവിലെ നമസ്കാരത്തിനെണീറ്റതിന്റെ ക്ഷീണമുണ്ടോയെന്ന് പള്ളിയിൽ എത്തിയ ഓരോ അത്ഫാലുകളെയും ഞാൻ നിരീക്ഷിച്ചിരുന്നു. ഇഷ്ടക്കേടിന്റെ ഒരു ലക്ഷണവും ഞാൻ കണ്ടില്ല. അഹ്മദിയ്യത്തിന്റെ ഭാവി തലമുറയായ നിങ്ങളെ സംബന്ധിച്ച് ഇത് വളരെ നല്ല കാര്യമാണ്. ഇനിയും നിങ്ങൾക്ക് ഇത്തരത്തിൽ തന്നെ ശിക്ഷണം നൽകുകയാണെങ്കിൽ ഇൻശാ അല്ലാഹ്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ രാജ്യത്ത് അഹ്മദിയ്യത്തിന്റെ ഭാവി കൂടുതൽ ശോഭമാവും.

## ശാരീരികാരോഗ്യത്തിന്റെ പ്രാധാന്യം.

അതിനാൽ, നിങ്ങൾ കളിയിലും കായിക വിനോദങ്ങളിലും കൂടുതൽ തൽപരരാവണമെന്നാണ് എനിക്കാഗ്രഹം. അഹ്മദികൾ വളർന്ന് വലിയ ചിന്തകർ മാത്രം ആയാൽ പോരാ. Sports പോലുള്ള മേഖലകളിലും നിങ്ങൾ മികവ് കാണിക്കണം. മാനസിക ആത്മീയ ആരോഗ്യങ്ങൾക്ക് ശാരീരികാരോഗ്യവുമായി വലിയ ബന്ധമുണ്ട്. ആരോഗ്യം സംരക്ഷിച്ചാൽ നിങ്ങളുടെ മാനസിക വളർച്ചയെയും അത് സഹായിക്കും ആത്മീയമായ ആരോഗ്യത്തിന് കായികാരോഗ്യം അത്യാവശ്യമൊന്നുമല്ലെങ്കിലും അത് നിശ്ചയമായും സഹായകമായിരിക്കും. പ്രായമായ ആളുകൾ, ഒരിക്കലും തളരാതെ പ്രാർത്ഥിക്കാൻ കഴിയുന്ന ദിനങ്ങളെ മോഹിച്ച് കൊണ്ട് ജീവിതം മുഴുവൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും കൂടുതൽ ആനന്ദം നേടുകയും ചെയ്യുന്നു. എന്നാലും അസ്വസ്ഥതകൾ കാരണം തങ്ങളുടെ ബാല്യത്തിൽ ചെയ്തത് പോലെ എളുപ്പത്തിൽ വാർദ്ധക്യത്തിൽ പ്രാർത്ഥിക്കാൻ കഴിയുന്നില്ല. ആത്മീയമായി ശക്തിയാർജ്ജിച്ചവരെ നല്ല കാര്യങ്ങൾ ചെയ്യാനും ദൈവത്തെ ആരാധിക്കാനും കായികാരോഗ്യം സഹായിക്കുന്നു.

അത്ഫാൽ റാലി 1997

## സൂറാ ഫാത്തിഹ

നിങ്ങൾ ഇസ്ലാമിനെ കുറിച്ച് പഠിക്കുമ്പോൾ, സൂറാ ഫാത്തിഹയുടെ മഹത്വം മനസ്സിലാക്കുക. ഇസ്ലാമെന്തെന്ന് മനസ്സിലാക്കി തരുന്നതിൽ സൂറാ ഫാത്തിഹ പ്രധാന പങ്ക് വഹിക്കുന്നു. അത് ഖുർആന്റെ മാതാവാണെന്നാണറിയപ്പെടുന്നത്. മാതാപിതാക്കളുടെ എല്ലാ സ്വഭാവ സവിശേഷതകളുമുള്ള കുഞ്ഞ് അമ്മയിൽ നിന്ന് ജന്മമെടുക്കുന്നു.

## കുട്ടികളുടെ കാര്യം

ഉത്തരവാദിത്വം ഖുദ്ദാമുൽ അഹ്മദിയ്യായുടെത് മാത്രമല്ല. കുട്ടികളുടെ പരിപാലനത്തിൽ രക്ഷിതാക്കൾക്കും, ജമാഅത്തിന് മുഴുവനായും ഖുദ്ദാമും അൻസാറും പോലുള്ള ശാഖാ സംഘടനകൾക്കും കൂട്ടായ ചുമതലയുണ്ട്.

സത്യം പറയുക; അസത്യം ഉപേക്ഷിക്കുക. ഇതു കൂടാതെ ഭാരവാഹികൾ കുട്ടികളിൽ ധാർമ്മിക ഗുണങ്ങൾ പഠിപ്പിക്കാൻ ഓർമ്മിപ്പിക്കുകയാണ്. ഏറ്റവും പ്രധാനമായത് കളവ് ശിർക്കാണെന്നും അല്ലാഹുവിനെ പങ്കുചേർക്കലാണെന്നും ഓർമ്മിപ്പിച്ചു കൊണ്ടിരിക്കലാണ്. തമാശക്ക് പോലും മുസ്ലിം കളവ് പറയരുത്. ഇത് നിങ്ങളുടെ സ്ഥിരമായ സ്വഭാവമാക്കി മാറ്റണം. ഒരിക്കലും ഒരു കാര്യത്തിനും കളവ് പറയരുത്. കള്ളം പറയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. കള്ളം പറയാനുള്ള പ്രവണതയുണ്ടാകുമ്പോൾ അത് ഹീനമായ കുറ്റമാണെന്നും തന്റെ ദാസർ കള്ളം പറയുന്നത് അല്ലാഹുവിന് ഇഷ്ടമല്ലെന്നും ഓർക്കുക. കാരണം കള്ളം പറയുന്ന ശീലം നിങ്ങൾ ദൈവവിശ്വാസിയാണെന്ന വാദത്തിന് നിരക്കാത്തതാണ്. കള്ളം പറയുമ്പോൾ നിങ്ങൾ ശൈത്വാനിലാണ് വിശ്വാസമർപ്പിച്ചിരിക്കുന്നത്. എന്തെന്നാൽ, കളവ് ശൈത്വാനിൽ നിന്നുമാണ്. സത്യം ദൈവത്തിൽ നിന്നും. അതുകൊണ്ട് തന്നെ അല്ലാഹുവിന്റെ ഗുണനാമങ്ങളിലൊന്ന് “അൽഹഖ്” (പരമസത്യം) എന്നാണ്.

## മൃദുവായ സമീപനം

മറ്റുള്ളവരോട് നന്നായിപ്പെരുമാറുക. പരസ്പരം ചീത്ത വിളിക്കാതെ നിങ്ങളിൽ ബലഹീനരെ ഉപദ്രവിക്കാതെ മറ്റു കുട്ടികളോടും കരുണയോടെയും ബഹുമാനത്തോടെയും പെരുമാറണം. ദുർബലരെ ബഹുമാനിക്കുക. ദുർബലരെ ബഹുമാനിക്കാൻ പഠിച്ചാൽ നിങ്ങൾ ശക്തരെയും ബഹുമാനിക്കാൻ പഠിക്കും.

ദുർബലരെ ബഹുമാനിച്ചാൽ മാത്രമേ ശക്തരെ ബഹുമാനിക്കുന്നത് ഒരു ധാർമ്മിക ഗുണമായി മാറുകയുള്ളൂ. ദുർബലരെ ബഹുമാനിക്കുന്നില്ലെങ്കിൽ ശക്തരോടുള്ള ബഹുമാനം മാന്യതയുടെയല്ല, ഭീരുത്വത്തിന്റെ ലക്ഷണമാണ്.

തന്നേക്കാൾ ശക്തരായവരെ ബഹുമാനിച്ചില്ലെങ്കിൽ തങ്ങളെ ശരിപ്പെടുത്താൻ കഴിയുന്നവരെ എല്ലാവരും ബഹുമാനിക്കുന്നു. അതിനാൽ ദുർബലരെ ബഹുമാനിക്കാതെ ശക്തരെ മാത്രം ബഹുമാനിക്കുന്നത് നിങ്ങളുടെ ദുർബലതയാണ്. കരുത്തല്ല.

അത്ഫാൽ റാലി 1998

## സൂറാ ഫാത്തിഹ

സൂറാ ഫാത്തിഹയും അർത്ഥവും പഠിക്കാൻ നിരന്തരം ഓർമ്മിപ്പിച്ച് കൊണ്ടേയിരിക്കണം. സൂറാ ഫാത്തിഹ കൂടാതെ അടിസ്ഥാനമായും നിങ്ങൾക്ക് മുസ്ലിമാവാൻ കഴിയില്ല. സൂറാ ഫാത്തിഹ വിശുദ്ധ ഖുർആന്റെ മാതാവാണ്. നിങ്ങൾ ദൈവത്തോടെന്തൊക്കെ അർത്ഥിക്കണം എന്ന അത് പഠിപ്പിക്കുന്നു. അറബിയിൽ ചൊല്ലുമ്പോൾ അർത്ഥം ഓർമ്മിച്ചെടുക്കേണ്ടി വരാത്ത രീതിയിൽ സൂറാ ഫാത്തിഹയും അർത്ഥവും ഒരുമിച്ച് മനപ്പാഠമാക്കണം. നിങ്ങൾ നിങ്ങളുടെ ഭാഷയിൽ ചൊല്ലുമ്പോലെ നിങ്ങൾക്ക് മനസ്സിൽ തെളിയണം.

**No one can harm you as long as you sing the praises of Allah and declare His Unity**

*Hadhrat Mirza Tahir Ahmad (R.A)*

# Huzur's Singapore Visit

## Head of Ahmadiyya Muslim Community Delivers Historic Address in Singapore




1 & 2. Huzur delivered the keynote address at a Welcome Reception held in his honour at the Oriental Mandarin Hotel in Singapore
3. Huzur Arrives in Singapore     5. Discussion with Mr Lee Koon Choy (Former Singapore politician and diplomat) & Mrs Lee

---

# Huzur visits Australia




1. Huzur speaks at Melbourne reception, warns of looming World War.  2. with Major-General Paul McLachlan (Head of Land Systems)
3. Huzur was interviewed by the Australian Broadcasting Corporation (ABC)TV and Radio.  4 & 5. Huzurs' speach on Jalsa Salana 2013

# Huzur's visit to New Zealand




1 & 2. Baitul Muqeet the new Mosque in Auckland, New Zealand. 3 . Huzur delivered the keynote address at Jalsa Salana, New Zealand. 4 & 5. Huzur delivered an historic address at National Parliament in Wellington, NZ. 6. Huzur Presents Quran to Maori King Tuheitia.

# Huzur's visit to Japan

## Head of Ahmadiyya Muslim Community Addresses Historic Reception in Japan




1, 2,3,4 Huzur Addresses at a Special Reception held at the Mielparque Hotel in Nagoya, Japan 5. Huzur delivered Friday sermon from Nagoya, Japan. 6. huzur visits Mount Fuji.


# മനുഷ്യ ശരീരത്തിലെ ആന്തരീക പ്രതിരോധ സംവിധാനം

ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

ആരോഗ്യം





മനുഷ്യന്റെ ആന്തരിക പ്രതിരോധ സംവിധാനത്തെ പൂർണമായ നിലയിൽ മനസ്സിലാക്കാൻ അഗാധമായ പഠനങ്ങൾക്കു ശേഷവും ഇതുവരെ ശാസ്ത്രജ്ഞൻമാർക്കായിട്ടില്ല. പരസ്പരം ബന്ധപ്പെട്ടതും അഭിവൃദ്ധിപ്പെട്ടതുമായ പ്രസ്തുത സംവിധാനത്തെ പരിഹരിക്കാൻ ഒരു മനുഷ്യ നിർമിത പുരോഗമന സിദ്ധാന്തത്തിനും വീക്ഷണത്തിനും സാധിച്ചിട്ടില്ല. പ്രതിരോധത്തിന്റെ ഈ സംവിധാനം സുദൃഢവും പരിപൂർണവുമാണ്.









ശരീരം സ്വീകരിക്കാത്തതോ അല്ലെങ്കിൽ പുറം തള്ളാൻ ആഗ്രഹിക്കുന്നതുമായ ഏതെങ്കിലും വസ്തു പ്രവേശിക്കുമ്പോൾ ആദ്യപടി എന്ന നിലയിൽ ഗ്രന്ഥികൾ ധാരാളം കോശങ്ങൾ ഉൽപാദിപ്പിക്കുന്നു. അത് കള്ളനെ തിരഞ്ഞ് പിടിക്കുകയും അതിനെ വളഞ്ഞ് വെച്ച് കൊണ്ട് എവിടെയാണെന്നും എന്താണെന്നും ഉള്ള വിവരം അറിയിക്കുന്നു. തുടർന്ന് ശരീരം ചില കണികകളെ അയക്കുന്നു. അത് അവയ്ക്കുമേൽ പറ്റിപ്പിടിച്ചു കൊണ്ട് കള്ളനിതാണെന്ന് പറയുന്നു. പിന്നീട് അതെന്താണെന്നും, എത്ര വലുതാണെന്നും, അതിന്റെ ഇന്ന ഇന്ന നിലപാടുകളാണെന്നും, അതിനെ നശിപ്പിക്കുന്നതിനായി ഇന്ന നടപടിയാണ് വേണ്ടതെന്നും പ്രതിരോധത്തിന് അറിയിപ്പ് നൽകുന്നു. അതിനെ തുടർന്ന് പ്രതിരോധ സംവിധാനത്തിൽ ലക്ഷക്കണക്കിന് കോശങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്നു.

ഓരോ ആക്രമണത്തിനും അതിനെ പ്രതിരോധിക്കാൻ കഴിവുള്ള പ്രത്യേകം പ്രത്യേകം കോശങ്ങൾ അനിവാര്യമാണ്. രക്തത്തിന്റെയും അസ്ഥിയുടെയും മജ്ജയിൽ ആവശ്യത്തിനുള്ള വെളുത്തകോശങ്ങൾ അയക്കുന്നു. പുറത്ത് നിന്നുള്ള ആക്രമണത്തെ ചെറുക്കുന്ന കോശങ്ങളാണവ. അവ അതിനോട് പറ്റിച്ചേരുകയും സ്വയം നശിക്കുന്നതിനോടൊപ്പം ശത്രുവിനെയും നശിപ്പിക്കുന്നു. ഈ പ്രതിരോധം ശരീരത്തിൽ എപ്പോഴും തുടർന്നു കൊണ്ടിരിക്കുന്നുണ്ട്.

*(അൽ ഫദ്ൽ ഇന്റർനാഷണൽ)*

പൊതുവിജ്ഞാനം

# സുറയ്യാ (കാർത്തിക)
# Pleiades

(മഹ്മൂദ് അഹ്മദ് അബ്ബൂം)

**ആകാശത്ത് കാണപ്പെടുന്ന അനേകം നക്ഷത്രങ്ങളുടെ ഒരു സമൂഹത്തെയാണ് സുറയ്യ എന്ന് പറയുന്നത്.**

- സുറയ്യ എന്ന അറബി പദത്തിന്റെ അർഥം ധനികൻ എന്നാകുന്നു. ഇംഗ്ലീഷിൽ Pleiades എന്ന് പറയുന്നു. യഥാർത്ഥത്തിൽ ഇത് ഗ്രീക്ക് പദമാകുന്നു. അതിന്റെ അർത്ഥം അരിപ്രാവ് എന്നാകുന്നു.
- ചിലരുടെ അഭിപ്രായത്തിൽ 500 ഉം, മറ്റ് ചിലരുടെ അഭിപ്രായത്തിൽ 625 ഉം ആയ നക്ഷത്രങ്ങളുടെ സമൂഹമാണ് സുറയ്യ.
- അതിൽ നിന്ന് 7 എണ്ണത്തെ മാത്രമേ പ്രത്യക്ഷ കണ്ണുകൾ കൊണ്ട് ദർശിക്കാൻ സാധിക്കൂ. കൂടുതൽ കാഴ്ചശക്തിയുള്ളയാൾക്ക് 11 എണ്ണത്തെ വരെ കാണാൻ സാധിക്കുന്നതാണ്. ചെറിയ ടെലസ്കോപ്പിലൂടെ 100 എണ്ണത്തെ വരെ ദർശിക്കാൻ സാധിക്കുന്നതാണ്.
- ശാസ്ത്രജ്ഞൻമാർ എല്ലാ നക്ഷത്രങ്ങൾക്കും നമ്പർ നൽകിയിട്ടുണ്ട്. സുറയ്യായുടെ നമ്പർ M45 ആകുന്നു.
- ഹേമന്തകാലം മുതൽ വസന്തകാലം വരെ അതിനെ കാണാവുന്നതാണ്.
- ഭൂമിയിൽ നിന്ന് 410 പ്രകാശ വർഷം ദൂരത്താണ് കാർത്തിക എന്നറിയപ്പെടുന്ന സുറയ്യ സ്ഥിതിചെയ്യുന്നത്.

*(അൽ ഫള്ൽ ഇന്റർനാഷനൽ)*








Pleiades star cluster

Printer & Publisher : T.K. Mushtaq Ahmad
Manager : A.T. Nasarudheen
Layout : Quraish
Chief Editor : H. Shamsuddin
Editor : T.M. Abdul Mujeeb
Members : Arif Mohammad , Ameerudheen Sajid

Not for Sale, Circulation among members only
Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut